
Date of publication: 9 ഡിസംബർ 2016
വോള്യം 12 / ലക്കം 6 / വില 20₹
ISSN 2319 – 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



## ക്യാമ്പസ് രചനകൾ

## ക്യാംപസ് കഥകൾ
## സമകാല ജീവിതത്തിന്റെ നേർക്കാഴ്ചകൾ

# സംഘടിത

സംഘടിത|ഡിസംബർ 2016 |വോള്യം 12 |ലക്കം 6

**ചർച്ചാവിഷയം**

ഏകസിവിൽ കോഡും മുസ്ലിം സ്ത്രീകളും **സാജിത മൊയ്തീൻ** 6

10 ബോൺസായ് **അനഘ ടി.ആർ.**

കാർമേഘമേ പോക നീയും കാണട്ടെ ഞാനമ്പിളി മാമനെ **ശാലിനി കെ.ബി.** 13

22 ഇബ്‌ലീസിന്റെ പൂക്കൾ **രജിന കെ.**

27 വേനൽപ്പനിയിലെ ഉയിർശൈത്യം **ലിജിഷ എ.ടി.**

അച്ചാറുകളുടെ ചരിത്രം **മൃദുല പി.** 36

നിറങ്ങൾ ചിതറിയ തീവണ്ടിമുറി(വു)കൾ **ഷഹന എ.** 42



**വായന**

50 എഴുത്തമ്മമാർ : ആത്മത്തിന്റെ അടരുകൾ **ഷീബാദിവാകരൻ**

**ഫോട്ടോ ഫീച്ചർ : വിദ്യാർത്ഥിനികൾ പകർത്തിയ വിദ്യാർത്ഥിനികൾ പകർത്തിയ**

കവിത **ആർദ്ര എസ്.ദർശൻ** 09

കവിത **ഡോ. ദിവ്യ .എൻ .** 12

കവിത **ദീപ എം.** 21

49 വാസ്തവം **ഡോ.ജാൻസി ജോസ്**

54 പുസ്തകയാത്രകൾ **എം.ഡി.രാധിക**

സിനിമ പിങ്ക് 58

37 പെൺപക്ഷം **കെ.അജിത**

61 ശാസ്ത്രം **സീമ ശ്രീലയം**



**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി. എഡിറ്റർ**:ഡോ. ജാൻസി ജോസ് **പത്രാധിപ സമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഡോ. സുനീത ടി.വി., അധ്യ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ചാരുലത എ.എസ്., അമീറ വി.യു, ഡോ.ഷർമ്മിള.ആർ, സോണിയ ജോർജ്, മിനിസുകുമാർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

# അതിഥി പത്രാധിപക്കുറിപ്പ്



മിനിപ്രസാദ്

**ക്യാ**മ്പസുകൾ യുവരക്തത്തിന്റെയും ചിന്തകളുടെയും ഇരിപ്പിടങ്ങളായാണ് എപ്പോഴും പരിഗണിക്കപ്പെടുന്നത്. അതുകൊണ്ടാണ് അവിടെ വേറിട്ടെന്തോ സംഭവിക്കുന്നു എന്ന് ഒരു പൊതുബോധ്യം ഉണ്ടായതും. എൺപതുകളിലെ സജീവമായിരുന്ന ക്യാമ്പസ്സുകളെപ്പറ്റി ഊറ്റം കൊള്ളുന്ന ഇന്നത്തെ മദ്ധ്യവയസ്ക്കർ ഇന്നത്തെ ക്യാംപസുകൾ പൊതുവേ നിർജ്ജീവമാണെന്നു സദാ പരാതിപ്പെടാറുണ്ട്. എൺപതുകളിലെ ക്യാംപസ്സുകളിലെ രാഷ്ട്രീയ സാമൂഹ്യസാമ്പത്തിക സാഹചര്യമേയല്ല ഇന്നത്തെ ക്യാംപസുകളുടേത്. വിവരസാങ്കേതിക വിദ്യയും സൈബർ ലോകവും ഇന്നത്തെ വിദ്യാർത്ഥികൾക്കു മുന്നിൽ തുറന്നിടുന്ന സാദ്ധ്യതകൾ നിരവധിയാണ്. പക്ഷേ ഈ ലോകത്തിന്റെ ക്രമം തെറ്റിയ പോക്കിനോട് വാക്കുകളിലൂടെ വരികളിലൂടെ പ്രതികരിക്കുന്ന പ്രതിഷേധിക്കുന്ന ചില പെൺസാന്നിദ്ധ്യങ്ങളെയാണ് ഈ പതിപ്പിലൂടെ നാം കാണുന്നത്. വിവിധ ക്യാംപസ്സുകളുടെ ഭാഗമാണിവർ. അവർ ജീവിക്കുന്ന അന്തരീക്ഷത്തിൽ നിന്നു തന്നെ വായുവും വെള്ളവും വലിച്ചെടുക്കുന്നു അവരുപയോഗിക്കുന്ന ഭാഷയും ബിംബാവലികളും അതിനനുസൃതമായി വ്യതിയാനപ്പെടുന്നുമുണ്ട്. ഈ കുട്ടികൾ കാലത്തെയും അതിന്റെ മാറ്റങ്ങളെയും രണ്ടു കണ്ണും തുറന്ന് കാണുന്നു. രണ്ടു കാതും തുറന്ന് കേൾക്കുന്നു.



# ഏകസിവിൽ കോഡും മുസ്ളിം സ്ത്രീകളും



സാജിത മൊയ്തീൻ

ഒരു സമൂഹം പരിഷ്കൃതമാകുന്നത് അവരുടേതായ നിയമങ്ങളിലും, നിബന്ധനകളിലും നിന്ന് മുന്നോട്ടു പോകുമ്പോഴാണ്. മനുഷ്യൻ ജീവിക്കുന്ന പരിതസ്ഥിതി മാറ്റങ്ങൾക്കു വിധേയമാണ്. അതു പ്രകൃതി നിയമമാണ്. മതവും, ആചാരങ്ങളുമെല്ലാം മനുഷ്യന്റെ നന്മക്കുവേണ്ടി ഉണ്ടാക്കപ്പെട്ടതാണ്. ഒരു മതവും മറ്റൊരു മതത്തിനെതിരല്ല.ഒരു മതവും, സ്ത്രീയെ പുരുഷനേക്കാൾ താഴ്ത്തി കാണുന്നില്ല. മനുഷ്യ സമൂഹം ആധുനീകരിക്കുന്നതോടൊപ്പം തന്നെ, ചില മാറ്റങ്ങളേയും ഉൾക്കൊള്ളേണ്ടിവരും. നൂറ്റാണ്ടുകൾക്കു മുമ്പു രൂപം കൊണ്ട ഒരു മതം, (അതേതുമാകട്ടേ) അന്നത്തെ സമൂഹത്തേയും, സാഹചര്യത്തേയും ഉൾക്കൊണ്ട് രൂപപ്പെട്ടതാണ്. ഇന്നും അതു പറയുന്ന നിയമങ്ങൾ അതേപടി അനുവർത്തിക്കാൻ ആധുനിക സമൂഹത്തിനാവില്ല.അതിലെ നന്മകളെയാണ് നാം അനുവർത്തിക്കുന്നത്. ഇത് രാഷ്ട്രീയ പാർട്ടികളുടെ തത്വസംഹിതകൾക്കും, രാജ്യത്തിന്റെ നിലവിലുള്ള നിയമങ്ങൾക്കും ബാധകമാണ്.

ഒട്ടനവധി മതങ്ങളും,ആചാരനുഷ്ഠാനങ്ങളും നില നിൽക്കുന്ന ഇന്ത്യയെ പോലുള്ള ഒരുരാജ്യത്ത് ഏകസിവിൽകോഡ് അനിവാര്യമോ എന്നതാണ് ഇന്നത്തെ ചർച്ചാവിഷയം. മുത്തലാഖ് പോലുള്ള സ്ത്രീവിരുദ്ധനിയമങ്ങളും, ശരീഅത്തിലെ പുരുഷകേന്ദ്രീകൃതനിയമങ്ങളും ഇല്ലാതാകും എന്ന ഉത്കണ്ഠയാണോ



**ശരീഅത്ത് പ്രകാരമുള്ള വിവാഹ മോചനം ഇപ്രകാരമാണ്: ഭാര്യയെ തലാഖ് ചൊല്ലി വിവാഹമോചനം നടത്തി അതേ വീട്ടിൽ അദ്ദേഹ ത്തിന്റെ ചില വിൽ താമസിപ്പിക്കേ ണ്ടതാണ്. ഇത് ഒരു വീണ്ടുവിചാര ത്തിനു അവസരം കൊടുക്കുന്നു. എന്നിട്ടും യോജി ച്ചു പോകാൻ പറ്റിയില്ലെങ്കിൽ രണ്ടാമത്തെ തലാഖ് ചൊല്ലണം. ഇതിനുശേ ഷവും ഒരുവീട്ടിൽ തന്നെ കഴി യണം. എന്നിട്ടും ഒന്നിച്ചു പോ കാൻ സാധിച്ചില്ലെ ങ്കിൽ മാത്രമേ മൂന്നാമെത്ത തലാഖ് ചൊല്ലി വിവാ ഹബന്ധം വേർപ്പെടുത്താൻ പാടുള്ളൂ.**

ഏകസിവിൽ കോഡിനെ ഭയക്കുന്നത് എന്ന സംശ യ മുണ്ട്. അല്ലെങ്കിൽ വ്യക്തമായി പറയട്ടെ മത ത്തെ ഏതെല്ലാം രീതിയിലാണ് ഏകസിവിൽ കോഡ് തകർക്കുന്ന തെന്ന്. അഥവാ മതത്തിൽ നിലവിലുള്ള നിയമങ്ങൾ എങ്ങിനെയാണ് ഒരു സ്ത്രീയെ അംഗീകരിക്കുന്നതും സംരക്ഷിക്കുന്നതു മെന്ന്.

1985 ഏപ്രിൽ 23 ന് ഷഹ്ബാനു കേസുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയാണ് മുത്തലാഖ് ചർച്ചയാക്കിയത്. സുപ്രീംകോടതിക്ക് ഇതു ചോദ്യം ചെയ്യാൻ പാടില്ല എന്നാണ് മുസ്ളീം സംഘടനകൾ പറയുന്നത്.

ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിനല്ലാതെ പിന്നാർക്കാണ് അവകാശം? ഇന്ത്യയിൽ ജീവി ക്കുന്ന ഒരു പൗരന് നീതി നിഷേധിക്കപ്പെടുമ്പോൾ നീതിപീഠം ഒരുസംഘടനയുടേയോ, മതത്തി ന്റേയോ താത്പര്യങ്ങളല്ല നോക്കുന്നത്. മുത്തലാഖ് വിഷയത്തെ രാഷ്ട്രീയവൽക്കരിച്ച്, മുത്തലാഖ് നിരോധി ച്ചാൽ മുസ്ളീം മതം തകർന്നുപോകും എന്നൊക്കെയാണ് ചിലർ പ്രചരിപ്പിക്കുന്നത്. ഇത്ത രത്തിലുള്ള നിയമങ്ങളൊക്കെ സാധാരണക്കാരും പട്ടിണിപാവങ്ങളുമായ സ്ത്രീകളേയും കുട്ടികളേയു മാണ് ബാധിക്കുന്നത്. അവരാണ് ദുരിതങ്ങളനുഭവി ക്കുന്നതും. പല പ്പോഴും സമൂഹത്തിൽ ഉയർന്ന ത ട്ടിലുള്ളവർക്കും,സമ്പത്തുള്ളവർക്കും മുന്നിൽ ഈ നിയമങ്ങളൊക്കെ കണ്ണടക്കാറാണ് പതിവ്. മുസ്ളീം സ്ത്രീകൾ ഭർത്താവിന്റെ പീഠനത്തിനെതിരായോ, വിവാഹമോചന ത്തിനുവേണ്ടിയോ പോലിസി നേയോ കോടതിയേയോ സമീപിച്ചാലും, അന്തിമ തീരുമാനം പള്ളിയിൽ നിന്നാണ്. അവിടെ പ ലപ്പോഴും പുരുഷനനുകൂല മായ തീരുമാനങ്ങളാ ണുണ്ടാവാറ്. ശരീഅത്ത് നിയമങ്ങൾ പറഞ്ഞു അവിടെ സ്ത്രീകളുടെ അവകാശ ത്ത നിഷേധി ക്കുന്നു. ഭൂരിഭാഗം മുസ്ളീം സ്ത്രീകൾക്കും ശരീഅത്ത് നിയമത്തിൽ സ്ത്രീകൾക്കുള്ള അവകാ ശങ്ങളെ പറ്റി അറിയില്ല. മുക്കിലും മൂലയിലും മത സംഘടനകളുടെ നേതൃത്വ ത്തിൽ എത്രയോ മത പ്രഭാഷണങ്ങളും ക്ലാസ്സുകളും നടക്കുന്നു. ഇവ രാരും ഇവിടെയൊന്നും മതം സ്ത്രീകൾക്കനുവധി ച്ച അവകാശങ്ങളെക്കുറിച്ച് പറയാറില്ല,ബോധ

**ബഹുഭാര്യാത്വം ഇഷ്ടം പോലെ നടക്കുന്നു. ഇതെല്ലാം മതനേതാക്കളുടെ നേതൃത്വത്തിൽ നിയ മപ്രകാര മാണോ നടക്കുന്നത്? ഇവിടെയൊക്കെ പാവ പ്പെട്ട സ്ത്രീകൾ വഞ്ചിക്കപ്പെടുകയാണ്. ഭാര്യയുടെ അനുമതിയില്ലാതെ മറ്റൊരു**




**വിവാഹം കഴിക്കാൻ മതനിയമം അനുവദിക്കുന്നുണ്ടോ? ഇങ്ങനെ മതത്തിനുള്ളിലെ അനാചാരവും, അനീതിയും നീക്കാതെ ഏകസിവിൽ കോഡിനെ എതിർക്കുന്നത് മതം തകരുമെന്നു ഭയന്നോ, അതോ പുരുഷമേധാവിത്വം തകരുമെന്നു ഭയന്നോ?**

വൽക്കരിക്കാറില്ല. കേരളത്തിൽ മുസ്ലീംങ്ങൾക്കിടയിൽ നടന്നിട്ടുള്ള വിവാഹ മോചനങ്ങളെല്ലാം മഹല്ലുകളിടപെട്ടും, ശരിഅത്ത്നിയമം അനുസരിച്ചും ആണെന്നു ഏതെങ്കിലും മതനേതാവിന് പറയാനൊക്കുമോ?

ബഹുഭാര്യാത്വം ഇഷ്ടം പോലെ നടക്കുന്നു. ഇതെല്ലാം മതനേതാക്കളുടെ നേതൃത്വത്തിൽ നിയമപ്രകാരമാണോ നടക്കുന്നത്? ഇവിടെയൊക്കെ പാവപ്പെട്ട സ്ത്രീകൾ വഞ്ചിക്കപ്പടുകയാണ്. ഭാര്യയുടെ അനുമതിയില്ലാതെ മറ്റൊരു വിവാഹം കഴിക്കാൻ മതനിയമം അനുവദിക്കുന്നുണ്ടോ? ഇങ്ങനെ മതത്തിനുള്ളിലെ അനാചാരവും, അനീതിയും നീക്കാതെ ഏകസിവിൽ കോഡിനെ എതിർക്കുന്നത് മതം തകരുമെന്നു ഭയന്നോ, അതോ പുരുഷമേധാവിത്വം തകരുമെന്നു ഭയന്നോ? ശരീഅത്ത് പ്രകാരമുള്ള വിവാഹ മോചനം ഇപ്രകാരമാണ്: ഭാര്യയെ തലാഖ് ചൊല്ലി വിവാഹമോചനം നടത്തി അതേ വീട്ടിൽ അദ്ദേഹത്തിന്റെ ചിലവിൽ താമസിപ്പിക്കേണ്ടതാണ്. ഇത് ഒരു വീണ്ടുവിചാരത്തിനു അവസരം കൊടുക്കുന്നു. എന്നിട്ടും യോജിച്ചു പോകാൻ പറ്റിയില്ലെങ്കിൽ രണ്ടാമത്തെ തലാഖ് ചൊല്ലണം. ഇതിനുശേഷവും ഒരുവീട്ടിൽ തന്നെ കഴിയണം. എന്നിട്ടും ഒന്നിച്ചു പോകാൻ സാധിച്ചില്ലെങ്കിൽ മാത്രമേ മൂന്നാമെത്ത തലാഖ് ചൊല്ലി വിവാഹബന്ധം വേർപ്പെടുത്താൻ പാടുള്ളൂ. ഏതെങ്കിലും മത നേതാക്കൾക്ക് പറയാനൊക്കുമോ ഇപ്പോൾ മുസ്ലീം മതത്തിൽ നടക്കുന്ന വിവാഹമോചനങ്ങളെല്ലാം ഈ നിയമപ്രകാരമാണെന്ന്. മുസ്ലീം സ്ത്രീകൾക്ക് ഭർ ത്താവിനെ വിവാഹമോചനം നടത്താൻ ഇസ്ലാം മതംനൽകിയിട്ടുള്ള ഖുൽഅക്ക് മുസ്ലീം വ്യക്തിനിയമത്തിൽ ഒരു സ്ഥാനവുമില്ല. ഇതിൽ നിന്നു തന്നെ വ്യക്തമാകും മുസലീം വ്യക്തിനിയമം പുരുഷകേന്ദ്രീകൃതമാണെന്ന്. ഏകസിവിൽകോഡിനെ ശക്തമായി എതിർക്കുന്നവർ നിലവിലുള്ള മുസ്ലീം വ്യക്തിനിയമങ്ങൾ പുന:പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. മുത്തലാഖ് രാജ്യത്ത് ചർച്ചയായി കൊണ്ടിരിക്കുമ്പോൾതന്നെ രാജസ്ഥാനിൽ ഒരു യുവാവ് തെരുവിൽ നാട്ടുകാർ നോക്കിനിൽക്കെ തലാഖ് ചൊല്ലി വിവാഹമോചനം നേടിയിരിക്കുന്നു. ഇത്തരം അനീതിനടക്കുമ്പോൾ മതസ്നേഹമുള്ള സംഘടനകളും, മതനേതാക്കളും എന്തുകൊണ്ടു പ്രതികരിക്കുന്നില്ല? പല മുസ്ലീംരാഷ്ട്രങ്ങളും, തങ്ങളുടെ ജനങ്ങളുടെ ക്ഷേമത്തിനും, നന്മക്കുംം വേണ്ടി ഇത്തരത്തിലുള്ള അനാചാരങ്ങൾ ഉപേക്ഷിച്ചിട്ടുണ്ട്.

ഇവിടെ രാഷ്ട്രീയ പാർട്ടികളായാലും, മതസംഘടനകളായാലും പുരുഷമേധാവിത്വത്തിലധിഷ്ടിതമായ നിയമവ്യവസ്ഥകൾ മാറ്റുന്നതിൽ വൈമുഖ്യം കാണിക്കുകയാണ്. തങ്ങളുടെ വോട്ടു ബാങ്ക് നിലനിർത്താൻ മതങ്ങളിലെ അനാചാരങ്ങളെ എതിർക്കാതിരിക്കുകയാണ്. ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളുടെ കണ്ണു കെട്ടിക്കൊണ്ട് ചിലരുടെ മാത്രം താൽപര്യങ്ങൾ സംരക്ഷിക്കാൻ അതുകൊണ്ടു തന്നെ ഏകസിവിൽകോഡ് അവർക്കൊക്കെ ഭീഷണിയാകുമെന്നതിൽ അതിശയമില്ല.

**കവിത**

ആർദ്ര എസ്.ദർശൻ

# ഒടുവിലത്തെ രക്തസാക്ഷി

ചുമരു തിന്നു വീർത്ത കണ്ണുള്ളവൾ
ഉള്ളിൽ കടലുപേറുന്നു.
വിള്ളലുകളിൽ സ്വപ്നങ്ങളുടെ
ചാപിള്ളയെ പോറ്റുന്നു.
ഉടലിൽ നിലവിളികളൊളുപ്പിച്ച്
മുടിയിൽ വസന്തം ചൂടി
രണ്ടായി പിളർന്ന ചങ്കിന്
ചിരിക്കുപ്പായം തയ്ക്കുന്നു.
പാളിനോട്ടങ്ങളുടെ തീമഴയിൽ
മഞ്ഞുപോലുറഞ്ഞ്
ഇതാ ഒരു 'പെൺപ്രതിമ'
മുഖമില്ലാത്തവൾ....
മരണം മറ്റുള്ളവർക്ക്
തീറെഴുതി കൊടുത്തവൾ
ഇരുട്ട് പ്രാപിച്ചു കൊന്ന
വെയിൽത്തുള്ളി...
തീ നിറത്തിലുള്ള ചെമ്പരത്തികൾ
നിഴലിന്റെ മറവിൽ നട്ടുനനച്ച്
ഏകാന്തതയുടെ മഞ്ഞ പടർന്ന
ഉച്ചകളിൽ, ഒരു വസന്തത്തിന്റെ ചിത
സ്വപ്നം കണ്ടവൾ
ഋതുക്കൾ ഇവൾക്ക് കാമുകർ
ഒടുവിലത്തെ പ്രണയം; മരണം,
നിന്റെ ജിജ്ഞാസകളിൽ
ഒന്നിലേറെത്തവണ
ബലാൽസംഗം ചെയ്യപ്പെട്ട-
കന്യക...
ചരിത്രത്തിന്റെ ഓഹരിച്ചന്തയിൽ
കാലം പലവുരു വിറ്റുതുലച്ചവൾ
കുറ്റബോധത്തിന്റെ ഗർഭം ധരിച്ച്
ചോരയൂട്ടി വളർത്തിയോൾ
ഇവൾ–
തോറ്റുപോയ രക്തസാക്ഷികളിൽ
അവസാനത്തെയാൾ....



അനഘ ടി.ആർ.

*അച്ചുവിന്റെ മൂടിപ്പുതച്ച ശരീരം ആനന്ദേട്ടനെയോളം മറ്റാരെയും വേദനിപ്പിച്ചോ എന്ന മറുചോദ്യം അതേ നിമിഷത്തിൽ മുളച്ചുപൊന്തി അല്ല ഇതൊക്കെ താൻ എങ്ങനെ അറിയാനാണ് താൻ ഒരു അമ്മയല്ലല്ലോ എന്ന നീറ്റലിലേക്ക് അവൾ വീണ്ടും ഉരുകി. അർജുന്റെ കൂർക്കം വലി മന്ദഗതിയിലായി കഴിഞ്ഞു. അവൾക്ക് ഉറങ്ങാനെ കഴിഞ്ഞില്ല.*

# ബോൺസായ്



കുന്നു കയറിപ്പോവുന്ന ഒരു കുട്ടിയുടെ രൂപത്തിൽ നിന്നാണ് അവൾ ഞെട്ടിയുണർന്നത്. പോവരുതേയെന്ന വിളി അവളിൽ നിന്നുയരും മുൻപേ സ്വപ്നം അവസാനിച്ചു കഴിഞ്ഞിരുന്നു. അവൾ വിയർത്തൊലിച്ച് ഉറക്കം നഷ്ടപ്പെട്ടവളായത് അതേ നിമിഷത്തിലായിരിക്കണം. ജനാലച്ചില്ലയിലൂടെ അരിച്ചിറങ്ങിയ നിലാവെളിച്ചം അങ്ങിങ്ങായി നിഴൽച്ചിത്രങ്ങൾ വരച്ചിട്ടു. പേടിസ്വപ്നത്തിന്റെ അനുരണനങ്ങളായി അവ ചുവരിൽ ചിരിച്ചു എഴുന്നേൽക്കാനോ ഉറങ്ങാനോ വയ്യാതെ അഞ്ജന ഇഴഞ്ഞു നീങ്ങി. അകലെ മാറി കിടക്കുന്ന അർജുന്റെ ശ്വാസനിശ്വാസങ്ങൾ അവൾക്കപ്പോൾ വ്യക്തമായി കേൾക്കാം. ഭാഗ്യവാൻ എന്നാണ് ആദ്യം തോന്നിയത്. ഇന്നത്തെ കഠിനമായ പകലിനു ശേഷവും അയാൾക്ക് എങ്ങനെയാണ് ഉറങ്ങാൻ കഴിയുന്നത്, അവൾ ആശ്ചര്യപ്പെട്ടു അല്ല... ഈ വേവലാതികൾ എന്റേതുമാത്രമായിരിക്കുമോ? കുഞ്ഞ് വേദനയായി തീരുന്നത് അമ്മയ്ക്ക് മാത്രമാണെന്നാണ് അമ്മൂമ്മ പറഞ്ഞത്. പെറ്റ വയറിനോളം ആരെയും അത് നൊമ്പരപ്പെടുത്തുകയില്ലത്രെ. അച്ചുവിന്റെ മൂടിപ്പുതച്ച ശരീരം ആനന്ദേട്ടനെയോളം മറ്റാരെയും വേദനിപ്പിച്ചോ എന്ന മറുചോദ്യം അതേ നിമിഷത്തിൽ മുളച്ചുപൊന്തി. അല്ല ഇതൊക്കെ താൻ എങ്ങനെ അറിയാനാണ് താൻ ഒരു അമ്മയല്ലല്ലോ എന്ന നീറ്റലിലേക്ക് അവൾ വീണ്ടും ഉരുകി. അർജുന്റെ കൂർക്കം വലി മന്ദഗതിയിലായി കഴിഞ്ഞു. അവൾക്ക് ഉറങ്ങാനെ കഴിഞ്ഞില്ല.

വെയിലിന്റെ ചൂട് ഉച്ചിയിൽ തട്ടേണ്ടി വന്നു. അഞ്ജന പിറ്റേന്ന് ഉറക്കമുണരാൻ. അവളുടെ കൺതടങ്ങളിൽ അപൂർണമായ ഉറക്കം വീണു കിടന്നു.

പതിവില്ലാതെ അർജുൻ ബാൽക്കണിയിൽ അവൾ നട്ടു വളർത്തുന്ന ചെടികൾ നനയ്ക്കാതിരുന്നു. അവൾ അടുക്കളയിലേക്ക് നടന്നു. ആലസ്യം അവളുടെ ഇരിപ്പിലും നടപ്പിലും ഓരോ ചലനത്തിലും പ്രകടമായിരുന്നു. ചായ കുടിക്കുമ്പോഴും യാത്ര തിരിക്കുമ്പോഴും അർജുൻ ഒരക്ഷരവും മിണ്ടിയതേയില്ല. അവൾ അപ്പോഴും മല കയറിപ്പോയ കുട്ടിയോടൊപ്പമായിരുന്നു. അസ്വസ്ഥമായൊരു നിശ്ശബ്ദത അന്തരീക്ഷത്തിൽ വ്യാപിച്ചു. ഫ്ളാറ്റിന്റെ ഡോർ വലിയ ശബ്ദത്തിൽ അടഞ്ഞതോടെ ഇവിടെ താൻ മാത്രമായിരിക്കുന്നുവെന്ന തിരിച്ചറിവിൽ അവളുണർന്നു. പകൽ നീണ്ടു നീണ്ടു കിടക്കുന്നു. അത്തരമൊരു തോന്നൽ ആദ്യമായാണ്. തിരക്കുകളേറെയുണ്ടായിരുന്ന ജോലിയിൽ നിന്ന് രാജിവെച്ചിറങ്ങിപ്പോന്നത് കല്യാണം കഴിഞ്ഞ് മൂന്നാം മാസത്തിലാണ്. ഇത്ര വർക്ക് പ്രഷറാണേൽ ഒരാൾടെ ജോലി പോരെയെന്ന അയാളുടെ മറുപടിക്ക് കാത്തുനിന്നെന്നവണ്ണം അവൾ രാജിവെച്ചിറങ്ങി പോന്നു. അവൾ ചെയ്ത വലിയ വിവരക്കേടായി പലരും പിറുപിറുത്തു. അവളെ കാത്തിരിക്കുന്ന വിരസതയിൽ സഹതപിച്ചു.

**തിരക്കുകളേറെയുണ്ടായിരുന്ന ജോലിയിൽ നിന്ന് രാജിവെച്ചിറങ്ങിപ്പോന്നത് കല്യാണം കഴിഞ്ഞ് മൂന്നാം മാസത്തിലാണ്. ഇത്ര വർക്ക് പ്രഷറാണേൽ ഒരാൾടെ ജോലി പോരെയെന്ന അയാളുടെ മറുപടിക്ക് കാത്തുനിന്നെന്നവണ്ണം അവൾ രാജിവെച്ചിറങ്ങി പോന്നു. അവൾ ചെയ്ത വലിയ വിവരക്കേടായി പലരും പിറുപിറുത്തു. അവളെ കാത്തിരിക്കുന്ന വിരസതയിൽ സഹതപിച്ചു.**

**ആരോടാണ് താന്റെ വിഷമം ഇറക്കിവയ്ക്കേണ്ടത്. അർജുൻ ഇന്നലത്തെ പകലിനു ശേഷം മൗനവ്രതത്തിൽ തന്നെ തുടരുകയാണ്. അല്ലെങ്കിലും പരിഹാരമില്ലാത്ത പ്രശ്നങ്ങളുണ്ടോ പ്രത്യേകിച്ച് ഇക്കാലത്ത് ഇതിന് അവൾ വീണ്ടും ചോദ്യോത്തരക്കളിയിലേക്ക് വീണു. അർജ്ജുൻ ഒന്ന് വാ തുറന്നെങ്കിൽ അവളുടെ മനസ്സ് പിടച്ചു.**

പുതിയ രീതികളും ഇടങ്ങളുമായി തന്റെ പോസ്റ്റ് റിസൈനിംഗ് പിരിയഡ് സർഗാത്മകമായി കാണിച്ചു നൽകി അവൾ. എന്നാൽ ഇന്നവൾ ശൂന്യതയെന്തെന്നറിയുകയാണ്.

മൂത്തേച്ചിയുടെയും ചിറ്റയുടെയും കുഞ്ഞുങ്ങളെ ഒക്കത്തു തട്ടി നടക്കുമ്പോൾ മേലേതിലെ മാലതി വല്യമ്മ പറയുമായിരുന്നു ഇവൾ നല്ലൊരമ്മയായിരിക്കുമെന്ന്.  പ്രശംസവാചകങ്ങളിൽ ചുവന്ന് അന്നെല്ലാം ഓടി അകലുകയായിരുന്നു പതിവ്. പക്ഷേ, ഇന്നലത്തോടെ എല്ലാറ്റിന്റേയും വിലയിരുത്തലുകൾ ശാസ്ത്രീയമായി തീർന്നല്ലോ... കുട്ടികൾ വേണ്ടെന്ന് വച്ച ഒരു വർഷം ആർക്ക് എന്തെന്നറിയാതെ അലഞ്ഞ് മറ്റൊരു വർഷം. ഒടുവിൽ തീർപ്പ് കിട്ടിയിരിക്കുന്നു, അഞ്ജന അമ്മയാവില്ല. ഒരിക്കലും അവളുടെ സമ്മതമില്ലാതെ ഒരു തുള്ളി കണ്ണീർ കവിളിൽ പറ്റികിടന്നു. ആരോടാണ് തന്റെ വിഷമം ഇറക്കിവയ്ക്കേണ്ടത്. അർജുൻ ഇന്നലത്തെ പകലിനു ശേഷം മൗനവ്രതത്തിൽ തന്നെ തുടരുകയാണ്. അല്ലെങ്കിലും പരിഹാരമില്ലാത്ത പ്രശ്നങ്ങളുണ്ടോ പ്രത്യേകിച്ച് ഇക്കാലത്ത് ഇതിന്. അവൾ വീണ്ടും ചോദ്യോത്തരക്കളിയിലേക്ക് വീണു. അർജ്ജുൻ ഒന്ന് വാ തുറന്നെങ്കിൽ, അവളുടെ മനസ്സ് പിടച്ചു.

അർജ്ജുൻ നനച്ചതിന്റെ ബാക്കിയായി ബാൽക്കണിയിൽ അങ്ങിങ്ങ് വെള്ളക്കെട്ടുകൾ കാണാം. തന്റെ റോസയും ഓർക്കിഡും പൂവിട്ടിട്ടുണ്ട്. അർജുൻ കഴിഞ്ഞ മാസം കൊണ്ടു വന്ന ബോൺസായി ആകെ ഒന്ന് ക്ഷീണിച്ച മട്ടുണ്ട്. അയാൾ അതിനെ നനച്ചതിന്റെ ലക്ഷണം ഇല്ല. തന്റെ ചെടി സ്നേഹം കണ്ട് കൊണ്ടു തന്നതാണ്. വിത്തോ തൈയോ തരാത്ത ഇതിനെ എന്തിന് നോക്കുന്നുവെന്ന് താൻ ഉപേക്ഷ കാണിച്ചു. ആ ചെടിയെ ഒന്ന് നോക്കിക്കളയടോ ചെടികുഞ്ഞുങ്ങളെ തരില്ലാന്ന് വെച്ച് ജീവിച്ച് പോയിക്കോട്ടെ. പാവം അർജുൻ ഉപദേശിയായി. അന്ന് അതും പറഞ്ഞ് ഏറെ നേരം പൊട്ടിച്ചിരിച്ചു ഇരുവരും. അവൾക്ക് കരച്ചിലടക്കാനായില്ല. ബോൺസായിയുടെ നെറുകയിലൂടെ വിരലോടിച്ചു അർജുന്റെ മാറിലേക്ക് വീണ് അലതല്ലി തീർക്കണമെല്ലാം അയാൾ അല്ലാതെ മറ്റാരറിയും മറ്റാരോട് പറഞ്ഞു തീർക്കും തന്റെ നീറ്റൽ. അവൾ കണ്ണീർ തുടച്ചു.

അയാൾക്ക് വേണ്ടിയുള്ള അവളുടെ കാത്തിരിപ്പ് ദൈർഘ്യമേറിയതായിരുന്നു അസഹനീയമായിരുന്നു. അയാൾ വീടെത്താൻ അന്ന് പതിവിലും വൈകി. എത്തിയപ്പോഴാവട്ടെ അവളുടെ മുഖത്തു പോലും നോക്കാതെ ബെഡ്റൂമിലേക്ക് വെച്ചുപിടിച്ചു. അവൾ പിന്തുടർന്ന് എത്തിയപ്പോഴേക്കും അയാൾ ബാത്ത്റൂമിൽ കയറി കതകടച്ചു കഴിഞ്ഞിരുന്നു. അപരിചിതമായ ഗന്ധം മുറിയാകെ പടർന്ന

തായി അവൾക്ക് തോന്നി. അയാൾ അഴിച്ചിട്ട ഷർട്ട് അവൾ മുഖത്തോട് ചേർത്ത് പിടിച്ചു.

ബാൽക്കണിയിൽ നിലാ വെളിച്ചത്തിലിരുന്ന് അയാൾ ഫോണിലേറെ നേരം ഏറെ ഇരുട്ടും വരെ സംസാരിച്ചു കൊണ്ടിരുന്നു. അയാൾ മുറിയിലെത്തിയപ്പോൾ ഒപ്പമാ ഗന്ധവും മുറിയിൽ പരന്നു. ആ മണത്തെ അവൾക്കിപ്പോൾ ഓർത്തെടുക്കാം. തങ്ങളുടെ വിവാഹവാർഷികത്തിന് അവൾ തനിക്ക് സമ്മാനിച്ച പെർഫ്യും ഇത് തന്നെയായിരുന്നില്ലേ... അയാൾക്ക് ഇത് പ്രിയപ്പെട്ടതാണെന്ന മുഖവുരയോടെ. അതിപ്പോഴും തുറക്കാതെ അലമാരയ്ക്കുള്ളിൽ കിടപ്പുണ്ട്. അവൾ പേടിച്ചു പേടിച്ചു കൊണ്ടേയിരുന്നു. പേടിസ്വപ്നം കാണാതിരിക്കാൻ പ്രാർത്ഥിച്ച് പ്രാർത്ഥിച്ച് അവളുറക്കമായി. വെള്ളം വെള്ളം എന്ന് പതിഞ്ഞ ശബ്ദത്തിൽ നിദ്രയുടെ പാരമ്യത്തിൽ അവൾ തേങ്ങി. ചെടിച്ചട്ടിക്കുള്ളിൽ വേരുകളാഴ്ത്തി ആകാശം തൊടാൻ കൊതിച്ച് പരാജയപ്പെട്ട ബോൺസായി ചെടിയുടെ മൺതടം ഉണങ്ങിക്കിടന്നു. അവളുടെ വേരുകൾ ആ ഫ്ളാറ്റിന്റെ വെണ്ണക്കൽ പ്രതലത്തിൽ ദാഹിച്ച് ദാഹിച്ച് മരിച്ചു. അയാളുടെ ഒരു കൈക്കുമ്പിൾ വെള്ളത്തിനായവൾ ദാഹാർത്തയായി. അവളൊരു ബോൺസായി മരമായി ചെറുതാവുകയായിരുന്നു. അന്ന് സ്വപ്നത്തിൽ അയാളുടെ ഇയർഫോണിലൂടെ ഒലിച്ചിറങ്ങിയ പ്രണയഗാനത്തിന്റെ ഈരടികൾ മുറിയിലാകെ പരന്നു. അയാൾക്ക് അവളുടെ നിലവിളി ഇപ്പോൾ അവ്യക്തമായി പോലും കേൾക്കുവാനെ കഴിയുന്നില്ല.

**കവിത**

# അറിവ്

**ഡോ. ദിവ്യ .എൻ .**

തെളിഞ്ഞ വെയിലിനെ പഠിക്കാൻ,
മങ്ങിയ മഴക്കാറിനെ അറിയണം
വെളുത്ത ആകാശത്തിനെ ഉൾകൊള്ളാൻ,
ഇരുണ്ട ഭൂമിയെ ശ്രദ്ധിക്കണം
ഒറ്റപെട്ട ഫുൾസ്റ്റോപ്പിനെ മനസിലാക്കാൻ ,
വിശാലനന്തയെ ഉപാസിക്കണം.
ഒടുക്കമെന്തെന്ന് ഗ്രഹിക്കാൻ
ആദ്യമെന്തെന്ന് ചിന്തിക്കണം,
കല്ല് വച്ച നുണകളുടെ ലോകത്ത്
പഞ്ഞി പോലെ ലോലമായ സത്യം
വൈരുധ്യമെന്ന് തോന്നണം.

ഒടുവിലൊന്നിലും
ഒന്നുമില്ലെന്നറിയാൻ
ആദി മധ്യാന്തങ്ങൾ,
നേർത്ത നിലാവ് പോലെ
എന്നറിയണം .





ചർച്ചാവിഷയം

### അനുഭവത്തിന്റെ പൊള്ളൽ നൽകുന്ന ഒരു കുറിപ്പ്

# കാർമേഘമേ പോക നീയും കാണട്ടെ ഞാനമ്പിളി മാമനെ

ശാലിനി കെ.ബി.

*നിങ്ങളെന്റെ കറുത്തമക്കളെ*
*ചുട്ടുതിന്നോ?*
*നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ*
*ചൂഴ്ന്നെടുക്കുന്നോ?*

കടമ്മനിട്ടയുടെ കുറത്തി ചോദിച്ചതുപോലെ ഞങ്ങൾ കാസർകോഡിന്റെ മണ്ണിൽ നിന്നും ചോദിക്കുന്നു. എവിഡന്റ്സ് വേണമെന്ന് പറയുന്ന അധികാരവർഗ്ഗത്തോട് എന്തിനായിരുന്നു സർവ്വനാശത്തിന്റെ വിഷധൂളികളാൽ നിയമങ്ങളെയൊക്കെ ഉല്ലംഘിച്ചു കൊണ്ട് ഈ നിഷ്കളങ്ക ഗ്രാമങ്ങളിൽ വിഷം വാരി വിതറിയത്? ഒന്നാം ലോകമഹായുദ്ധത്തിന്റെ സന്തതികളായ കീടനാശിനികൾ ദരിദ്രലോകത്തേക്ക് കയറ്റുമതി ചെയ്യുന്ന സാമ്രാജ്യത്വശക്തികളെയും അവരുടെ കപ്പം വാങ്ങി തങ്ങളുടെ ജനതയെ പരീക്ഷണമൃഗമാക്കി വിട്ടുകൊടുക്കുന്ന ഭരണവർഗ്ഗത്തിന്റെ കൊലച്ചതിയുമൊക്കെ നിറഞ്ഞ, പണത്തിനു മേൽ മാനവികമൂല്യങ്ങൾ കൊട്ടിയടക്കുന്ന ഈ ലോകത്ത് ‘എൻമകജെ’ എന്ന നോവലിൽ പറയുന്നതു പോലെ ‘അയ്യാടെ വീട്ടിലും കാണില്ലേ കുട്ടികള്’ എന്ന ചോദ്യത്തിന് പ്രസക്തിയില്ലാതാവുന്നു. നമുക്ക് ഹിതമല്ലാത്ത എന്തിനേയും നശിപ്പിക്കുന്ന മാനവസിദ്ധാന്തം ഇവിടെ എലിയെ കൊല്ലാൻ ഇല്ലം ചുടാം എന്ന രീതിയി

ലാണ് പ്രവർത്തിച്ചത്.
തേയിലക്കൊതുക് എന്ന മനോഹരഭാവനയുണ്ടാക്കി, ശത്രുക്കൾ ഹിരോഷിമയിൽ ഒറ്റയടിക്ക് ബോംബിട്ടതുപോലെ കീടനാശിനി കുത്തകകളുടെ പിണിയാളുകളായി മാറിയ നാം തിരഞ്ഞെടുത്ത ഭരണാധികാരികൾ തന്നെ നമ്മെ ഇഞ്ചിഞ്ചായി കൊല്ലുകയായിരുന്നു. ഓരോ കൊച്ചുജീവിയും ഭൂമിയുടെ നിലനില്പിനായി അദ്ധ്വാനിച്ചുകൊണ്ടിരിക്കെ ദുരമൂത്ത കച്ചവടക്കണ്ണുമായി മനുവിന്റെ മക്കൾ ഭൂമിയെ വിഷത്തിന്റെ മൂടുപടം അണിയിച്ചു. 'വിഷപദാർത്ഥങ്ങളാൽ മലിനീകരിക്കപ്പെടാത്ത ഒരു ജീവകോശവും ഭൂമിയിലൊരിടത്തും കണ്ടെത്താൻ കഴിയാത്ത ആ നിശബ്ദവസന്തം തന്റെ 'എൻമകജെ' എന്ന നോവലിലൂടെ അനുവാചകരിലെത്തിക്കാൻ അംബികസുതൻ മങ്ങാടിന് കഴിഞ്ഞു.

അതുകൊണ്ടുതന്നെ അദ്ദേഹമെന്ന വടവൃക്ഷത്തിൻ ചുവട്ടിലെ പുൽക്കൊടികളായ ഞങ്ങൾക്ക് കലാലയജീവിതമെന്നത് വിദ്യാഭ്യാസത്തിനും കേവല ആഘോഷങ്ങൾക്കെല്ലാമപ്പുറത്ത് ജീവിതമെന്ന യാഥാർത്ഥ്യത്തെ തൊട്ടറിയാൻ സാധിക്കുന്നു. ഞങ്ങളോടൊപ്പം ആർത്തുല്ലസിക്കാനാവാതെ വിഷമഴ ഒഴുക്കിക്കളഞ്ഞ സ്വപ്നങ്ങളുമായി കഴിയുന്ന ഒരു പറ്റം കുട്ടികളുണ്ട്, യുവാക്കളുണ്ട്. അവരെയൊന്നും കണ്ടില്ലെന്നു നടിക്കാൻ നെഹ്റുകോളേജിലെ സാഹിത്യവേദി പ്രവർത്തകരായ ഞങ്ങൾക്കാവില്ല. താനൂട്ടിയ മുലപ്പാലിൽ പോലും വിഷമുണ്ടെന്നറിഞ്ഞ അമ്മയുടെ നിസ്സഹായാവസ്ഥ, ജീവിതമില്ലാതായിത്തീരുന്ന കുട്ടികൾ.

പിച്ചവെച്ചുകളിച്ചീടാൻ
കൊതിയോടെനോക്കിനിന്നവർ
ചേതനയറ്റുവീണുപോയി
അതുകണ്ടുനിന്നൂ നിങ്ങൾ
തലയൊന്നു വലുതും, തൂങ്ങിയാടും
കുടൽമാലകളും, പൊടിയുന്നസ്ഥിയും
ബുദ്ധിമാന്ദ്യം ബാധിച്ചോർ
തീരാവേദന തിന്നവർ

നെഹ്റുകോളേജിൽ വരുന്നതിനു മുമ്പു തന്നെ എൻഡോസൾഫാൻ ക്യാമ്പുകളിൽ ഇരയാക്കപ്പെട്ട കുട്ടികളെയും അവരുടെ മാതാപിതാക്കളേയും ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ, തൊണ്ടയിടറുന്ന സ്വരത്തിൽ, ഞാൻ മരിച്ചു കഴിഞ്ഞാൽ എന്റെ കുഞ്ഞിനെ ആരു നോക്കും?' എന്നുചോദിക്കുമ്പോൾ വാക്കുകൾ നാവിൽ തളയ്ക്കപ്പെട്ടുപോകുന്നു. ആഘോഷങ്ങളുടെ മാസ്മരവലയത്തിൽ ജീവിതയാഥാർത്ഥ്യങ്ങളെ തിരിച്ചറിയാതെ പോകുന്ന ഇന്നത്തെ തലമുറ ഇവരെയൊക്കെ കണ്ടില്ലെന്നു നടിക്കുന്നു. പിറന്നു വീണ കുഞ്ഞിനെ പോലും സ്ത്രീശരീരം എന്ന രീതിയിൽ നോക്കിക്കാണുന്ന ഈ കാലത്ത് നടക്കാൻ പറ്റാത്ത ബുദ്ധിമാന്ദ്യം ബാധിച്ച തന്റെ മക്കളെയോർത്ത് നീറുകയാണ് ഓരോ അമ്മയും. മാതാപിതാക്കൾ ജീവിച്ചിരിക്കുമ്പോൾ അവരെയാരും തിരിഞ്ഞുനോക്കാറില്ല, അവഗണിക്കാറെയുള്ളൂ. കൺമുന്നിൽ വിഷമഴ നനഞ്ഞവർ ഒരു കൂരയില്ലാതെ, ചികിത്സിക്കാൻ പണമില്ലാതെ നരകിക്കുമ്പോൾ എൻഡോസൾഫാൻ നിരോധിക്കാൻ എവിഡന്റ്സ് വേണമെന്ന് പറയുന്ന അധികാരത്തേക്കാളും ശാസ്ത്രത്തേക്കാളും "ചേച്ചീ എനിക്കും നടക്കാൻ പറ്റിയിരുന്നെങ്കിൽ ചേച്ചിയുടെ കൂടെ സ്കൂളിൽ വരായിരുന്നു. കൂട്ടുകാരുടെ കൂടെ കളിക്കായിരുന്നു" എന്ന് പറയുന്ന ഒരു കൊച്ചനുജത്തി എനിക്കുണ്ട്.
കാസർകോട്ടെ എൻഡോസൾഫാൻ ദുരിതം അനുഭവിക്കുന്ന ആയിരങ്ങളിൽ ഒരാളാണ് എന്റെ കുഞ്ഞനുജത്തി

**പിച്ചവെച്ചുകളിച്ചീടാൻ
കൊതിയോടെനോക്കിനിന്നവർ
ചേതനയറ്റുവീണുപോയി
അതുകണ്ടുനിന്നൂ നിങ്ങൾ
തലയൊന്നു വലുതും, തൂങ്ങിയാടും
കുടൽമാലകളും, പൊടിയുന്നസ്ഥിയും
ബുദ്ധിമാന്ദ്യം ബാധിച്ചോർ
തീരാവേദന തിന്നവർ**

**ആഘോഷങ്ങളുടെ മാസ്മരവലയത്തിൽ ജീവിതയാഥാർത്ഥ്യങ്ങളെ തിരിച്ചറിയാതെ പോകുന്ന ഇന്നത്തെ തലമുറ ഇവരെയൊക്കെ കണ്ടില്ലെന്നു നടിക്കുന്നു. പിറന്നു വീണ കുഞ്ഞിനെപോലും സ്ത്രീശരീരം എന്ന രീതിയിൽ നോക്കിക്കാണുന്ന ഈ കാലത്ത് നടക്കാൻ പറ്റാത്ത ബുദ്ധിമാന്ദ്യം ബാധിച്ച തന്റെ മക്കളെയോർത്ത് നീറുകയാണ് ഓരോ അമ്മയും.**

ശില്പ. എനിക്ക് 4 വയസ്സുള്ള പ്പോഴാണ് ഈ മണ്ണിന്റെ മാറി ലേക്ക് ആയിരം സ്വപ്നങ്ങളു മായി അവൾ പിറന്നു വീണത്. എന്നാൽ വിധി അവൾക്കായി കാത്തുവെച്ചത് കാളകൂടവിഷ ത്തിന്റെ ദുരനുഭവങ്ങളായിരുന്നു. അവൾ കമിഴ്ന്നതും മുട്ടുകാലിലി ഴഞ്ഞ് എന്റടുത്തേക്ക് വരുന്നതു മൊക്കെ സ്വപ്നം കണ്ട എനിക്കു കാണാൻ കഴിഞ്ഞത് 6 മാസം മുതലുള്ള അവളുടെ ആശുപത്രി വാസമാണ്. എല്ലിനു ബലക്കു റവും രക്തത്തിൽ അമോണിയ യുടെ അളവ് വളരെ കൂടുതലു മായിരുന്നു. ഇടയ്ക്കിടെ അസ്ഥി പൊട്ടുന്നതിനാൽ രോഗക്കിടക്ക യിൽ നിന്നെഴുന്നേൽക്കാത്ത അനുജത്തിയെയാണ് ഞാൻ കണ്ടത്. എന്റെ ബാല്യത്തിൻ തളിരോർമ്മയിൽ മയിൽപ്പീലിക്ക നവും മഴവിൽത്തുണ്ടും ഒളിപ്പിച്ചു വെച്ച പുസ്തകത്തിൽ കണ്ടത് അനുജത്തിയുടെ വേദനകൊണ്ടു പുളയുമ്പോഴും നിഷ്കളങ്കതമാ റാത്ത ആ മുഖത്തെ സഹജമായ പുഞ്ചിരിയാണ്. സന്ധ്യാനാമജപ ങ്ങളിൽ ഞാൻ കേട്ടത് വേദന യുടെ നിലവിളിയാണ്. രാത്രി യുടെ നിലാവിലൊക്കെയും കണ്ടത് ആശുപത്രിയുടെ ജനലി നപ്പുറം തിരക്കുപിടിച്ച മണിപ്പാൽ നഗരമാണ്. വേനലവധിയുടെ ചൂടിൽ കാണാം ഉരുകുന്ന മാതാവും താതനും. മാമ്പൂക്കളി ലൊക്കെയും മരുന്നിന്റെ രൂക്ഷഗ ന്ധമുണ്ട്. ദിനരാത്രങ്ങളിൽ കണ്ടത് അവളെ എടുത്തോടുന്ന അമ്മയേയും, എല്ലുമുറിയെ പണി

**അവധിദിവസങ്ങളിലൊക്കെയും ഞാനും അനുജത്തിയുമാണ് വീട്ടിലുണ്ടാവുക. അച്ഛനുമമ്മയും പണിക്കു പോകും. നിലത്ത് ചാണകം മെഴുകിയ ഒറ്റമുറി വീടാണ്. രാവിലെ അമ്മ വാതിൽ പൂട്ടിയിട്ട് പോകുമ്പോൾ  ഒറ്റപ്പാളി ജനലിലൂടെയുള്ള പ്രകാശം മാത്രമേ മുറിയിലുണ്ടായിരുന്നുള്ളൂ. ഞാനും അനുജത്തിയും ചിത്രം വരച്ചും കഥകൾ വായിച്ചും സമയം ചിലവഴിക്കുമെങ്കിലും ഓരോ ചെറിയ ശബ്ദം കേൾക്കുമ്പോഴും എനിക്ക് ഭയമാണ്.**

ചെയ്തിട്ടും ഗതികേടുകൾ ഏറ്റു വാങ്ങേണ്ടിവരുന്ന അച്ഛനേയുമാണ്. ഓണവും വിഷുവുമൊക്കെ കലണ്ടറിലെ അവധിദിവസങ്ങൾ മാത്രമായിരുന്നു.

അവധിദിവസങ്ങളിലൊക്കെയും ഞാനും അനുജത്തിയുമാണ് വീട്ടിലുണ്ടാവുക. അച്ഛനുമമ്മയും പണിക്കു പോകും. നിലത്ത് ചാണകം മെഴുകിയ ഒറ്റമുറി വീടാണ്. രാവിലെ അമ്മ വാതിൽ പൂട്ടിയിട്ട് പോകുമ്പോൾ ഒറ്റപ്പാളി ജനലിലൂടെയുള്ള പ്രകാശം മാത്രമേ മുറിയിലുണ്ടായിരുന്നുള്ളൂ. ഞാനും അനുജത്തിയും ചിത്രം വരച്ചും കഥകൾ വായിച്ചും സമയം ചിലവഴിക്കുമെങ്കിലും ഓരോ ചെറിയ ശബ്ദം കേൾക്കുമ്പോഴും എനിക്ക് ഭയമാണ്. കാരണം എപ്പോഴും വീടിന കത്ത് പാമ്പുണ്ടാകാറുണ്ട്. ഒരു ദിവസം ഇതുപോലെ ഞങ്ങൾ മാത്രം വീട്ടിലുണ്ടായിരുന്നപ്പോൾ ഒരു ചേര കട്ടിലിൽ കയറി അനി യത്തിയെ വലയം വെച്ചിട്ടു പോയി. അതോർക്കുമ്പോൾ ഇപ്പോഴും ഒരു ഞെട്ടലാണ്. അല്ലെങ്കിൽ എന്തിനു പേടിക്കണം. അതിനു മനുഷ്യനേക്കാൾ ഔചിത്യമുണ്ട്. അക്കാലത്ത് റേഡിയോ ആയിരുന്നു ഞങ്ങളുടെ ചങ്ങാതി. മധുസൂദനൻ സാറിന്റെയൊക്കെ കവിത എത്ര കേട്ടാലും മതി വരില്ല. എന്താണെന്നറിയില്ല കവിത കേൾക്കാൻ എനിക്ക് ഭയങ്കര താത്പര്യമായിരുന്നു. പിന്നീട് വെറുതെയിരിക്കുമ്പോൾ എന്തൊക്കെയോ കുത്തിക്കുറിച്ചിടാൻ തുടങ്ങി. ജനലിനരികിൽ തന്നെയുള്ള മുല്ലവള്ളിയെ കുറിച്ചായിരുന്നു ഞാനാദ്യം എഴുതിയത്. പിന്നീട്.

എല്ലു നുറുങ്ങും വേദന തിന്ന്
കരഞ്ഞ് മയങ്ങി കുഞ്ഞനു ജത്തി കുഞ്ഞനുജത്തിയുടെ കരൾ വേദനകൾ കുറിച്ചിടാൻ തുടങ്ങി. സ്കൂളിൽ പോകുന്ന ദിവസങ്ങളിൽ ഞാൻ അവളേയും ഒരുക്കി കുഞ്ഞു ബാഗിൽ പുസ്തകവും പേനയുമിട്ട് അവളോട് യാത്രപറഞ്ഞിട്ടാണ് പോവുക. എന്നാൽ ഞാൻ തിരികെ വരുമ്പോൾ പലപ്പോഴും പൂട്ടിയിട്ട വീടാണ് കാണുക. അടുത്ത വീട്ടിൽ പോയി അന്വേഷിക്കുമ്പോഴായിരിക്കും അറിയുക. കയ്യോ കാലോ പൊട്ടലുണ്ടായി അവളേയും കൊണ്ട് ആശുപത്രിയിൽ പോയെന്ന്.

**കുഞ്ഞനുജത്തിയുടെ കരൾ വേദനകൾ കുറിച്ചിടാൻ തുടങ്ങി. സ്കൂളിൽ പോകുന്ന ദിവസങ്ങളിൽ ഞാൻ അവളേയും ഒരുക്കി കുഞ്ഞു ബാഗിൽ പുസ്തകവും പേനയുമിട്ട് അവളോട് യാത്രപറഞ്ഞിട്ടാണ് പോവുക. എന്നാൽ ഞാൻ തിരികെ വരുമ്പോൾ പലപ്പോഴും പൂട്ടിയിട്ട വീടാണ് കാണുക.**

പിന്നീട് അവർ വരുന്നതു വരെ സങ്കടപ്പെട്ട് ഞാൻ വീടിന്റെ മുമ്പി ലിരിക്കും. അയൽക്കാർ വിളി ച്ചാലും ഞാൻ പോകാറില്ല. എന്തിനാണ് മറ്റുള്ളവർക്കൊരു ശല്യമാവുന്നത്. പണമില്ലാത്തവ രായതിനാൽ ബന്ധുക്കൾ പോലും തിരിഞ്ഞു നോക്കാറില്ല. വർഷത്തിലൊരിക്കൽ വേനലവ ധിക്കാണ് അനുജത്തിയേയും കൊണ്ട് അമ്മയുമച്ഛനും മണിപ്പാ ലിൽ പോവുക. അപ്പോളെനിക്ക് വളരെ സന്തോഷമാണ്. ആ സമ യത്താണ് കുറച്ചു ദിവസം ബന്ധുഗൃഹങ്ങളിൽ നിൽക്കാൻ കഴിയുക. എന്നാൽ ആ സന്തോഷം ക്ഷണികമായിരുന്നു. വില കൂടിയ വസ്ത്രങ്ങളും സ്വർണ്ണാഭരണങ്ങളൊന്നുമി ല്ലാത്ത ഞാനവിടെ നിൽക്കുന്നത് അവർക്ക് നാണക്കേടാണെന്ന് അവരുടെ പെരുമാറ്റത്തിലൂ ടെയും വാക്കിലൂടെയും ഞാൻ തിരിച്ചറിഞ്ഞു. പിന്നീടുള്ള എന്റെ അവധിക്കാലമെല്ലാം മണി പ്പാൽ ആശുപത്രിയിൽ ആയിരു ന്നു. അറിയാത്തിടങ്ങളിലൊ ക്കെയും അഗതിയായി നിന്ന പ്പോൾ ഒരു സാന്ത്വനവാക്ക് പറ യാനോ കൂടെ നിർത്തി ആശ്വസി പ്പിക്കാനോ ആരുമുണ്ടായിരുന്നി ല്ല.

വളരെ ചെറുതാണ് അവളുടെ ലോകം. വളരെ ചെറുത്. ഏകാ ന്തതയെന്തെന്നറിയില്ലെങ്കിലും അവളത് അനുഭവിച്ചിരുന്നു. മാറ്റ ങ്ങളേറ്റുവാങ്ങി കാലരഥം മുന്നോട്ട് കുതിച്ചു. ഇരുട്ടും വെളി ച്ചവും തമ്മിലുള്ള കണ്ണുപൊത്തി ക്കളിയായിരുന്നു അവൾക്ക് ദിന രാത്രങ്ങൾ. പൊൻകണിത്താല മേന്തി വരുന്ന ഉഷസിനേയോ അർക്കന്റെ താണ്ഡവമോ സന്ധ്യ യുടെ ശോണിമയോ അവൾ കൊതിച്ചിരുന്നില്ല, കണ്ടിരുന്നില്ല. എന്നും ആ ഒറ്റമുറി വീട്ടിലെ ഇടുങ്ങിയ ജാലകത്തിലൂടെയായി രുന്നു അവളുടെ കാഴ്ച. ജീവിത്താളം മുറിഞ്ഞ ജനലഴിക ളിൽ പൂവാടിയില്ലാ പൂക്കാലമാ യിരുന്നു അവളെ പൂങ്കുല

നുള്ളാൻ ക്ഷണിച്ചിരുന്നത്. ഇട യ്ക്കിടെ ഇങ്ങോട്ടു നോക്കൂ ഞങ്ങളിവിടെയുണ്ട്. എന്നുപറഞ്ഞ് പുറംലോക ത്തേക്ക് മനസ്സുണർത്തുന്ന കല പില പക്ഷിക്കൂട്ടം.


പഴിക്കേണ്ട, വിധിയല്ല അങ്ങ നെയാവണമെന്ന് ചിലർ തീരുമാ നിച്ചതാണ്. ആ അധർമ്മബോധ ത്തിന്റെ സന്തതികൾ ബോർഗി യാസുകളേക്കാൾ ക്രൂരന്മാരായി രുന്നു.

"ദുഷ്ടർ വിതച്ചു കൊയ്തതു ഞങ്ങൾ

താങ്ങായ് തണലായ് ആരു ണ്ടിവിടെ"

അവർ വിതച്ച വിഷധൂളികൾ കൊയ്തെടുത്തത് ഒരു നാടിനെ ത്തന്നെയായിരുന്നു. ചുണ്ടി ലെന്നും സഹജമായ പുഞ്ചിരിവി രിയുമെങ്കിലും ആത്മനൊമ്പരങ്ങ ളുടെ നേർത്ത തേങ്ങലുകൾ ആ

**വില കൂടിയ വസ്ത്രങ്ങളും സ്വർണ്ണാഭരണങ്ങളൊന്നുമി ല്ലാത്ത ഞാനവിടെ നിൽക്കുന്നത് അവർക്ക് നാണക്കേടാ ണെന്ന് അവരുടെ പെരുമാറ്റത്തിലൂടെയും വാക്കിലൂ ടെയും ഞാൻ തിരിച്ചറിഞ്ഞു. പിന്നീടുള്ള എന്റെ അവധി ക്കാലമെല്ലാം മണിപ്പാൽ ആശുപത്രിയിൽ ആയിരുന്നു. അറിയാത്തിടങ്ങളിലൊക്കെയും അഗതിയായി നിന്ന പ്പോൾ ഒരു സാന്ത്വനവാക്ക് പറയാനോ കൂടെ നിർത്തി ആശ്വസിപ്പിക്കാനോ ആരുമുണ്ടായിരുന്നില്ല.**



പരിഹാസമുൾശരത്താൽ
മുറിഞ്ഞൂ ഹൃതന്ത്രി
കിനിഞ്ഞൂ നിണമീ മാനസദ
ളത്തിൽ

പിടയുന്ന ആ കുഞ്ഞുമനസ്സ് സ്നേഹബന്ധമാണ് വലുതെന്ന സത്യം പഠിച്ചു തുടങ്ങിയിരിക്കുന്നു. അച്ഛനും അമ്മയും പണിയെടുത്താണ് ആ വീടിന്റെ 4 ചുവരുകളെ താങ്ങിനിർത്തുന്നത്. ഒന്നിനും മറ്റുള്ളവരെ ബുദ്ധിമുട്ടിപ്പിക്കരുത് എന്നുണ്ട്. ഗതികേടുകൊണ്ടാണ് തന്റെ പൊന്നോമനയെ തൊട്ടടുത്ത ബന്ധുവീട്ടിൽ കിടത്തിയിട്ടു പോവുന്നത്. ചാരിയിട്ട വാതിലിന്നപ്പുറം ഇരുട്ടുമായി സല്ലപിക്കും ആ നാലു വയസ്സുകാരി.

പറക്കാൻ കൊതിച്ചു
പോയേറെ
ഇരുളിൽ പാവം കിത
ച്ചുപോയി
ബന്ധുവാർ പിന്നെ ശത്രു
വാർ
അറിയാത്തിടങ്ങളിൽപെട്ടു
അഗതിയായി മാറി നിന്ന
ഞാൻ

ആഢംബരത്തിനു മുന്നിൽ മനുഷ്യത്വം പോലും ജലരേഖയായതിനാൽ അവരുടെ പരിഹാസവാക്കുകളിൽ നിന്ന് അവളറിഞ്ഞു തനിക്കു നടക്കാൻ കഴിയില്ലെന്നും താനൊരു രോഗിയാണെന്നും വെറും രോഗിയല്ല എൻഡോസൾഫാൻ രോഗി. ഇന്നലെ വരെ തന്നെപോലെയാണ് എല്ലാവരുമെന്ന് കരുതിയ ആ കുഞ്ഞുമനസ്സ് പിടഞ്ഞു. പണികഴിഞ്ഞെത്തിയ അമ്മ അവളെയുമെടുത്ത് വീട്ടിലേക്ക് നടക്കുമ്പോൾ ആ കണ്ണുനീർ തുള്ളികളും അമ്മയുടെ ചുമലിലെ വിയർപ്പും ഒന്നുചേർന്ന് ഭൂമിയുടെ മാറിലേക്ക് അഭയം തേടി. വീട്ടിലെത്തിയ ഉടനെ അവൾ അമ്മയോട് ചോദിച്ചു, 'അമ്മേ എനിക്ക് ഇനി ഒരിക്കലും നടക്കാൻ പറ്റില്ലേ?' ആ ചോദ്യശരങ്ങൾ തടുക്കാനെന്നവണ്ണം മാതാവ് അവളെ ചേർത്ത് പിടിച്ച് നെറുകയിൽ ചുംബിച്ചു. 'ആരാപറഞ്ഞെ ഈ മരുന്നൊക്കെ കഴിച്ച് മിടുക്കിയായിട്ട് വേണം അടുത്തകൊല്ലം അങ്കണവാടിയിൽ പോകാൻ'. അച്ഛന്റെ ഇടറുന്ന വാക്കുകൾ അവളുടെ കണ്ണിലെ പ്രതീക്ഷയെ ഉണർത്തി. പിറ്റേ ദിവസം മുതൽ പണിക്കു പോകുമ്പോൾ മകളെയും ഒപ്പം കൂട്ടി. പണിസ്ഥലത്ത് നിലത്ത് ചാക്ക് വിരിച്ചു കിടത്തി. പണി ചെയ്യുമ്പോഴും അവരുടെ മനസ്സ് കുഞ്ഞിനരികിലായിരുന്നു. അന്ന് അവൾ വെയിലിന്റെ ചൂടറിഞ്ഞു, മണ്ണിന്റെ തണുപ്പറിഞ്ഞു, ഇലകൾ കിന്നാരം പറയുന്നത് കേട്ടു. പെട്ടെന്നാണ് കാതടപ്പിക്കുന്ന ആ ഹെലികോപ്ടർ ശബ്ദം അവൾ കേട്ടത്. എന്തിനാ എന്നോടിങ്ങനെ ചെയ്തത്. എനിക്കും കൂട്ടുകാരുടെ കൂടെ കളിക്കണമായിരുന്നു. അനന്തതയിലേക്ക് നോക്കി അവൾ ഉറക്കെ വിളിച്ചു പറഞ്ഞു. ആ വനരരോദനം കുറ



**കാർമേഘമേ പോക
നീയും
കാണട്ടെ ഞാനമ്പിളിമാ
മനെ
എന്നുകേണപ്പോൾ ഞങ്ങ
ളുടെ ജീവിതത്തിലേക്ക്
കടന്നു വന്നത് കാരുണ്യ
മുള്ള കുറേ മനസ്സുകളാ
യിരുന്നു.
ഇളംതെന്നൽ കുളിർ
തന്നു
കുടമുല്ലകൾ മണം തന്നു
ഗുരുനാഥനറിവിന്റെ
മൃതസഞ്ജീവനി തന്നു**

ച്ചകലെ മുറിച്ചുമാറ്റപ്പെട്ട അരയാൽത്തറയിലിരുന്ന പൈങ്കിളി കേട്ടു അവൾ പാടി. അവൾക്കു വേണ്ടിയല്ല, അവർക്കുവേണ്ടി.

ഇവിടെയീ ജീവിതത്താളത്തിന്

ശ്രുതിമീട്ടുക കൂട്ടുകാരി

പൂത്തശാഖയില്ലിവിടെ പൂങ്കുയിൽ പാട്ടില്ല

ഉച്ചവെയിൽ ചുടുകാറ്റിൽ

വെന്തുരുകുന്നു നിശ്വാസങ്ങൾ

കാരുണ്യമില്ലാത്ത സ്വാർത്ഥലോകത്തിൽ

ഏകരായി ഞങ്ങൾ പകച്ചു പോയി

മാളിക കെട്ടി മതിലും മറച്ച്

മതി മറക്കുന്നവർ തൻ കാര്യമായ്

.....

കാർമേഘമേ പോക നീയും

കാണട്ടെ ഞാനമ്പിളിമാമനെ

എന്നുകേണപ്പോൾ ഞങ്ങളുടെ ജീവിതത്തിലേക്ക് കടന്നു വന്നത് കാരുണ്യമുള്ള കുറേ മനസ്സുകളായിരുന്നു.

ഇളംതെന്നൽ കുളിർ തന്നു

കുടമുല്ലകൾ മണം തന്നു

ഗുരുനാഥനറിവിന്റെ

മൃതസഞ്ജീവനി തന്നു

ആ അറിവിന്റെ മൃതസഞ്ജീവനിയുമായി അനുജത്തിയുടെ അടുത്തേക്ക് വന്നത് വേണുഗോപാൽ എന്ന അദ്ധ്യാപകനായിരുന്നു. നാലുമണിവരെ സ്കൂളിൽ പഠിപ്പിച്ചതിനു ശേഷം ബാക്കിയുള്ള സമയത്ത് വീട്ടിൽ വന്ന് അനുജത്തിയെ അറിവിന്റെ ലോകത്തേക്ക് കൈപിടിച്ചുയർത്തി. ആ സമയത്താണ് ഞാൻ പുസ്തകതത്തിൽ കുത്തിക്കുറിച്ചിട്ടതൊക്കെയും മാഷ് കാണാനിടയാകുന്നത്. ഇത് പുസ്തകത്തിലിരിക്കേണ്ടതല്ല പുറംലോകമറിയണമെന്ന് മാഷ് പറഞ്ഞു. അങ്ങനെ കാരുണ്യമുള്ള കുറേ മനസ്സുകളുടെ പ്രവർത്തനഫലമായി 'സനാഥം' എന്ന സംഘടന ഉദയം ചെയ്തു. അവർ എന്റെ കവിതകൾ കാവ്യചന്ദം എന്ന സി.ഡിയിലൂടെ ജനസമക്ഷമെത്തിച്ചു. അതിന്റെ ഫലമായി പത്രമാധ്യമങ്ങളിലും എന്നെയും അനുജത്തിയേയും പറ്റിയുള്ള വാർത്തകൾ വരികയും ക്ലബ്ബുകളും സന്നദ്ധസംഘടനകളും വ്യക്തികളും അനുമോദനങ്ങളും ഉപഹാരങ്ങളും നല്കി പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

കണ്ടു ഞാൻ ശില്പഭംഗികൾ

കണ്ടു ദേവശില്പിയെ

അക്ഷരപൊന്നുരുക്കി

മാലകോർക്കും പെരുന്തച്ചനെ

സ്വപ്നജാലകം തുറന്നിട്ടു

കരയിപ്പിച്ചതേ കാലം

മഴക്കോളിൽ നനയാത്ത

കിളിക്കൂടെനിക്കു തന്നു

സി.ഡിയിറക്കുമ്പോൾ വേണു മാഷ് പറഞ്ഞിരുന്നു. കാണാതെ മിണ്ടാതെ മത്സരിച്ചോടിക്കിതച്ചവരും, ഭംഗിവാക്കിൽ കള്ളക്കണ്ണു നീരിൽ എല്ലാമൊതുക്കിയവരും, നിന്നെ കളിയാക്കിയവരുമൊക്കെ ഒരു ദിവസം നിന്റെ അടുത്തേക്കു വരുമെന്ന്. എന്നാലിന്നത് യാഥാർത്ഥ്യമായിരിക്കുന്നു. പക്ഷേ അവരൊക്കെ കവിതയെഴുതുന്നു എന്ന ഒരു കാരണത്താൽ മാത്രമാണ് സ്നേഹം അഭിനയിക്കുന്നത്.

"ശബ്ദഘോഷങ്ങളിൽ മുങ്ങുന്ന

മോഹനസുന്ദരവാക്കുകൾ

കപടനാടകവേദിയിൽ

നടനമാടുന്ന കാഴ്ചകൾ"

ഞാനൊരു കവിയല്ല, എനിക്കു കവിതയെഴുതാനും അറിയില്ല. എന്തൊക്കെയോ കുത്തിക്കുറിക്കുന്നുവെന്നുമാത്രം. 'ഇതാണോ കവിത ഇതു വായിച്ചാൽ ഭ്രാന്തുപിടിക്കുമല്ലോ, ദൈവം മുമ്പില് വന്നു അല്ലേ' എന്നൊക്കെ ഞാനെഴുതിയത് വായിച്ചുനോക്കാൻ പോലും തയ്യാറാകാതെ പലരും പരിഹസിച്ചിട്ടുണ്ട്. അപ്പോഴൊക്കെയും കവിതയെഴുതണമെന്നു പറഞ്ഞ് വേണുമാഷും ധാരാളം കവിതാപുസ്തകങ്ങൾ നൽകി അംബികാസുതൻ മാഷും പ്രോത്സാഹിപ്പിച്ചു.

ദേവദൂതന്മാർ വന്നെത്തി കൂരയിൽ

നേർത്തകിനാവള്ളി തന്നു പോയ്

കണ്ണിൽ പുതിയ വെളിച്ചമായ്

കുഞ്ഞനുജത്തി ചിരിച്ചുപോയ്.

ആര് എന്തൊക്കെ പറഞ്ഞാലും എന്റെ വീട്ടിലേക്കു വന്ന ദേവദൂതന്മാർ തന്നെയാണ്

**ഞാനൊരു കവിയല്ല, എനിക്കു കവിതയെഴുതാനും അറിയില്ല. എന്തൊക്കെയോ കുത്തിക്കുറിക്കുന്നുവെന്നുമാത്രം. "ഇതാണോ കവിത ഇതു വായിച്ചാൽ ഭ്രാന്തുപിടിക്കുമല്ലോ, ദൈവം മുമ്പില് വന്നു അല്ലേ' എന്നൊക്കെ ഞാനെഴുതിയത് വായിച്ചുനോക്കാൻ പോലും തയ്യാറാകാതെ പലരും പരിഹസിച്ചിട്ടുണ്ട്. അപ്പോഴൊക്കെയും കവിതയെഴുതണമെന്നു പറഞ്ഞ് വേണുമാഷും ധാരാളം കവിതാപുസ്തകങ്ങൾ നൽകി അംബികാസുതൻ മാഷും പ്രോത്സാഹിപ്പിച്ചു.**

ഇവരൊക്കെ ദൈവം എന്നു പറഞ്ഞാൽ ഏതോ അദൃശ്യലോകത്തിരുന്ന് നമുക്ക് ചോദിക്കുന്നതെല്ലാം മുന്നിൽ കൊണ്ടുതരുന്ന അത്ഭുത ശക്തിയൊന്നുമല്ല. ഒരോരാളുടെയും മനസ്സിലാണ് ദൈവമുള്ളത്. ലാഭേച്ഛയില്ലാതെ മറ്റുള്ളവരെ സഹായിക്കുമ്പോൾ അവനിലെ ദൈവമുണരും. യുക്തിവാദിയാണെന്ന് പ്രസംഗിച്ചു നടന്ന് ആരും കാണാതെ പുലർച്ചെ വണ്ടിക്ക് മാസം തോറും പറശ്ശിനിക്കടവ് പോകുന്ന വ്യക്തിയാണ് കളിയാക്കിയത്.  എന്നുള്ളതുകൊണ്ട് എനിക്കയാളോട് സഹതാപമാണ് തോന്നിയത്. ജീവിതത്തിൽ നമ്മെ പരിഹസിക്കാനും ദുരിതക്കയത്തിലേക്ക് തള്ളിയിട്ട് ആർത്തുചിരിക്കാനും ധാരാളം പേരുണ്ടാകും, എന്നാൽ ഒരാശ്വാസവാക്കു പറയാൻ ആരും കാണില്ല. ദുരിതാവസ്ഥയിൽ നമ്മെ പരിഹസിച്ചവർ തന്നെ നമ്മൾ കുറച്ച് ഉയരത്തിലെത്തിയെന്നു തോന്നുമ്പോൾ ഒരു നാണവുമില്ലാതെ ചിരിച്ചുകൊണ്ട് അടുത്തുകൂടുന്നു. പക്ഷേ അത് ചേർത്തുപിടിക്കാനല്ല ചവിട്ടിത്താഴ്ത്താനാണ്.

എന്നാലിന്ന് അവൾ വളരെ സന്തോഷവതിയാണ്. അവൾക്ക് വായനയിലൂടെ കാര്യങ്ങൾ മനസ്സിലാക്കാനുള്ള പക്വത വന്നിരിക്കുന്നു. മാത്രമല്ല സ്വന്തം ഭാവനകളെയും അനുഭവങ്ങളെയും കഥയിലൂടെ ആവിഷ്കരിക്കാൻ തുടങ്ങിയിരിക്കുന്നു. അതിനുപ്രേരണയായത് അക്ഷരപ്പൊന്നുരുക്കി മാലകോർക്കുന്ന കാസർകോഡിന്റെ സ്വന്തം കഥാകാരനും സാമൂഹികപ്രവർത്തകനും എന്റെ ഗുരുവുമായ അംബികാസുതൻ മാങ്ങാടാണ്. അവൾ ഏകാന്തതയേയും വിരസതയേയുമൊക്കെ എഴുത്തിലൂടെയും വായനയിലൂടെയും മറി കടക്കുന്നു. അക്ഷരപ്പൊൻചിരാതുമായി അറിവിന്നമൃതവീഥിയിൽ കൊതിമൂത്തു പറക്കുകയാണവൾ. ഒരു പക്ഷേ മനുഷ്യത്വം വറ്റാത്ത ഈ മനസ്സുകൾ ഇല്ലായിരുന്നുവെങ്കിൽ അവൾ ഇന്നും അന്ധകാരത്തിൽ ഉഴറുമായിരുന്നു. ശരീരത്തിന്റെ വേദനകളൊക്കെയും അവളിന്ന് മറന്നിരിക്കുന്നു.

ഇതെന്റെ അനുജത്തിയും മാത്രം ദുരിതങ്ങളല്ല. കാസർകോട്ടെ ഇരയാക്കപ്പെട്ടവരുടെ ഒരോരുത്തരുടേയും ജീവിതം ഇങ്ങനെയാണ് ഇതിനേക്കാൾ ദയനീയമാണ്. 'എൻമകജെ' എന്ന നോവലും 'അമീബ' പോലുള്ള സിനിമകളും അതിന്റെ വ്യക്തമായ ചിത്രീകരണം നൽകുന്നുണ്ട്. ക്യാമ്പസ് കാലഘട്ടമെന്നത്  സിനിമയിൽ അഭിരമിക്കുന്ന കാലമാണെങ്കിലും ഭൂരിപക്ഷവും ഇങ്ങനെയുള്ള സിനിമകളെ പ്രോത്സാഹിപ്പിക്കാറില്ല എന്നതാണ് സത്യം. നമ്മളൊക്കെയും നമ്മിലേക്ക് ചുരുങ്ങുന്നു. പൊതുസ്ഥലങ്ങളിലും വിവാഹവേദികളിലും ഇവർ കടന്നുചെല്ലുന്നത് പലർക്കും ചതുർത്ഥി പോലെയാണ്. അതുകൊണ്ടു തന്നെ വലിയവലിയ പ്രതിഭകൾ ഇക്കൂട്ടത്തിലുണ്ടെങ്കിലും അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും അവരുടെ കഴിവുകൾ വികസിപ്പിക്കാനുമുള്ള ശ്രമങ്ങൾ വളരെ കുറച്ചു മാത്രമേ നടക്കുന്നുള്ളൂ. ഒരു പക്ഷേ നമ്മുടെ സാഹിത്യത്തിന് മുതൽക്കൂട്ടാവേണ്ട മുത്തുകളും പവിഴങ്ങളും ദുരിതമാറാലക്കുള്ളിൽ ഒളിച്ചിരിക്കാൻ വിധിക്കപ്പെട്ടവരായി തീർന്നിരിക്കുന്നു. തന്റേതല്ലാത്ത കാരണത്താൽ ദുരിതമനുഭവിക്കാൻ വിധിക്കപ്പെട്ടവരും അവർക്ക് ജന്മം കൊടുത്തു എന്ന പേരിൽ അമ്മമാരും വീടിന്റെ നാലു ചുവരുകൾക്കിടയിൽ ജീവിതം ഹോമിക്കാൻ വിധിക്കപ്പെട്ടിരുന്നു. ഇവരുടെ ദുരിതത്തിന് ചെറിയൊരു ആശ്വാസമാകുന്നതിന് വേണ്ടിയെങ്കിലും ദേശീയ മനുഷ്യാവകാശകമ്മീഷൻ 2010 പുറപ്പെടുവിച്ച വിധി പോലും ഇതു വരെ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. നെഞ്ചംപറമ്പിലെ കിണറ്റിൽ നിന്നും ഭൂമാതാവിന്റെ മുലപ്പാലിലേക്കും ചീമേനിയിലെ ഗോഡൗണിൽ നിന്ന് ഓരോ ജീവകോശത്തിലേക്കും കിനിഞ്ഞിറങ്ങിക്കൊണ്ടിരിക്കുന്ന എൻഡോസൾഫാൻ ഇനി മറ്റൊരു വിപത്തിനെ കാത്തുവെച്ചിട്ടുണ്ടാവും അങ്ങിനെയാകാതിരിക്കട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

**ജീവിതത്തിൽ നമ്മെ പരിഹസിക്കാനും ദുരിതക്കയത്തിലേക്ക് തള്ളിയിട്ട് ആർത്തുചിരിക്കാനും ധാരാളം പേരുണ്ടാകും, എന്നാൽ ഒരാശ്വാസവാക്കു പറയാൻ ആരും കാണില്ല. ദുരിതാവസ്ഥയിൽ നമ്മെ പരിഹസിച്ചവർ തന്നെ നമ്മൾ കുറച്ച് ഉയരത്തിലെത്തിയെന്നു തോന്നുമ്പോൾ ഒരു നാണവുമില്ലാതെ ചിരിച്ചുകൊണ്ട് അടുത്തുകൂടുന്നു. പക്ഷേ അത് ചേർത്തുപിടിക്കാനല്ല ചവിട്ടിത്താഴ്ത്താനാണ്.**

**കീടനാശിനികളുടെ ആപത്കരമായ വാർത്തകളിൽ നിന്ന് ഒഴിഞ്ഞുമാറി നടക്കുന്ന ഭരണകർത്താക്കളുടെ മുന്നിൽ മനുഷ്യപ്പൂക്കളമൊരുക്കിയത് ഈ ബലിയാടുകളെ വെച്ചാണ്. എന്നിട്ടുപോലും മനസ്സലിയാതെ പോകുന്ന നരജന്മങ്ങൾ "വിഷം ചീറ്റുമ്പോൾ ജനങ്ങൾക്ക് മാറി നിൽക്കാമായിരുന്നില്ലേ' എന്ന് ചോദിക്കുമ്പോൾ എന്ത് ഉത്തരമാണ് നൽകാൻ കഴിയുക. ഇരട്ടമുഖം സൂക്ഷിക്കുന്ന ഇത്തരം രാഷ്ട്രീയക്കാർ തന്നെയാണ് നമ്മുടെ ശാപം.**



കീടനാശിനികളുടെ ആപത്കരമായ വാർത്തകളിൽ നിന്ന് ഒഴിഞ്ഞുമാറി നടക്കുന്ന ഭരണകർത്താക്കളുടെ മുന്നിൽ മനുഷ്യപ്പൂക്കളമൊരുക്കിയത് ഈ ബലിയാടുകളെ വെച്ചാണ്. എന്നിട്ടുപോലും മനസ്സലിയാതെ പോകുന്ന നരജന്മങ്ങൾ 'വിഷം ചീറ്റുമ്പോൾ ജനങ്ങൾക്ക് മാറി നിൽക്കാമായിരുന്നില്ലേ' എന്ന് ചോദിക്കുമ്പോൾ എന്ത് ഉത്തരമാണ് നൽകാൻ കഴിയുക. ഇരട്ടമുഖം സൂക്ഷിക്കുന്ന ഇത്തരം രാഷ്ട്രീയക്കാർ തന്നെയാണ് നമ്മുടെ ശാപം. അധികാരത്തിന്റേയും സമ്പത്തിന്റേയും പിൻബലത്തിൽ അവർ നിയമങ്ങൾ നിർമ്മിക്കുന്നു, നടപ്പിലാക്കുന്നു. സമരങ്ങളെ ഭീഷണി കൊണ്ടും കയ്യൂക്കുകൊണ്ടും അമർച്ച ചെയ്യുന്നു. അതുകൊണ്ടു തന്നെ ഇരകളാക്കപ്പെട്ടവർ തന്നെ മുഖ്യധാരയിലേക്ക് വരണം. പൊതു ഇടങ്ങളിൽ ഞാനും ഈ ഭൂമിയുടെ അവകാശിയാണെന്നു പറഞ്ഞ് ധൈര്യത്തോടെ നിൽക്കണം. അവരിലെ കവിയും കഥാകാരന്മാരും പാട്ടുകാരും ഉണരണം. തങ്ങളെ നോക്കി പരിഹസിച്ച സമൂഹത്തിനു നേരെ നിന്ന് പൊരുതി ജീവിക്കണം. എന്തിനും പരസഹായം ആവശ്യമുള്ളവർ പൊതുധാരയിലേക്ക് വരാൻ കൊതിക്കുന്നു. തങ്ങളെ സഹായിക്കേണ്ടത് സമൂഹത്തിന്റെ കടമയാണെന്ന് നാം തിരിച്ചറിയണം. നമ്മളെ ഇങ്ങനൊരവസ്ഥയിലെത്തിച്ചത് ഈ സമൂഹമുൾപ്പെടുന്ന ഒരു വിഭാഗമാണ്. കൊള്ളിവാക്കുകൾ കേൾക്കുമ്പോൾ എന്തിനു വിഷമിക്കണം. അവർക്കു വേണ്ടിയല്ല, അവരുടെ ചിലവിലല്ല നമ്മൾ ജീവിക്കുന്നത്. നമ്മെ കളിയാക്കാനുള്ള എന്തുയോഗ്യതയാണ് അവർക്കുള്ളത്. രണ്ട് കയ്യും കാലുമോ, കാഴ്ചശക്തിയോ കേൾവിശക്തിയോ , നടക്കാനുള്ള കഴിവോ? എന്നാൽ നമുക്ക് ലഭിച്ചിട്ടുള്ള ഒരു വലിയ അവയവം അവർക്കില്ല. മനുഷ്യത്വമുള്ള മനസ്സ്. അപ്പോൾ ആരാണ് രോഗി. അവരല്ലേ ജീവിതസമരത്തിൽ തോറ്റുപോവുക? നമ്മളെന്നും മുന്നേറുക തന്നെ ചെയ്യും. കലാലയങ്ങൾക്ക് സമൂഹത്തിൽ പല മാറ്റങ്ങളും സൃഷ്ടിക്കാൻ കഴിയും, അവർ പുതുതലമുറയുടെ പ്രതിനിധിയാണ്. വെറും അടിച്ചുപൊളി മാത്രമല്ല ജീവിതമെന്നും ഈ മായാലോകത്തിനപ്പുറം പച്ചയായ ജീവിതങ്ങളുമുണ്ടെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം.ബൈക്ക് വാങ്ങിത്തന്നില്ല എന്ന  കാരണത്താൽ ആത്മഹത്യ ചെയ്യുന്ന കുട്ടികളും നമ്മുടെ നാട്ടിലുണ്ട്. അതേ സമയം രണ്ട് കയ്യുമില്ലാത്ത കുട്ടി വളരെ സന്തോഷത്തോടെ ജീവിക്കുന്നു. കാരണം അവന്റെ ആഗ്രഹങ്ങൾ അവന്റെ കഴിവിനൊത്തുള്ളതാണ്. കിട്ടാത്തതിനെ കുറിച്ചോർത്തു ദുഃഖിക്കുകയല്ല, ഈ ഭൂമിയിൽ മനുഷ്യനായി ജനിക്കാൻ കഴിഞ്ഞ ഭാഗ്യത്തെക്കുറിച്ചോർത്ത് സന്തോഷിക്കുകയാണ് വേണ്ടത്. ഈ ക്ഷണികജീവിതത്തിൽ എന്തൊക്കെ വേഷങ്ങളാണ് നാം ആടിത്തീർക്കുന്നത്. എത്ര കപട മുഖംമൂടികളണിയുന്നു. ഒടുവിൽ ആറടിമണ്ണിന്റെ മാത്രം അവകാശി!

കവിത

ദീപ എം.

# ക്ഷമ

ജീവിതത്തിന്റെ
വ്യാകരണം പഠിപ്പിക്കുമ്പോൾ
ഭൂമിയോളം ക്ഷമിക്കണമെന്ന്
ഇനി പറയരുത്
നിഷേധിക്കാൻ എനിക്കാവില്ല
എന്റെ മൗനത്തിന്റെ ആഴം നോക്കി
ശബ്ദമില്ല എന്നു കരുതരുത്
എന്റെ കണ്ണുകൾ കണ്ട്
ശാന്തമാണെന്നു കരുതരുത്
എന്റെ പച്ച കണ്ട്
ചുവപ്പുടുത്ത് ഞാൻ
കാളിതുള്ളൽ നടത്തില്ല
എന്നു കരുതരുത്
ഇനിയെന്നെ ഉപദേശിക്കരുത്
ക്ഷമ ഭൂമിയുടെ പരിധിക്ക്
പുറത്താണ്.



**ചർച്ചാവിഷയം**

രജിന കെ.

# ഇബ്‌ലീസിന്റെ




"അസഹിഷ്ണുതയുടെ പൂക്കാലം" അടിവരയിട്ട് ഫയൽ ചെയ്ത് ഒരു ദീർഘനിശ്വാസം വിടാൻ പോലും നിൽക്കാതെ അടുക്കളയിലേക്ക് ഒരോട്ടമായിരുന്നു.

'ഒരാനയെ തിന്നാനുള്ള വിശപ്പുണ്ട് മമ്മി' എന്നൊരു ഡയലോഗ് മോഹൻലാൽ സ്റ്റൈലിൽ അടിച്ച് നോക്കിയെങ്കിലും ഉമ്മ ചിരിച്ചില്ല.

സിങ്കിൽ നിറയെ കഴുകാനുള്ള പാത്രങ്ങൾ ഉണ്ട്, അതാവും കാരണമെന്ന് കരുതി. ലൈൻ മാറ്റി മൂടി വെച്ചിരിക്കുന്ന പാത്രത്തിൽ നിന്ന് പത്തിരിയും മീൻകറിയുമെടുത്ത് പ്ലേറ്റിൽ വെച്ചു. മൈൻഡ് ചെയ്യുന്നില്ലെന്ന മട്ടിൽ ഇൻഡക്ഷനിൽ പാൻ വെച്ചൊരു ചായക്ക് വെള്ളം വെച്ചു.

'വല്ലോർക്കും ചായ വേണോ ആവോ?' എന്നതിനും മറുപടിയുണ്ടായില്ല. എന്നാലും തിളച്ച വെള്ളത്തിൽ പൊടിയും പഞ്ചസാരയും ചേർത്ത് നല്ലൊരു സുലൈമാനി ഗ്ലാസ്സിലൊഴിച്ചു തന്നു.

'ഇംതിയാസ് ഇന്നെ വിളിച്ചീനി. അന്റെ ഫോണിലേക്ക് വിളിച്ചിട്ട് കിട്ടുന്നില്ലാന്ന്.'

പത്തിരി തൊണ്ടയിൽ കുടുങ്ങി ഒന്നു ചുമച്ചുപോയി. പുറത്ത് മെല്ലെ തട്ടി തന്നു ഉമ്മ.

'മറന്നു പോയി ഉമ്മാ... ഒരു കെട്ട് എഴുതാനുണ്ടായിരുന്നു. ഫോൺ എവിടെയാ വെച്ചത്ന്ന് തന്നെ ഓർമ്മയില്ല അതോണ്ടാ...

'എന്നാൽ ഇയ്യ് ഉടനെ തന്നെ ഓനെ വിളിക്കണം മൂപ്പര് ലേശം ചൂടിലാന്ന് തോന്നുന്നു.'

ഭക്ഷണം പൂർത്തിയാക്കാതെ തന്നെ ഫോണും തിരഞ്ഞ് നടന്നു. എടുത്തു നോക്കിയപ്പോൾ 12 മിസ്ഡ് കോളുകൾ. എല്ലാം ഇംതിയാസിന്റേത് തന്നെ.

കുറ്റബോധം തോന്നി. നിക്കാഹ് ചെയ്ത പുരുഷനാണ്, ഒന്നിച്ച് ജീവിച്ചിട്ടോ ദീർഘനാൾ ഇടപഴകിയിട്ടോ ഇല്ലെങ്കിലും നിയമപ്രകാരം ഭർത്താവാണ്. ഒരു ജീവിതകാലം കൂടെ ജീവിക്കേണ്ടയാൾ...

മിക്ക ദിവസങ്ങളിലും ഇംതിയാസ് വിളിക്കാറുണ്ട്. വെള്ളിയാഴ്ചകളിൽ സംഭാഷണത്തിന്റെ ദൈർഘ്യം കൂടും... നാട്ടു വിശേഷങ്ങൾ, സ്നേഹാന്വേഷണങ്ങൾ, ഇത്തിരി പ്രണയം വീട്ടുകാരെക്കുറിച്ചും പഠിത്തത്തെകുറിച്ചുമുള്ള ചോദ്യങ്ങൾ, ഒടുക്കം വിഷയം കിട്ടാതാവും... പിന്നെ.... ഒരു പാട്, പിന്നേകൾ ശ്വാസം കിട്ടാതെ പിടയും.

ഒടുവിൽ ഒന്നുമില്ലാതാവുമ്പോൾ നിരാശയോടെ സംഭാഷണം നിലയ്ക്കും സഹതാപം തോന്നും. കട

# പൂക്കൾ



ലിനക്കരെയുള്ളവരുടെ മനസ്സ് അങ്ങനെയാണ് അവർക്കൊരുപാട് പറയാനുണ്ടാവും ഇക്കരെയുള്ളവരോട്, കേൾക്കാനും. പക്ഷേ ആർക്കും അവരോട് ഏറെ നേരം സംസാരിക്കാനില്ല...

'നിഹാരാ... നീയവിടെത്തന്നെയില്ലേ ഇംതിയാസ് ചോദിക്കും. ങ്ഹാ അവൾ പതുക്കെ മൂളും....

'എന്നിട്ടെന്താ ഒന്നും മിണ്ടാത്തത്?' എന്തുപറയണമെന്നറിയില്ല. താനെന്തെങ്കിലും അയാളോട് പറയാൻ കരുതിവെച്ചിട്ടുണ്ടോ?

കൂടെ പഠിക്കുന്ന സുഹൃത്ത് ശനൂപിനോട് സംസാരിക്കാറുള്ളതു പോലെ ... രാഷ്ട്രീയം?

ഉപ്പയോട് നടത്താറുള്ള സാഹിത്യസംവാദങ്ങൾ പോലെ, കൂട്ടുകാരികളോടുള്ള വാദപ്രതിവാദം പോലെ ഇംതിയാസിനോട് സംസാരിക്കാനാവുന്നില്ല.

ശനൂപ്, നല്ല സുഹൃത്താണ് കരുതലുള്ളയാളാണ്. ഉപ്പയും, അച്ഛനായല്ല, സുഹൃത്തും സമപ്രായക്കാരനുമായാണ് ഇടപെടുന്നത്. ആകാശത്തിനു ചുവട്ടിലെ എന്തും സംസാരിക്കാവുന്ന സുഹൃത്ത്.

പൗലോ ഫ്രയറോ, അർണബ് ഗോ സ്വാമിയോ, വിശ്വനാഥൻ ആനന്ദോ, സുസ്മേഷ് ചന്ദ്രോത്തോ, സുഭാഷ് ചന്ദ്രനോ, തേങ്ങയുടെ വിലയിടിവിന്റെ രാഷ്ട്രീയമോ എന്തും എത്ര നേരവും സംസാരിക്കാവുന്ന ഒരേയൊരാൾ ഉപ്പയായിരിക്കും. തന്റെ ജീവിതത്തിൽ ഹോസ്റ്റലിലാണെങ്കിൽ ഒരു ദിവസം പോലും വിളിക്കാതിരിക്കാനാവാത്ത സുഹൃത്തും ഉപ്പ തന്നെ.

'നിഹാരാ... താൻ ഉമ്മയില്ലാത്ത കുട്ടിയാണോ?' കൂട്ടുകാരികൾ ചോദിക്കും.

തന്റെ എല്ലാ കഥകളിലും ഉപ്പ തന്നെയാണ് ഹീറോ.... അവൾ ചിരിക്കും. ഉമ്മയെ അവൾക്കിഷ്ടമാണ്. ഉമ്മയും സ്നേഹമുള്ള പ്രകൃതം തന്നെ. പക്ഷേ ചില നേരങ്ങളിൽ സംസാരിക്കാനുള്ള വിഷയങ്ങൾ തീർന്നുപോവുന്നു.

പിന്നെ കഥകളാണ്. എഴുതുന്ന എന്തും ശ്രദ്ധാപൂർവ്വം വായിക്കുന്നതും നിർദ്ദേശങ്ങൾ തരുന്നതും ഉപ്പയാണ്. തിരുത്തുകളും ഇടപെടലുകളുമുണ്ടാവും. ആ ഇടപെടലുകൾക്കിടയിൽ ഒട്ടും നോവാത്ത ചില വഴിതിരിച്ചു വിടലുകളുമുണ്ടാവും ഏറെ ആശ്വാസവുമാണത്.

**ശനൂപ്, നല്ല സുഹൃത്താണ് കരുതലുള്ളയാളാണ്. ഉപ്പയും, അച്ഛനായല്ല, സുഹൃത്തും സമപ്രായക്കാരനുമായാണ് ഇടപെടുന്നത്. ആകാശത്തിനു ചുവട്ടിലെ എന്തും സംസാരിക്കാവുന്ന സുഹൃത്ത്. പൗലോ ഫ്രയർ, അർണബ് ഗോ സ്വാമിയോ, വിശ്വനാഥൻ ആനന്ദോ, സുസ്മേഷ് ചന്ദ്രോത്തോ, സുഭാഷ് ചന്ദ്രനോ, തേങ്ങയുടെ വിലയിടിവിന്റെ രാഷ്ട്രീയമോ എന്തും എത്ര നേരവും സംസാരിക്കാവുന്ന ഒരേയൊരാൾ ഉപ്പയായിരിക്കും തന്റെ ജീവിതത്തിൽ ഹോസ്റ്റലിലാണെങ്കിൽ ഒരു ദിവസം പോലും വിളിക്കാതിരിക്കാനാവാത്ത സുഹൃത്തും ഉപ്പ തന്നെ.**

ഇംതിയാസിനെ അങ്ങോട്ട് വിളിച്ചപ്പോൾ തെല്ലു ഗൗരവത്തിലായിരുന്നു കോൾ കട്ടു ചെയ്ത്. ആപ്പ് വഴി അയാൾ ഇങ്ങോട്ട് വിളിച്ചു.

'ഞാൻ ഉടനെ പുറപ്പെടും' എന്നയാൾ പറഞ്ഞു. കൂടുതൽ കാര്യങ്ങൾ നമുക്ക് നേരിൽ പറയാമല്ലോ? ഇൻഷാ അള്ളാ... അയാൾ പിണങ്ങിയെന്നു തോന്നി. ചെറിയൊരു സങ്കടം തോന്നാതിരുന്നില്ല. 'പാവം...' നിഹാരക്ക് എന്താണ് കൊണ്ടുവരേണ്ടതെന്ന് അയാളൊടുക്കം ചോദിച്ചു. ഇന്റേണൽ എക്സാമിന്റെ തിരക്കിനെ കുറിച്ച് പറഞ്ഞപ്പോൾ സാരമില്ലെന്ന് ആശ്വസിപ്പിച്ചു.

'ആഴ്ചപ്പതിപ്പിൽ വന്ന കഥ ഞാൻ വായിച്ചു.' അയാൾ പറഞ്ഞു.

ഉള്ളിലൂടെ ഒരു വിറയൽ പാഞ്ഞുപോയി ഹൃദയമിടിപ്പുകൾ മെഗാഫോണിലെന്നവണ്ണം പുറത്ത് കേൾക്കാം.

'എന്നിട്ട്' ശബ്ദത്തിൽ വിറയലുണ്ടായിരുന്നു.

'ശരി കാണാം... അയാൾ ഫോൺ കട്ട് ചെയ്തു.

നിരാശ തോന്നി... എങ്കിലും പുതിയൊരു വികാരം ഇപ്പോൾ അയാളോട് തോന്നുന്നില്ലേ...

ഇതാണോ പ്രണയം ഈ ഹൃദയമിടിപ്പുകളാണോ അതിന്റെ താളം...

അവൾ ഉമ്മയെ കെട്ടിപിടിച്ചു.

'ഓൻ വരുന്നുണ്ട് ഇല്ലേ....'

ങ്ഹാ മോളേ... ശബ്ദത്തിൽ ഇത്രയേറെ ആഹ്ലാദം എങ്ങിനെ വന്നുവെന്ന് മനസ്സിലാകുന്നില്ല.

പച്ചക്കറിയും സാധനങ്ങളുമായി വന്ന ഉപ്പയോട് ഉമ്മ പറഞ്ഞു.

"നിങ്ങളുടെ കളിയൊക്കെ കഴിഞ്ഞു. ഇംതിയാസ് വന്നു. മോളെ അങ്ങോട്ട് കൊണ്ടുപോകും."

പാട്ടും കളിയുമൊക്കെ പിന്നെ അവിടെയാകും. അവനവളെ കൊണ്ടുപോയാലും ഇടക്കിടെ ഞാനവളെ പരോളിലിറക്കി കൊണ്ടു പോരും. നിന്റെ ബിരിയാണിം.. കോഴീം പത്തിരീം തിന്നാനല്ല. ഞങ്ങൾക്കിങ്ങനെ, നെരൂദയേയും ചുള്ളിക്കാടിനെയുകുറിച്ചും സംസാരിച്ചോണ്ട് ബീച്ചിലിരിക്കാൻ"

'ഓ തന്നെ തന്നെ, ഉമ്മ ചിരിച്ചു. നിങ്ങളുടെയൊരു നെരൂദേം ചുള്ളിക്കാടും ഓൻ വിട്ടു തന്നാൽ നല്ലത്.

"എന്തോ നെരൂദയോടും ഉപ്പയോടുമുള്ള സ്നേഹം മറ്റെങ്ങോ വഴിമാറി പോയിരിക്കുന്നു എന്നൊരു സംശയം ഉണ്ടായിരിക്കുന്നു.

ഇംതിയാസ് കഥയെക്കുറിച്ച് എന്താവും സംസാരിക്കുക എന്നതാണിപ്പോഴത്തെ ചിന്ത... കഥ അയാൾക്കിഷ്ടപ്പെട്ടു കാണുമോ.... കഥയിലൂടെ തന്നെ അയാൾക്ക് വായിക്കാനാവുമോ?

അയാൾ ഒന്നു വേഗം വന്നെങ്കിൽ എന്നൊരാഗ്രഹം മനസ്സിൽ

**മാധ്യമപ്രവർത്തനം പഠിക്കുന്ന കഥയിൽ പെണ്ണിനെ പെണ്ണായി നിർത്തി വരക്കാൻ ശ്രമിക്കുന്ന ഞാനും. ഇംതിയാസ് വന്നത് ഒരൊഴിവു ദിവസമാണ്. തലേന്ന് വീട്ടിലെത്തിയ വിവരം അയാൾ ഞങ്ങളെ അറിയിച്ചില്ല. ഒരു പക്ഷേ വലിയ സൽക്കാരങ്ങൾ ഒഴിവാക്കാൻ വേണ്ടി മനപൂർവ്വം ചെയ്തതാവും.**

**അയാൾ എനിക്കായി കൊണ്ടുവന്ന ഉടുപ്പ് മനോഹരമായിരുന്നു. എന്നാൽ എന്റെ ഉള്ളം കൈവരെയെത്തുന്ന നീളം അതിന്റെ കൈകൾക്കുണ്ടായിരുന്നു. കണ്ണുകളൊഴിച്ച് തലമറയ്ക്കാനുള്ള മക്കനകൂടി തുന്നിപ്പിടിപ്പിച്ച പുതിയൊരു ഡിസൈനായിരുന്നു അത്... പർദ്ദയല്ലാത്തൊരു മൂടുപടം.**

മുളപൊട്ടുന്നുവോ?

ഛെ...! ഏതു പെണ്ണും ഒരു പുരുഷന്റെ പ്രശംസയിൽ പെട്ടെന്ന് തരളിതയാവുമോ?

മാധ്യമപ്രവർത്തനം പഠിക്കുന്ന കഥയിൽ പെണ്ണിനെ പെണ്ണായി നിർത്തി വരക്കാൻ ശ്രമിക്കുന്ന ഞാനും. ഇംതിയാസ് വന്നത് ഒരൊഴിവു ദിവസമാണ്. തലേന്ന് വീട്ടിലെത്തിയ വിവരം അയാൾ ഞങ്ങളെ അറിയിച്ചില്ല. ഒരു പക്ഷേ വലിയ സൽക്കാരങ്ങൾ ഒഴിവാക്കാൻ വേണ്ടി മനപൂർവ്വം ചെയ്തതാവും.

അയാൾ എനിക്കായി കൊണ്ടുവന്ന ഉടുപ്പ് മനോഹരമായിരുന്നു. എന്നാൽ എന്റെ ഉള്ളം കൈവരെയെത്തുന്ന നീളം അതിന്റെ കൈകൾക്കുണ്ടായിരുന്നു. കണ്ണുകളൊഴിച്ച് തലമറയ്ക്കാനുള്ള മക്കനകൂടി തുന്നിപ്പിടിപ്പിച്ച പുതിയൊരു ഡിസൈനായിരുന്നു അത്... പർദ്ദയല്ലാത്തൊരു മൂടുപടം.

ഞാൻ മറ്റൊരാളായി മാറിയെന്ന് കണ്ണാടി പറഞ്ഞു. ഉമ്മ അതിന്റെ തുന്നലുകളെ കുറിച്ചു പുകഴ്ത്തി പറഞ്ഞപ്പോഴും ഉപ്പ ഒന്നും മിണ്ടിയില്ല.

"ഇതേത് നിഹാരയാണ് കണ്ണാടിയിൽ കാണുന്ന ഈ നിഹാര... കെ.ആർ മീരയുടെ, മാധവിക്കുട്ടിയുടെയും കഥകളിഷ്ടപ്പെ

ടുന്ന, ജോൺബ്രിട്ടാസിന്റെയും അർണബ് ഗോസ്വാമിയുടെയും അഭിമുഖങ്ങളിലെ വ്യത്യസ്ഥത ഇഷ്ടപ്പെടുന്ന നിഹാരാ... അധ്യാപകരുടെ കണ്ണിലുണ്ണിയായ നിഹാരാ... ഡിബേറ്റുകളിൽ നയനതാരയെയും നിതീഷ് നായരേയും സമർത്ഥമായി പൊളിച്ചടുക്കുന്ന നിഹാര... ഈ മൂടുപടത്തിനുള്ളിൽ...

ഉമ്മ തിരക്കിട്ട പരിപാടികളിലാണ്. ഓർക്കാപ്പുറത്ത് വിരുന്നുവന്ന പുതിയാപ്ളയെ സൽക്കരിക്കാനുള്ള തിടുക്കം. അനിയനെ വിട്ടു കുറേയേറെ ബേക്കറി പലഹാരങ്ങൾ വാങ്ങിച്ചിരുന്നു. നേന്ത്രപ്പഴം കൊണ്ട് ഉന്നക്കായ ഉണ്ടാക്കി ചൂടോടെ മരുമകന് വിളമ്പാനുള്ള തയ്യാറെടുപ്പാണ്. സഹായിക്കാൻ ചെന്നപ്പോൾ വിലക്കി.

"ഓനോട് പോയി സംസാരിക്ക് രണ്ടു കൊല്ലം കഴിഞ്ഞു കാണുന്നതല്ലേ

**"ഓനോട് പോയി സംസാരിക്ക് രണ്ടു കൊല്ലം കഴിഞ്ഞു കാണുന്നതല്ലേ അന്നെ". ഒരു കുസൃതിചിരി ഒളിപ്പിക്കാൻ ശ്രമിച്ചെങ്കിലും അത് പുറത്ത് കണ്ടു. സംസാരിച്ച് പിരിയാൻ നേരം ഇംതിയാസ് പറഞ്ഞു വലിയ ആളും ബഹളവുമൊന്നുമില്ലാതെ നിന്നെ ഞാൻ കൂട്ടിക്കൊണ്ടു പോവും. പക്ഷേ അതിനു മുൻപ് ഒരിടം വരെ പോകാനുണ്ട് നമുക്കൊരുമിച്ച്. ഇംതിയാസിന് കാര്യമായി അവധി കിട്ടാൻ ബുദ്ധിമുട്ടാണെന്ന് കേട്ടിരുന്നു. പരിചയസമ്പന്നനായ ഫാർമസിസ്റ്റിന് ഷാർജയിലെ ഹോസ്പിറ്റലിൽ എന്നും തിരക്ക് തന്നെയാണത്ര.**

അന്നെ". ഒരു കുസൃതിചിരി ഒളിപ്പിക്കാൻ ശ്രമിച്ചെങ്കിലും അത് പുറത്ത് കണ്ടു.

സംസാരിച്ച് പിരിയാൻ നേരം ഇംതിയാസ് പറഞ്ഞു വലിയ ആളും ബഹളവുമൊന്നുമില്ലാതെ നിന്നെ ഞാൻ കൂട്ടിക്കൊണ്ടുപോവും. പക്ഷേ അതിനു മുൻപ് ഒരിടം വരെ പോകാനുണ്ട് നമുക്കൊരുമിച്ച്. ഇംതിയാസിന് കാര്യമായി അവധി കിട്ടാൻ ബുദ്ധിമുട്ടാണെന്ന് കേട്ടിരുന്നു. പരിചയസമ്പന്നനായ ഫാർമസിസ്റ്റിന് ഷാർജയിലെ ഹോസ്പിറ്റലിൽ എന്നും തിരക്ക് തന്നെയാണത്ര. അതിനു മുൻപുള്ള ഓട്ടപ്പാച്ചിലുകൾ. കടത്തിറങ്ങി പുഴക്ക് അക്കരെ ഇറങ്ങുമ്പോഴും വിരലിൽ പോലും തൊടാൻ ശ്രമിച്ചില്ല ഇംതിയാസ്. വല്ലാത്ത ഔപചാരികത അയാളുടെ പെരുമാറ്റത്തിലുണ്ടായിരുന്നു.

കഥയെപറ്റി അയാളെന്തെങ്കിലും പറയുമെന്ന് പ്രതീക്ഷിച്ചിരുന്നു. ഒരെഴുത്തുകാരിയുടെ ആകാംക്ഷ മാത്രമായിരുന്നില്ല. അത് ജീവിതപങ്കാളിയുടെ ആഗ്രഹം കൂടിയായിരുന്നു. അക്ഷമ കാട്ടുന്ന മനസ്സിനെ കടിഞ്ഞാണിട്ടു നിർത്തി.

പള്ളിയുടെ മാതൃകയിൽ പണിതീർത്ത ഒരു പഴയ വീട്ടിലേക്കാണ് ഇംതിയാസ് കൊണ്ടുപോയത്. പഴയ ഓടുകളുടെയും നനഞ്ഞ കൽച്ചുമരുകളുടേയും പൂപ്പൽ മണം പോലൊരു പുരാതനഗന്ധം അവിടെ നിറഞ്ഞിരുന്നു. കരിമ്പച്ച ച്ചായമടിച്ച ജാലകപ്പൊളികൾ പഴയ മുസ്ലീം തറവാടിനെ ഓർമ്മിപ്പിച്ചു.

മുറ്റത്ത് മധ്യവയസ്കരും കുട്ടികളും. ചില വൃദ്ധൻമാരായ സ്ത്രീപുരുഷന്മാർ ഊഴം കാത്തു നിന്നിരുന്നു. ഞങ്ങൾ മുറ്റത്തേക്ക് കടന്നപ്പോൾ എല്ലാ കണ്ണുകളും കൗതുകത്തോടെ ഞങ്ങളിലേക്ക് നീണ്ടു.

ഒന്നും ശ്രദ്ധിക്കാതെ ഇംതിയാസ് കൂട്ടികൊണ്ടു പോയത് വീടിനുള്ളിലേക്കാണ്. അവിടെ പച്ചവിരിപ്പും ചിത്രപണികൾ ചെയ്ത മുസല്ലയും വിരിച്ച കസേരയിൽ തൊപ്പിവെച്ച ഒരു മധ്യവയസ്കൻ ഇരുന്നിരുന്നു. മുന്നിലിട്ട ബെഞ്ചിൽ ഇരിക്കാൻ അയാൾ ആംഗ്യം കാണിച്ചു. 'നിഹാര അല്ലേ പേര്?' അത്ഭുതം തോന്നി. "ഇംതിയാസ് എന്നെ വിളിച്ചിരുന്നു" അയാൾ തുടർന്നു. "എന്താ പഠിക്കുന്നത്".

"ജേണലിസം"

അതായത് പത്രപ്രവർത്തനം. ഞമ്മളെ പെൺകുട്ടികളധികം വന്നു കയറാത്ത മേഖലയാണ് അയാൾ പറഞ്ഞു. ഒരു സമയനിഷ്ടയുമില്ലാത്ത പണിയാണ്. അതോണ്ടാവും.

'അതാണ്' ഇംതിയാസ് പറഞ്ഞു.

'ജോലിക്ക് വിടണോ എന്നു തീരുമാനിച്ചിട്ടില്ല ഉസ്താദേ'

ഇംതിയാസിന്റെ മുഖത്തേക്ക് നോക്കിയിട്ടും ഒന്നും പിടികിട്ടുന്നില്ല. എന്റെ ജീവിതത്തിന്റെ സ്റ്റിയറിംഗ് അയാൾ കയ്യിലെടുത്തു കഴിഞ്ഞോ? ഒരു ചോദ്യം പോലുമില്ലാതെ.

ഉപ്പയും ഉമ്മയുമായുള്ള തർക്കങ്ങളുടെയും പ്രധാനകാരണം തന്റെ പഠിപ്പാണ്.

"പെൺകുട്ടികൾ പഠിച്ചിട്ട് വല്ല്യ കാര്യമൊന്നുല്ല" എന്നാണ് ഉമ്മയുടെ തിയറി. ഇതു തന്നെ ഉമ്മുമ്മയുടേയും. അവരത് ഉമ്മക്ക് നൽകി. ഉമ്മ അത് തനിക്ക് കൈ മാറുന്നതിനിടയിൽ ഉപ്പ തടഞ്ഞു.

"ഞാനത് ചെയ്തില്ലെങ്കിൽ പിന്നെയാര് ചെയ്യും" എന്ന ചോദ്യത്തിൽ വാദങ്ങൾക്ക് അടിവരയിട്ടു.

"പെൺകുട്ടികൾ ജോലിക്കുപോകുന്നത് ഇക്കാലത്ത്

സാധാരണമാണ്". ഉസ്താദ് പറഞ്ഞു. അതിലൊന്നു. ധൃതികൂട്ടണ്ട.

പക്ഷേങ്കില് കഥ എഴുതുന്നത് ശരിയാകൂല. അലുക്കും മുത്തും വെച്ച കള്ളത്തരങ്ങൾ കൂട്ടിക്കെട്ടി പടച്ചുണ്ടാക്കുന്നതാണ് കഥ. ഇബ്‌ലീസിന്റെ തോട്ടത്തിലെ പൂക്കളാണത്. കാണാൻ നല്ല മൊഞ്ചുണ്ടാകും... ആരേയും വശീകരിക്കും. തൊട്ടാൽ...

ഉസ്താദിനോട് യാത്ര പറഞ്ഞിറങ്ങിയപ്പോൾ വല്ലാത്ത ഒരു നിശ്ശബ്ദത രണ്ടുപേർക്കുമിടയിലുണ്ടായിരുന്നു.

"നിഹാരാ... ഈ തട്ടമിടാത്ത തലയിൽ നിന്ന് കഥ എഴുതുന്ന ഇബ്‌ലീസിനെ ഇറക്കീട്ട് മതി നമ്മുടെ വീട്ടു കൂടലും സൽക്കാരവുമെല്ലാം" "നടക്കില്ല എഴുത്ത് നിർത്താനെനിക്ക് പറ്റില്ല." ശബ്ദത്തിന് കനം കൂടി പോയോ എന്ന്...

മുടിയിൽ ചുറ്റിപ്പിടിച്ചത് ഇംതിയാസിന്റെ കയ്യാണെന്നറിഞ്ഞപ്പോൾ നടുങ്ങിപോയി.

"ഈ തലയറുത്തിട്ടാണെങ്കിലും ഈ ഇബ്‌ലീസിനെ ഞാനൊഴിപ്പിക്കും".

ബലമായി അയാളുടെ കൈ വിടുവിച്ചു. ഇംതിയാസിന്റെ മുഖം വിളറിയിരുന്നു.

"സോറി നിഹാരാ... പെട്ടെന്നെനിക്ക്"

ഒന്നും പറയാൻ തോന്നിയില്ല. ചോദിക്കാനുമുണ്ടായിരുന്നില്ല, കടവിലേക്ക് നടക്കാതെ മണൽപരപ്പിലൂടെ ദൂരെ കാണുന്ന പാലം ലക്ഷ്യമാക്കി നടക്കുമ്പോൾ ഇംതിയാസ് വിളിച്ചു പറഞ്ഞു.

"അവിടെയല്ല നിഹാരാ... ഇവിടെയാണ് വണ്ടി".

"എനിക്കിനി ആ വണ്ടി വേണ്ട" എന്ന് മനസ്സിലാണ് പറഞ്ഞത്. ഇംതിയാസ് പിന്നിൽ നിന്ന് കെഞ്ചി വിളിക്കുന്നത് ശ്രദ്ധിക്കാതെ ഫോണെടുത്ത് ഉപ്പയെ വിളിച്ച്.

"ഉപ്പാ... തിരക്കിലാണോ? ഇനി ആണെങ്കിലും ഒരരികിലേക്ക് മാറി നിന്നിട്ട് എനിക്കാ വ്യർത്ഥമാസത്തിലെ നാലുവരി ചൊല്ലിത്തരുമോ... പ്ലീസ്...?"

ശബ്ദമിടറുന്നത് കേട്ടിട്ടാകാം...

"എന്താ മോളേ..." എന്ന ശബ്ദത്തിൽ ആകുലതയുണ്ട്.

**"നിഹാരാ... ഈ തട്ടമിടാത്ത തലയിൽ നിന്ന് കഥ എഴുതുന്ന ഇബ്‌ലീസിനെ ഇറക്കീട്ട് മതി നമ്മുടെ വീട്ടുകൂടലും സൽക്കാരവുമെല്ലാം" "നടക്കില്ല" എഴുത്ത് നിർത്താനെനിക്ക് പറ്റില്ല. ശബ്ദത്തിന് കനം കൂടി പോയോ എന്ന്...**

**മുടിയിൽ ചുറ്റിപ്പിടിച്ചത് ഇംതിയാസിന്റെ കയ്യാണെന്നറിഞ്ഞപ്പോൾ നടുങ്ങിപോയി.**

**"ഈ തലയറുത്തിട്ടാണെങ്കിലും ഈ ഇബ്‌ലീസിനെ ഞാനൊഴിപ്പിക്കും".**

അതങ്ങനെയാണ് മകളുടെ ശബ്ദത്തിലെ നേരിയ വ്യത്യാസങ്ങളെ പോലും പിടിച്ചെടുക്കും.

'ഉപ്പാ... ഒന്നുമില്ല പ്ലീസ്...!'

അതിഥികൾ പോയ്ക്കഴിഞ്ഞു.

കാലൊച്ചകൾ നേർത്തൊടുങ്ങുന്നു

മനസ്സിന്റെ തറ നിറയെ സിഗരറ്റ് കുറ്റികൾ

ഫലിത ഭാഷണോച്ഛിഷ്ടങ്ങൾ

ഫോണിലൂടെ കേട്ടപ്പോൾ ഒന്നു തേങ്ങിപ്പോയി. മനസ്സിൽ അസ്വസ്ഥതകളേറുമ്പോൾ ഉപ്പ ചൊല്ലുന്ന കവിതയാണത്. കുട്ടിക്കാലം മുതൽ അത് കേട്ട് നിശ്ശബ്ദമായിരിക്കും. കവിയുടെ ഘനഗംഭീരമായ സ്വരം അനുകരിച്ച് ഉപ്പ പാടുന്നതും നോക്കി.

'എന്താണ് പ്രശ്നം മോളേ?' കവിതയിലെ ഗാംഭീര്യമല്ല തളർന്ന അച്ഛന്റെ സ്വരം.

'ഒന്നുമില്ല ഉപ്പാ... ടൗണിലേക്ക് വരുമോ... പരോളല്ല എനിക്ക് ജാമ്യം തന്നെ കിട്ടി. ആ സന്തോഷം ആഘോഷിക്കാൻ എനിക്കിന്ന ബീച്ചിലൂടെ നടക്കണം. എന്റെ ഉപ്പ എനിക്ക് വേണ്ടി പാബ്ലോ നെരൂദയെ ചൊല്ലണം.

'ഈ രാത്രിയാണെനിക്കേറ്റം

ശോകഭരിതമായ വരികൾ കുറിക്കുവാൻ'

വന്നു കൊണ്ടിരിക്കുന്ന ഓട്ടോക്ക് കൈ കാണിച്ചു. പിന്നിൽ നിന്നു ഓടി വരുന്ന ഇംതിയാസിനെ ഗൗനിക്കാതെ പറഞ്ഞു.

"സിറ്റിയിലേക്ക് വിട്ടോളൂ."

ചർച്ചാവിഷയം



# വേനൽപ്പനിയിലെ ഉയിർശൈത്യം

ലിജിഷ എ.ടി.

നരച്ചദിനങ്ങൾ. ശാലിനിയ്ക്കു മടുത്തു തുടങ്ങിയിരുന്നു. വേദനയൊക്കെ കുറഞ്ഞു. എങ്കിലും വലിയൊരു ശൽകത്തിനുള്ളിലാണ് താനെന്ന് അവൾക്ക് തോന്നി. രണ്ടായിരം രൂപ കൊടുത്തു സെറ്റ് ടോഫ്ബോക്സ് വെയ്ക്കാത്തതു കൊണ്ട് ഓരോ ചാനലും കൊഴിഞ്ഞ് കൊഴിഞ്ഞ് ഒടുവിൽ ടി.വി തുറന്നാൽ ‘ചീ’ എന്നൊരു ഒച്ചയും കറുപ്പും വെളുപ്പും കലർന്ന പൊട്ടുകളുടെ മിന്നിക്കത്തലും മാത്രമാണ് കാണുന്നത്. പുറത്താണെങ്കിൽ അകാലത്തിലേ മൂത്തു നരച്ച വെയിൽ. ഫോണിൽ ഡാറ്റ കേറ്റാനുള്ള കാശു പോലുമില്ല. സ്റ്റൈപ്പന്റ് മുടങ്ങിയിട്ട് മാസങ്ങളായി.

തേച്ചിട്ടില്ലാത്ത ചുവരുകളിൽ നിറയെ കൂറകളുടെ ഒളിച്ചുകളിയാണ്. മേശപ്പുറത്ത് അടുക്കിവെച്ച പുസ്തകങ്ങൾക്കിടയിലേക്ക് ചിതൽവള്ളികൾ തഴച്ചുവളർന്നിറങ്ങിപ്പോയിരിക്കുന്നു.

മനുഷ്യൻ സ്വയം നിർമ്മിക്കുന്നു, നിശ്ശബ്ദവസന്തം, ശിവജി ആരായിരുന്നു... ആദ്യമെടുത്തു നോക്കിയ എല്ലാ പുസ്തകങ്ങൾക്കുള്ളിലും ചിതലുകൾ ചിത്രപ്പണി ചെയ്തിട്ടുണ്ടായിരുന്നു. മേശപ്പുറത്തു നിന്ന് കറുത്ത ഹിറ്റെടുത്ത് എല്ലാ ചിതലുകളേയും അവൾ കൊന്നൊടുക്കി.

ചിതലുകൾക്ക് കാപ്പിക്കാലുറയും വെളുത്ത ബനിയനും ഇട്ടുകൊടുക്കണമെന്ന് അവൾക്ക് തോന്നി. കഴിഞ്ഞ തവണ ഹോസ്റ്റലിൽ നിന്ന് വന്നപ്പോൾ ചിതലു തിന്നുപേക്ഷിച്ചത് ബാല്യകാലസഖിയും പാവങ്ങളും ആരാച്ചാരുമായിരുന്നു. ബേപ്പൂർ സുൽത്താന്റെ പുസ്തകങ്ങൾ അന്നു ആടു തിന്നെങ്കിൽ ഈ രണ്ടായിരത്തിപ്പതിനാറിൽ ശാലിനിക്ക് തൊന്തരവുണ്ടാക്കുന്നത് ചിതലുകളാണ്. രാത്രിയാണെന്നു കരുതി വഴിതെറ്റി വന്ന ചുണ്ടെലി ശാലിനിയെ കണ്ട് തിരിച്ചോടി കട്ടിലിനടിയിൽ ഒളിച്ചു.

ശാലിനിയുടെ നീണ്ട മുടിയിഴകൾ എണ്ണയില്ലാതെ വരണ്ടിരുന്നു. കുഴിഞ്ഞ കണ്ണുകളെ ജീവിപ്പിക്കാൻ അവൾ കൺമഷിയെഴുതി. കറാമ്പൂവിന്റെ നിറമുള്ള തൊലി, കുളിക്കാതിരുന്നിട്ടും മിനുത്തുകിടന്നു. കുളിച്ചിട്ടെത്ര ദിവസമായി? ജനലിനപ്പുറത്ത് വെയിൽ ഉന്മാദിക്കുകയായിരുന്നു. പനി വരുന്നതുപോലെ നേരിയൊരു വിറയലും തണുപ്പും അവൾക്കനുഭവപ്പെട്ടു. വേനലിൽ പനി പൂക്കുന്നത് ഉയിരിൽ ശൈത്യകാല ഋതുവിനെ വരവേൽക്കാനാണത്രേ! കിഷുവിന്റെ വാക്കുകളാണ്.

“ടീ... പെണ്ണേ, ഞാൻ പോവ്വാണ്. ചെലപ്പം വൈന്നേരാവും വരാൻ.” അമ്മ മുറിയുടെ വാതിൽക്കൽ നിൽക്കുന്നു.

“എങ്ങട്ടാ? തൊഴിലൊറപ്പാ?”

“അല്ല”

“പിന്നെ?”

അമ്മയുടെ മുഖത്ത് ചമ്മൽപ്പാടയുണ്ടായി.

“സമരത്തിനാ”

“സമരത്തിനോ? ഇന്നു സൂര്യൻ കെഴക്കന്നെയല്ലേ ഉദിച്ചത്?” ശാലിനി ജനലിനു പുറത്തേക്കു നോക്കി.

“അതെന്താ അണക്കെ ദൊക്കെ പറ്റൂ? ഞങ്ങക്കു പറ്റൂലേ?”

“പറ്റായ്കയൊന്നൂല്ല്യ. അല്ലാ... ആർക്കെതിരെയാ?”

“ആ ഫിഫ്റ്റിഫിഫ്റ്റിക്കാര്ക്കെതിരാ. ഓരാമിനിഫാഷൻ ജ്വല്ലറീന്റയാൾക്കാരാണ്”. അതുപറയുമ്പോൾ അമ്മയുടെ കണ്ണുകൾ അത്ഭുതം കൊണ്ടു വിടർന്നു തുറിച്ചു.

“ഓ, ഇങ്ങക്കിപ്പഴാണോ ബോധം വന്നത്? ഈ കാര്യം ഞാനെത്ര വട്ടം പറഞ്ഞതാ ഇങ്ങളോട്? മലയാളത്തീ തന്നെയല്ലേ ഞാനും പറഞ്ഞത്? ഇന്നലെ എന്നെപ്പറഞ്ഞതൊക്കെ ഓർമ്മണ്ടോ ഭാർഗവിത്തള്ളേ...”

“ഇക്കോർമ്മല്യ. ജ്ജ് ന്നെ ചോദ്യം ചെയ്യണ്ട കഞ്ഞിണ്ടവ്ടെ, കര്മൂസക്കറീം. ഇന്നൽത്തെ എറച്ചി ചൂടാക്കിവെച്ചിട്ട്ണ്ട്. നക്കീട്ട് മിണ്ടാണ്ട് കെടന്നോളണം.” അമ്മ വെട്ടിത്തിരിഞ്ഞൊരുപോക്ക്,

ഇന്നലെ കണ്ട ഭാർഗ്ഗവിയല്ല ഇന്ന്. എന്തൊരു പരിണാമം! ശാലിനിക്ക് ഇന്നലത്തെ ദിവസം ഓർക്കാതിരിക്കാനായില്ല. സമരം ചെയ്തതിന് കഴിഞ്ഞ ഒരുമാസായിട്ട് ചെവിപൊട്ട്ണ ചീത്തയാണ് അവൾ കേൾക്കുന്നത്.”

“അമ്മാ ഇന്നിത്തിരി ബീഫ് കൊണ്ടരോ?” എന്ന് ചോദിച്ചതാണ് ഇന്നലത്തെ പുകിലിന്റെ തുടക്കം. ചോദിച്ച് കഴിഞ്ഞതും ശാലിനി ചൂണ്ടുവിരൽ കൊണ്ട് രണ്ടു ചെവിയും പൊത്തിപ്പിടിച്ചു. എന്നിട്ടും കട്ടത്തെറി ആന്തരകർണ്ണത്തിലൂടെ സുഖമായൊഴുകി.

“പണ്ടാരകുര്പ്പത്ത്യേ... ചെലയ്ക്കണ്ട നീയ്യ്. അണക്ക് ബീഫ് വേണംല്ലേ. പൈസ അന്റെ മറ്റോൻ കൊണ്ടത്തന്ന്ണ്ടോടി ഒരുമ്പെട്ടോളേ... ചോര നീരാക്കി പഠിക്കാൻ വിട്ടാല് പഠിച്ചാൽപ്പോര. കണ്ടോര് ചത്തേന് ഓള് സമരം ചെയ്യാനെറങ്ങീര്ക്യാ. അന്റെ തന്ത ചത്തപ്പൊ ഇത്ര ദണ്ണം ണ്ടായിണോടീ അണക്ക്?”

**"ടീ... പെണ്ണേ, ഞാൻ പോവ്വാണ്. ചെലപ്പം വൈന്നേരാവും വരാൻ." അമ്മ മുറിയുടെ വാതിൽക്കൽ നിൽക്കുന്നു.**

**"എങ്ങട്ടാ? തൊഴിലൊറപ്പാ?"**

**"എങ്ങട്ടാ? തൊഴിലൊറപ്പാ?"**

**"അല്ല"**

**"പിന്നെ?"**

**അമ്മയുടെ മുഖത്ത് ചമ്മൽപ്പാടയുണ്ടായി.**

**"സമരത്തിനാ"**

**"സമരത്തിനോ? ഇന്നു സൂര്യൻ കെഴക്കന്നെയല്ലേ ഉദിച്ചത്?" ശാലിനി ജനലിനു പുറത്തേക്കു നോക്കി.**

**"അതെന്താ അണക്കെ ദൊക്കെ പറ്റൂ? ഞങ്ങക്കു പറ്റൂലേ?"**

ഹിമഗിരികളാക്കി മനസ്സിൽ സൂക്ഷിച്ചതൊക്കെ ഉരുകിയൊലിച്ചെന്നു വരും. പിന്നെ പ്രളയമാണ്. പിടിവിട്ട് വീണുകൂടാ. ശാലിനി വാതിലടച്ച് മൊബൈലിൽ പാട്ടിട്ടു. ശിശിരകാലത്തിന്റെ രതിക്കുളിരുമായി ദേവരാഗത്തിലെ പാട്ട്.

ഇന്ദ്രിയങ്ങളിൽ ശൈത്യനീലിമ...

സ്പന്ദനങ്ങളിൽ രാസചാരുത...

കണ്ണുപൊട്ടുന്ന ചീത്തപറഞ്ഞിട്ടാണ് പോയതെങ്കിലും തള്ളക്ക് സ്നേഹമുണ്ടായിരുന്നു. കടയിൽ പോയി വരുമ്പോൾ. അരക്കിലോ ബീഫുമായിട്ടാണ്

വന്നത്. വന്ന പാടെ പുതിയ പരാതിസഞ്ചി തുറന്നെന്നുമാത്രം.

“എടീ, നമ്മ്ടെ കാർഡു വർക്കാവ്ണില്ല.”

അതിൽ അത്ഭുതപ്പെടാനൊന്നുമില്ലായിരുന്നു. ശാലിനി എന്നേ പ്രതീക്ഷിച്ചതായിരുന്നു അത്.

“പാതിവെലക്ക് വോട്ടു വിറ്റ കഴുതകളാ നമ്മ്ടെ നാട്ടാര്.” കിഷുവിന്റെ വാക്കുകളാണ് അപ്പോഴും ശാലിനിക്ക് ഓർമ്മ വന്നത്. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് പ്രചരണത്തിനിടയിൽ കിട്ടിയ തല്ലുകളും കൊടുത്ത തല്ലുകളും പാഴായിപ്പോയതിന്റെ രോഷം കൂടി അവന്റെ കണ്ണുകളിലുണ്ടായിരുന്നു അന്ന്.

“എന്തായാലും വല്യ കഷ്ടായി. ഈ കാർഡൊന്ന് നന്നാക്കിക്കിട്ടണേലും ഞാന്തെന്നെ കൊടികുത്തി പോണം. അന്നെക്കൊണ്ടൊക്കെ വല്ല ഒപകാരോംണ്ടോ? ഉപദ്രവല്ലാണ്ടെ, ന്റെ തലേലെഴുത്ത്!” അമ്മ നുള്ളിപ്പെറുക്കിപ്പറഞ്ഞുകൊണ്ട് ഇറച്ചി നന്നാക്കാൻ തുടങ്ങി.

“ഇങ്ങള് നാണുവേട്ടനാ വോട്ട് ചെയ്തേന്ന് ആർക്കാ അറിയാത്തത്! ഇങ്ങളെ കാർഡിനി നന്നാക്കാൻ പറ്റൂല.” ജാക്ക്ലണ്ടൻ കഥകളും വായിച്ച് അട്ടം നോക്കി കിടക്കുന്നതിനിടയിൽ ശാലിനി ഉറക്കെ വിളിച്ചുപറഞ്ഞു. അട്ടത്ത് ഒട്ടിപ്പിടിച്ച എട്ടുകാലിവലകളിലൊന്നിൽ ഒരു പ്രാണി വീണു കഴിഞ്ഞിരുന്നു അപ്പോൾ.

‘അന്റെ കരിനാക്ക് വളച്ച് ഓരോന്ന് പറയല്ലേ കുരിപ്പേ... കാലുർപ്യ ട്ക്കാനില്ല കയ്യില്. തൊഴിലൊറപ്പാണേൽ ലോട്ടറിയടിക്കണപോലെ വന്നാലായി.

പോയാ പോയീന്ന മട്ടാ... സാനങ്ങക്കാണേല് തീപിടിച്ച വെലേം.... ഞാനെന്താക്കാനാ... അന്നെപ്പോലെ  മുടിക്കാനൊര്ത്തീംകൂടിണ്ടെങ്കി, തീർന്നു കഥ.” അമ്മ പ്രാകിക്കൊണ്ട് ഇറച്ചി നന്നാക്കുകയും കഴുകുകയും തൊടിയിൽ പോയി കരിവേപ്പില പൊട്ടിക്കേം ഇറച്ചി അട്പ്പത്ത് വെക്കേം ഒക്കെ ചെയ്തോണ്ടിരുന്നു.

നാലുവർഷം മുൻപാണ് ഫിഫ്റ്റിഫിഫ്റ്റി എന്ന കമ്പനി നാട്ടിൽ ഒരു ഔട്ട്ലെറ്റ് തുടങ്ങിയത്. ഏതു സാധനവും മാർക്കറ്റ് വിലയുടെ പകുതി വിലയ്ക്ക് അവിടെ കിട്ടും. ഉപ്പു മുതൽ കർപ്പൂരം വരെ. പാഡു മുതൽ ഷേവിംഗ്സെറ്റു വരെ. പക്ഷേ, സാധനം പകുതി വിലയ്ക്കു കിട്ടണമെങ്കിൽ കമ്പനിയൊരു കാർഡു തരും. ഫിഫ്റ്റിഫിഫ്റ്റി കാർഡ്. അതു കൊണ്ടു ചെന്നാലേ സാധനം പകുതി വിലയ്ക്കു കിട്ടൂ. കാർഡു കിട്ടാനും വല്യ പ്രയാസമൊന്നുമില്ലായിരുന്നു. വീട്ടിലെ ദാരിദ്രത്തിന്റെ കണക്ക് കണ്ണീരിൽ കുഴച്ചവതരിപ്പിച്ചാൽ മതി. സർക്കാർ ആനുകൂല്യങ്ങൾക്കു വേണ്ടി ദിവസങ്ങളോളം കാത്തുകെട്ടി കിടക്കേണ്ട ദുരവസ്ഥയൊന്നും ഫിഫ്റ്റിഫിഫ്റ്റി കാർഡിന്റെ കാര്യത്തിലില്ല. രണ്ടുദിവസം കൊണ്ട് മണ്ണിന്റെ നിറമുള്ള കാർഡ് കിട്ടും.  നാട്ടിലെല്ലാരും ഫിഫ്റ്റിഫിഫ്റ്റി ഔട്ട്ലറ്റിൽ പോയി സാധനങ്ങൾ

**"അന്റെ കരിനാക്ക് വളച്ച് ഓരോന്ന് പറയല്ലേ കുരിപ്പേ... കാലുർപ്യ ട്ക്കാനില്ല കയ്യില്. തൊഴിലൊറപ്പാണേൽ ലോട്ടറിയടിക്കണപോലെ വന്നാലായി.**

**പോയാ പോയീന്ന മട്ടാ... സാനങ്ങക്കാണേല് തീപിടിച്ച വെലേം... ഞാനെന്താക്കാനാ... അന്നെപ്പോലെ  മുടിക്കാനൊര്ത്തീം കൂടിണ്ടെങ്കി, തീർന്നു കഥ." അമ്മ പ്രാകിക്കൊണ്ട് ഇറച്ചി നന്നാക്കുകയും കഴുകുകയും തൊടിയിൽ പോയി കരിവേപ്പില പൊട്ടിക്കേം ഇറച്ചി അട്പത്ത് വെക്കേം ഒക്കെ ചെയ്തോണ്ടിരുന്നു.**

വാങ്ങാൻ തുടങ്ങി. അതുമാത്രമല്ല, നാട്ടിലെ കല്യാണങ്ങൾക്ക് ഫിഫ്റ്റിഫിഫ്റ്റിക്കാരുടെ പ്രത്യേക സമ്മാനങ്ങളെത്തി. നിർദ്ധനരായ രോഗികൾക്ക് ചികിത്സാസഹായങ്ങളെത്തി. വീടുപണി പൂർത്തിയാകാത്തവർക്ക് കല്ലും മണലും സിമന്റുമെത്തി. ചുരുക്കിപ്പറഞ്ഞാൽ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ സഖാവ് നാണുവേട്ടനും ലീഗ്കുഞ്ഞയമദും ക്ലീനായി തോറ്റു. ഫിഫ്റ്റിഫിഫ്റ്റി കമ്പനിയുടെ പ്രതിനിധി ഉണ്ണികൃഷ്ണൻ നായർ ജയിച്ചു. പഞ്ചായത്തിലെ പത്തൊമ്പതു വാർഡിൽ പതിനേഴും ജയിച്ച് ഫിഫ്റ്റിഫിഫ്റ്റി കമ്പനി ഭരണമേറ്റടുത്തു. അതിനു ശേഷം ഫിഫ്റ്റിഫിഫ്റ്റി കാർഡും കൊണ്ട് ഔട്ട്ലെറ്റിൽ ചെന്ന ചിലർക്ക് സാധനങ്ങൾ കിട്ടാതായി. ‘നിങ്ങളുടെ കാർഡ് വർക്ക് ചെയ്യുന്നില്ല’ എന്ന മറുപടി മാത്രം കിട്ടി. മൂസ്സക്കുട്ടി വല്ലിപ്പ ഫിഫ്റ്റിഫിഫ്റ്റി കമ്പനിയിലെ ജീവനക്കാരോട് അടിയുണ്ടാക്കിയത്  നാട്ടിൽപാട്ടാണ്.

ഒരു ദിവസം ഗോതമ്പും ഓട്സും ഉണക്കസ്രാവും വാങ്ങാൻ ഔട്ട്ലെറ്റിൽ ചെന്ന മൂസ്സക്കുട്ടി വല്ലിപ്പക്ക് ‘നിങ്ങളുടെ കാർഡ് വർക്ക് ചെയ്യുന്നില്ല’ എന്ന മറുപടിയാണ് കിട്ടിയത്.

“കാർഡ് വർക്ക്ണില്ലേല് മാണ്ട. ഇജ്ജാ സീറ്റ്ന്ന് ണീച്ചാണ്ട് സാധനം ട്ത്തന്നാൽ മതി. അനക്ക് ഒണക്കസ്രാവും ഗോതമ്പും കണ്ടാല് പുട്യാടില്ലേ?” വല്ലിപ്പ ജീവനക്കാരനോട് ചൂടായി.

“അയ്യോ അതുപറ്റില്ല ഉപ്പൂപ്പാ. കാർഡ് വർക്ക് ചെയ്യാതെ സാധനം തരാൻ പറ്റില്ല.” എന്നു പറഞ്ഞ ജീവനക്കാരന്റെ കഴുത്തിന് കുത്തിപ്പിടിച്ച് മൂസക്കുട്ടി വല്ലിപ്പ അലറി. “കള്ളഹിമാറേ... അന്റെ തട്ടിപ്പൊന്നും  ഞമ്മള്ടടത്ത് മാണ്ടട്ടോ”. അപ്പുറത്തെ ചായക്കടയിൽ വർത്താനം പറഞ്ഞിരിക്കുകയായി

രുന്ന കിഷുവും മറ്റു ചിലരും ഓടിച്ചെന്ന് വല്ലിപ്പയുടെ കഷണ്ടിത്തലയെ ഒരുവിധം തണുപ്പിച്ചു പതുക്കെ വണ്ടികേറ്റി വിട്ടു.

കുരുമുളകിട്ടു വരട്ടി തേങ്ങാക്കൊത്തും കറിവേപ്പിലയുമിട്ട് വഴറ്റിയ പോത്തിറച്ചി കൂട്ടി ചോറുണ്ണുമ്പോഴാണ് അടുത്ത കുരിശ് കുന്നുകയറി വന്നത്. കുടുംബശ്രീ ഉണ്ടാക്കുന്ന പാഡ് വിതരണം ചെയ്യുന്ന യശോദേച്ചി. മൂപ്പത്തി പതിവു പോലെ പാഡിന്റെ നാലു കൂടെടുത്ത് നീട്ടിയപ്പോൾ തള്ള വീണ്ടും കാറിപ്പൊളിക്കാൻ തുടങ്ങി.

"ഇഞ്ഞിനി ആർക്കാ യശോദേച്ച്യേ... ആകെയൊന്നേണ്ടായിര്ന്നൊള്ളൂ. മാഞ്ഞാളം കൊഞ്ചിക്കൊഞ്ചി ഓളെല്ലാം നശിപ്പിച്ചില്ലേ... ഓൾടെ ഒടുക്കത്തെയൊരു സമരം..."

"ന്റമ്മേ... ഇങ്ങളൊന്ന് നിർത്തോ?"

ശാലിനിയുടെ നിയന്ത്രണം വിട്ടു. കണ്ണുകളിൽ നിന്ന് മഴപോലെ വെള്ളം വീണു. വെന്തു കുതിർന്ന് കുരുമുളക് പിടിച്ച ഇറച്ചികഷ്ണം

സംശയിച്ചു.

"എന്താ സംശയിക്കാൻ? മഴക്കുട്ടൻ, മഴമോൻ..."

ശാലിനി ചിരിച്ചു. ചാരുകസേരയിലെന്നവണ്ണം വർ പരസ്പരമാടിക്കൊണ്ടിരുന്നു.

"അപ്പൊ ട്രാൻസ്ജൻഡറാണെങ്കിലോ, ങ്കിലോ, ങ്കിലോ..." കിഷു പെട്ടെന്ന് ചാടിവീണ് അവർക്കിടയിൽ കുത്തിത്തിരക്കിയിരുന്ന് ചിണുങ്ങി.

"ട്രാൻസ്ജൻഡറാണെങ്കിലും മഴ തന്നെയാ പേര്. അല്ലാ.... ഈ കുരിപ്പെവ്ട്ന്നാ ഇപ്പൊ ചാട്യേത്?" ജഹാംഗീർ കിഷോറിന്റെ വയറിനു കുത്തിപ്പിടിച്ചു.

പ്രശ്നം അത്ര പെട്ടെന്ന് തീരൂലെടാ ജഹീ... പകൽവെട്ടത്തില് മൂങ്ങകളെ കണ്ടാൽ മറ്റുകിളികള് കൊത്തിയാട്ടി അവയെ വീണ്ടും ഇരുണ്ടമാളങ്ങളിലേക്ക് ഓടിക്കും. അതുപോലെത്തന്നെയാ ചെല മനുഷ്യരുടേയും സ്ഥിതി! അല്ലാ... അവിടെല്ലാരും പട്ടിണികെടന്ന് സമരം ചെയ്യുമ്പൊ ഇങ്ങളിവ്ടെ ഇല്ലാത്ത കുട്ടിക്ക് പേരിട്ട് കളിക്ക്യാലേ നായ്ക്ക

## "ഇഞ്ഞിനി ആർക്കാ യശോദേച്ച്യേ... ആകെയൊന്നേണ്ടായിര്ന്നൊള്ളൂ. മാഞ്ഞാളം കൊഞ്ചിക്കൊഞ്ചി ഓളെല്ലാം നശിപ്പിച്ചില്ലേ... ഓൾടെ ഒടുക്കത്തെയൊരു സമരം..." "ന്റമ്മേ... ഇങ്ങളൊന്ന് നിർത്തോ?"

തേങ്ങാക്കൊത്തും ചേർത്ത് ചവച്ചുകൊണ്ടിരിക്കുകയായിരുന്നു അവൾ. സ്വാദെല്ലാം ഒരു നിമിഷം കൊണ്ട് അപ്രത്യക്ഷമായി ചോറ് മുഴുവനാക്കാതെ എണീറ്റ് കൈ കഴുകി അവക ത്തേക്ക് പോയി. ഡ്രസ്സടുക്കിയ ചെറിയ അലമാര തുറന്ന് കഴിഞ്ഞ മാസം ഉപയോഗിച്ചതിന്റെ ബാക്കി വന്ന രണ്ട് പാഡുകളെടുത്തപ്പോൾ ശാലിനിക്ക് അടിവയറ്റിൽ കഠിനമായ വേദനയനുഭവപ്പെട്ടു. ഓരോ മാസവും വെള്ളച്ചിറകുപോലെ വിരിഞ്ഞ് നിന്ന് രക്തതാരങ്ങളെ ഏറ്റുവാങ്ങിയിരുന്നവയാണവ. ഒരു സംഗമത്തിനിടം കൊടുക്കാത്ത ജീവനിലത്തോട് കലഹിച്ചു പോരുന്ന രക്തതാരങ്ങളെ അവൾക്കിഷ്ടമായിരുന്നു. ഒരുപാട് കണ്ണുനീർതുള്ളികൾ വീണ് ആ വെള്ളച്ചിറകുകളിൽ നനവു വൃത്തങ്ങളുണ്ടായി.

"നമ്മുടെ കുഞ്ഞിന് മഴയെന്ന് പേരിട്ടാലോ"

ആകാശമിഠായി എന്ന കൽപ്പറ്റക്കവിത ചൊല്ലിക്കഴിഞ്ഞപ്പോൾ ശാലിനി ജഹാംഗീറിനോട് ചോദിച്ചു സർവ്വകലാശാലയിലെ ഉടൽ നീണ്ട മരങ്ങളിൽ പൂക്കളോടൊപ്പം കാട്ടുകിളികളും വിരിഞ്ഞു പറന്നിരുന്നു. ശാലിനിയും ജഹാംഗീറും പുറതിരിഞ്ഞിരുന്ന് പരസ്പരം രണ്ടുകസേരയായിട്ടുണ്ടായിരുന്നു.

"ആഹാ! കൊള്ളാം. മഴക്കുട്ടി, മഴമോൾ... അപ്പൊ ആൺകുഞ്ഞാണെങ്കിലോ?" ജഹാംഗീർ

ളേ..." കിഷുവും ജഹാംഗീറും രണ്ടു പൂച്ചക്കുട്ടികളെപ്പോലെ പുൽത്തകിടിയിൽ കിടന്ന് അടിപിടികൂടി. കിഷുവിനെപ്പോഴും തെങ്ങിന്റെ മണമായിരുന്നു. കാശിനു മുട്ടുവരുമ്പോൾ തെങ്ങു കേറാൻ പോവാറുണ്ടായിരുന്നു അവൻ. ശാലിനിയുടെ വീടിനടുത്തു നിന്ന് ഒരു കിലോമീറ്റർ അപ്പുറമാണ് അവന്റെ വീട്. കിഷോറും ജഹാംഗീറും ചരിത്രപഠനവിഭാഗത്തിലെ അവസാനവർഷ ഗവേഷകവിദ്യാർത്ഥികളാണ്. ശാലിനി രണ്ടാംവർഷ ജന്തുശാസ്ത്രഗവേഷണ വിദ്യാർത്ഥിയും. ഉപാധികളില്ലാത്ത സൗഹൃദമായിരുന്നു കിഷോറിനോടെങ്കിൽ സൗഹൃദത്തിന്റേയും പ്രണയത്തിന്റേയും അനന്തതയായിരുന്നു ജഹാംഗീറിനോടവൾക്കു തോന്നിയിരുന്നത്.

ശാലിനിയുടേയും ജഹാംഗീറിന്റെയും തലയിൽ കിഴുക്കിക്കൊണ്ട് കിഷു ഓടിപ്പോയി. പിന്നെയവൻ തിരിച്ചുവന്നതേയില്ല. ഒരുപാടൊരുപാട് ഓർമസുഗന്ധം മാത്രം ഭൂമിയിലവശേഷിപ്പിച്ചുകൊണ്ട് അവൻ മാഞ്ഞുപോയി!

സംഭവിച്ചതെന്താണെന്ന് എല്ലാവർക്കുമറിയാം. എന്നാലും പതിവുപോലെ ആരും ഒന്നുമറിഞ്ഞില്ല. കിഷുവില്ലാതായാൽ ശാലിനി മാത്രമല്ല സർവ്വകലാശാലയുടെ മുക്കുംമൂലയും വരെ സമരത്തിനിറങ്ങും. അങ്ങനെയായിരുന്നു അവൻ. പൊട്ടിപ്പോയ ചെരിപ്പുകളും തകർന്ന ഫോണുകളും വലിച്ചുകീറപ്പെട്ട

പുസ്തകങ്ങളും ചോരകൊണ്ടു ചുവന്ന പ്ലക്കാർഡുകളും ഒരു വലിയ നിശബ്ദതയും സർവകലാശാലയുടെ ഗേറ്റിനു മുന്നിൽ അവശേഷിച്ചു. അടിവയറു നോക്കി ചവിട്ടിയ പോലീസുകാരന്റെ മുഖം ശാലിനിക്കൊരിക്കലും മറക്കാനാവില്ല. ജീവനിലത്തിൽ വറ്റാത്ത ചെഞ്ചോലയുണ്ടായത് അങ്ങനെയാണ്.

സമരത്തെ ഭാർഗവിയമ്മ ഏറ്റവും വെറുത്തതും അതുകൊണ്ടാണ്. ആ ഭാർഗവിയമ്മ ഇന്ന് സമരത്തിനിറങ്ങിയിരിക്കുന്നു! ജീവിതത്തെ സ്പർശിച്ചു തുടങ്ങുമ്പോൾ കാലടിയിലെ മണ്ണ് ഒലിച്ചുപോവുക തന്നെയാണെന്ന് തിരിച്ചറിയുമ്പോൾ മാത്രമാണ് എല്ലാ മനുഷ്യരും അതിജീവനത്തെക്കുറിച്ചോർക്കാറുള്ളത്. ചക്ഷുശ്രവണഗളസ്ഥമാം ദർദുരം ഭക്ഷണത്തിനപേക്ഷിക്കുന്നതു പോലെ.

നീരോലിക്കുന്ന് വീടിനു തൊട്ടുമുകളിൽ തന്നെയായിരുന്നു. ചിത്രശലഭങ്ങൾ ഇണചേരാനും തേനുണ്ണാനും കൂട്ടമായെത്തുന്ന നീരോലിമരങ്ങളും കാട്ടുഞാവലുകളും ഇലഞ്ഞിപ്പൂമരങ്ങളും നിറഞ്ഞ നീരോലിക്കുന്നിന്റെ താഴെ ഭാഗത്തുണ്ടായിരുന്ന തെങ്ങുകൾ ഇന്നലെ മാന്തിയിട്ടിരുന്നു. തെങ്ങിന്റെ തല തല്ലിപ്പൊളിച്ച് തെങ്ങിൻതളിരും ഓലപ്പൊടിപ്പുകളും വാരിത്തിന്നുന്ന കുഞ്ഞിമക്കളുടെ ബഹളം കേട്ടപ്പോൾ ശാലിനി പതുക്കെ പറമ്പിലേക്കു കയറി. കുന്നിൻ ചെരുവിലൂടെയായിരുന്നു റോഡ്. റോഡിനോടു ചേർന്ന ഭാഗങ്ങളിലായിരുന്നു തെങ്ങുകളുണ്ടായിരുന്നത്. നീരോലിക്കുന്നിൽ നിന്നൊഴുകുന്ന ചോലവെള്ളം കൊണ്ടാണ് ശാലിനിയുടെ വീടടക്കം കഴിഞ്ഞുകൂടുന്നത്. കൊടുംവേനലിലും താഴ്‌വരകളിലേക്കു ഈർപ്പമണിഞ്ഞ കാറ്റെത്തുന്നത് നീരോലിക്കുന്നിൽ നിന്നാണ്.

വിമാനത്താവളത്തിൽ നിന്ന് പത്തുമിനുട്ടു കൊണ്ട് കള്ളസ്വർണ്ണമെത്തിച്ച് ആഭരണമുണ്ടാക്കാൻ നീരോലിക്കുന്നല്ലാതെ മറ്റേത് സ്ഥലമാണ് നല്ലത്! ജലസമൃദ്ധമായ നീരോലിക്കുന്നിലല്ലാതെ മറ്റെവിടെയാണ് ഒരാഭരണനിർമ്മാണശാലയ്ക്കു പ്രവർത്തിക്കാനാവുക! ആഭരണനിർമ്മാണശാലക്കു ചുറ്റും വീടുണ്ടായാലും സ്കൂളുണ്ടായാലും ഫിഫ്റ്റി ഫിഫ്റ്റി കമ്പനിക്കാർക്കൊന്നുമില്ല. വെള്ളവും വായുവും മണ്ണും വിഷമയമായാൽ കമ്പനി ഭരിക്കുന്ന പഞ്ചായത്തിനും ഒന്നും സംഭവിക്കില്ല. "പകുതി വെലയ്ക്കു വോട്ടു വിറ്റ കഴുതകളാണ് നമ്മ്ടെ നാട്ടുകാര്..." എവിടെയോ പൂത്ത മൈലാഞ്ചി പോലെ, ഓർമഗന്ധം മാത്രമവശേഷിപ്പിച്ച് പെട്ടെന്നൊരു സമരനാൾ, കിഷു അപ്രത്യക്ഷമായതും ഇങ്ങനെയോരോന്ന് പറഞ്ഞു കൊണ്ടാണ്.

"എന്താണു സഖാവേ പണി?"

നരച്ച ദിനങ്ങൾ പൊടുന്നനെ വർണസഞ്ചയ നിമിഷങ്ങൾക്കു വഴി മാറുന്നത് ഇങ്ങനെയാണ്. മുണ്ടു മടക്കിക്കുത്തി ജഹാംഗീർ പറമ്പിലേക്കിറങ്ങി. തെങ്ങിൻ മണ്ടയ്ക്കുള്ളിലേക്ക് കയ്യിട്ട് വെളുത്ത ഇളംതളിരും ഓലപ്പൊടിപ്പുകളും വായിലേക്കിടുകയായിരുന്നു ശാലിനി. അവളുടെ ഇളംപച്ച അടിപ്പാവാടയിലേക്കും അവിടവിടെ കീറിത്തുടങ്ങിയ മഞ്ഞച്ചുരിദാർടോപ്പിലേക്കും ജഹാംഗീർ കുസൃതിയോടെ നോക്കി. അവളെ അങ്ങനെയൊരു വേഷത്തിൽ അവനാദ്യമായി കാണുകയായിരുന്നു.

"ഓ... സഖാവായിരുന്നോ? ഒരു തെങ്ങു തിന്നുവായിരുന്നു."

"തെങ്ങു തിന്നാൻ ഇങ്ങളെന്താ തെങ്ങോലപ്പുഴുവാ?"

"അല്ല. നിന്റെ ബാപ്പ മുഹമ്മദ്കോയ. ഗോതമ്പുണ്ട തിന്നിട്ടാണോടാ. നീയിങ്ങനെ തടിച്ചുരുണ്ടത്?"

ശാലിനി ജാള്യതയെ മറുചോദ്യം കൊണ്ടു മറച്ചു.

"ജയിലിലിപ്പം നല്ല ചപ്പാത്തീം ചിക്കൻകറിയുമാണെടീ..." ഇളംകാപ്പി നിറമുള്ള ജഹാംഗീറിന്റെ

**സമരത്തെ ഭാർഗവിയമ്മ ഏറ്റവും വെറുത്തതും അതുകൊണ്ടാണ്. ആ ഭാർഗവിയമ്മ ഇന്ന് സമരത്തിനിറങ്ങിയിരിക്കുന്നു! ജീവിതത്തെ സ്പർശിച്ചു തുടങ്ങുമ്പോൾ കാലടിയിലെ മണ്ണ് ഒലിച്ചുപോവുകതന്നെയാണെന്ന് തിരിച്ചറിയുമ്പോൾ മാത്രമാണ് എല്ലാ മനുഷ്യരും അതിജീവനത്തെക്കുറിച്ചോർക്കാറുള്ളത്. ചക്ഷുശ്രവണഗളസ്ഥമാം ദർദുരം ഭക്ഷണത്തിനപേക്ഷിക്കുന്നതു പോലെ.**

മുഖത്ത് കുന്നുകയറിയതിന്റെ ക്ഷീണം ചാലുകളായൊഴുകിയിരുന്നു. എങ്കിലും കണ്ണുകളിൽ പ്രണയകിരണങ്ങൾ പുലരിയുണർവായി നിറഞ്ഞു നിന്നു. കുട്ടികൾ വെയിലിനെത്തോൽപ്പിച്ച് തെങ്ങിൻ തളിരുകൾ തിന്നുകൊണ്ടേയിരുന്നു. രക്തപടലങ്ങൾ വളരുകയും വിത്തുകൾ മുളയ്ക്കുകയും ചെയ്യുന്ന ജീവനിലത്തെ, ആശുപത്രിയിലെ മാലിന്യക്കൊട്ടയിലുപേക്ഷിച്ച ദുഃസ്പനം മായിച്ചുകൊണ്ട് ശാലിനിയുടെ ഉടലിൽ വേനൽപ്പനി പൂത്തുലഞ്ഞു തുടങ്ങിയിരുന്നു. എന്നാൽ ഉയിരാകെ ശൈത്യകാലത്തിന്റെ സ്വച്ഛമായ തണുപ്പു പടർന്നതായി അവൾക്കു തോന്നി. ആ ശൈത്യകാല പരിരംഭണങ്ങളിൽ മിതശീതോഷ്ണ ദേശത്തെ വസന്തഗന്ധമാകെയും കാലത്തിന്റെ കൈയ്യബദ്ധം പോലെ നിറഞ്ഞൊഴുകുന്നതും അവളറിയുന്നുണ്ടായിരുന്നു.

ചർച്ചാവിഷയം


മൃദുല പി.

# അച്ചാറുകളുടെ ചരിത്രം

**പു**കമഞ്ഞ് മാറാലകെട്ടിയ പകലുകളെ വകഞ്ഞുമാറ്റുന്ന വഴികൾ എന്നും എത്തിക്കുന്നത് ഒരേ ലക്ഷ്യസ്ഥലത്താണ്. ടി.ബി റോഡിലേക്കു തിരിയുന്ന നാലാമത്തെ ബിൽഡിങ്ങിലെ അഞ്ചാം നില എന്ന മനോരാജ്യത്തിന്റെ ഒരു മൂലയാണ് ലക്ഷ്യം. ദിവസന്തോറും മാറി വരുന്ന കഥകളുടെ കെട്ടിക്കിടപ്പും കുത്തൊഴുക്കും കൊണ്ട് എന്നെ സംബന്ധിച്ചിതൊരു മനോരാജ്യം തന്നെയാണ്. ശ്വാസംമുട്ടി ഏന്തി വലിക്കുന്ന ലിഫ്റ്റുകൾ വലിച്ചു കേറ്റാനില്ലായിരുന്നെങ്കിൽ തെറ്റാവുന്നതേ ഉണ്ടായിരുന്നുള്ളൂ സമയം. അടക്കമില്ലാതെ, ഓരോരുത്തർ വരച്ച ശരികൾക്ക് മീതെ തെറ്റുകോറിയിടുന്ന സമയത്തെ ആ ലിഫ്റ്റ് അത്യാസന്ന നിലയിൽ ശ്വാസം വലിക്കുമ്പോഴും വെല്ലുവിളിക്കുന്നു. പണ്ട് വീട്ടിൽ കിണറീന്ന് വെള്ളം കോരി എടുക്കുമ്പോൾ പുറത്തേക്കിടുന്ന തവളകളെപ്പോലെ കോരി എടുത്ത് എറിയപ്പെടുന്നവരായി ഓരോ നിലയിലേക്ക് സഞ്ചരിച്ചവർ.

കാതുകളെ തുന്നി ച്ചേർക്കുന്ന കീബോർഡിന്റെ ആവർത്തന ശബ്ദവും കഥകൾ നിറഞ്ഞ കടലാസുകളുടെ കരച്ചിലും കാത്തിരുന്ന് മുഷിഞ്ഞ ഗന്ധവും പരസ്പരം മറ്റുള്ളവരെപ്പറ്റിമാത്രം സംസാരിക്കാൻ വിധിക്കപ്പെട്ട ജീവനക്കാരും, കളങ്ങളിൽ ആവാഹിച്ച സർഗ്ഗാത്മകതയും മലർന്നു കിടന്നു നഗരത്തെ തുറിച്ചു മാത്രം നോക്കുന്ന ജാലകങ്ങളുമല്ലാതെ പുതിയൊരു വിശേഷണവുമില്ലാത്ത ഒരു ന്യൂസ് മാഗസിൻ പബ്ലിക്കേഷന്റെ ചുവരുകൾക്കുള്ളിലാണ് ഓരോ പകലും  പറന്ന് നടക്കുന്നത്. ചിലപ്പോൾ രാത്രിയും . ഇരുന്നിരുന്ന് തഴമ്പിച്ച കസേരയിലെ കുഷ്യൻ എന്നോട് സഹതപിച്ചു.

എന്നത്തേയും പോലെ




ഇരുപ്പുറപ്പിച്ച് വൈഫൈ കണക്ട് ചെയ്തപ്പോഴേക്കും മെസേജുകൾ തള്ളി തുറന്നു വന്ന ഫോൺ കലപില ഗർജ്ജിച്ചു.

"മെമ്മറീസ്, നൊസ്റ്റാൾജിയ, സെക്കണ്ടറി ലൈഫ്, ടിസ്സിയൻസ്, ആർട്ട് ആന്റ് ലിറ്ററേച്ചർ, കേരള ടാക്കീസ്, പത്രപ്രവർത്തക സംഘം, മുംബൈ കളക്ടീവ്, ടുഡേ ഗ്രൂപ്പ്..."

വാട്സ്ആപ്പ് ഗ്രൂപ്പുകൾ ഭൂതവും വർത്തമാനവും തമ്മിൽ ട്രാഫിക് ലൈനുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇന്നലെ രാത്രി കൊണ്ട് അക്കങ്ങളായി ചുരുങ്ങിയ ജീവിതങ്ങളാണ് മെസേജുകളുടെ എണ്ണം പെരുപ്പിക്കുന്നത്. ലോഡ് ചെയ്തുകൊണ്ടിരുന്ന ചിത്രങ്ങളെല്ലാം മങ്ങിയ

**കറുപ്പിനു പകരം പച്ചയായിരുന്നെങ്കിൽ ഒരു ഇന്ത്യൻ പതാകയുടെ ക്രിയേറ്റീവ് അഡാപ്റ്റേവിനായി പ്രഖ്യാപിക്കണമായിരുന്നു എന്ന എന്റെ കമന്റ് അവനത്ര രസിച്ചില്ല, ദേഷ്യം പിടിച്ചാൽ സ്ഥിരം ചെയ്യുന്നപോലെ ആസാവിയിൽ എന്തൊക്കെയോ പിറുപിറുത്ത് ഋഷി ഇറങ്ങിപ്പോയി,**





അടയാളങ്ങളെപ്പോലെ ഞാൻ നിശ്ചലമാക്കി.

ഗ്രൂപ്പുകൾക്ക് താഴെ അമ്‌ലാന്റെ ഒരു പേഴ്സണൽ മെസേജ് കണ്ടു. ഇന്നലെ രാത്രിയിലെ നക്ഷത്രങ്ങൾ സൃഷ്ടിച്ച പ്രണയത്തിൽ തുടങ്ങി തർക്കങ്ങൾ അതിർത്തി വരഞ്ഞ പുലർച്ചെ വരെ നീണ്ട സംഭാഷണത്തിന്റെ ബാക്കിപത്രം!

വെടിയൊച്ചകൾ ശരീരത്തിലും മനസ്സിലും ആഴ്ന്നിറങ്ങിയ ഒരു ജനതയുടെ രാത്രി എന്നിൽ നിന്ന് അകലെയായിരുന്നു. വിരലുകൾ മത്സരിച്ച് നടത്തിയ ആശയതർക്കങ്ങളാണ് എന്റെ രാത്രിയെ നീട്ടി വലിച്ചത്. ഫൂക്കോയുടെ ആഖ്യാനത്തിനും വിശദീകരണത്തിനുമപ്പുറം പനോപ്റ്റിക്കോൺ എന്ന അവസ്ഥ ചരിത്രത്തിന് നിഷേധിക്കാനാവാത്ത ഗതികേടു പോലെ ഒരു വാദപ്രതിവാദത്തിനു നടുവിൽ ഞാൻ സ്വേച്ഛാധിപതിയായി. സങ്കൽപ്പങ്ങളിൽ മാത്രം ഒരു വ്യക്തിയുടേതെന്നു കരുതുന്ന ഒരിടത്തിന് ഒരാളെ അടിമയാക്കാനും അധികാരിയാക്കാനും സാധിക്കുന്നു. എന്നിട്ടും സമയത്തെ നിഷേധിക്കാനാവാതെ ആ മെസേജ് ഞാൻ വായിക്കേണ്ടി വന്നു.

"ഫക്ക് യൂ..."

ബീപ് ശബ്ദങ്ങൾ ചെവിയിലേക്ക് തുറന്നു വന്ന ഒരു ഗ്രൂപ്പിലേയും അവസാനത്തെ മെസേജ്

"ഫക്ക് ദി സിസ്റ്റം" എന്നാണ്.

നിർവികാരമായ ഒരു നോട്ടത്തോടെ ഞാൻ ഫോൺ ഓഫാക്കി.

ഒരാഴ്ച മുമ്പ് മാഗസിൻ ഫോട്ടോഗ്രാഫർ ഋഷിയുമായി ജയ്പൂർ പോയി വന്നപ്പോൾ ഒരുപാട് സമയത്തെ തീരുമാനത്തിലും ഒരു നിമിഷത്തെ കൗതുകത്തിലും എടുത്ത കുറച്ച് ഫോട്ടോ ഞാനും ഋഷിയും കൂടി ഓഫീസിലെത്തി വീണ്ടും നോക്കി അയവിറക്കുകയുണ്ടായി. ഓരോ ഫോട്ടോ നോക്കുമ്പോഴും

ഋഷി പറയും, കറുപ്പ്, വെളുപ്പ്, ചുവപ്പ്, "ഈ മൂന്നു നിറങ്ങൾ ഒരു ചിത്രത്തിലെ സ്പിരിറ്റാണ്, അതിങ്ങനെ കാലങ്ങളോളം ജീവിക്കും."

കറുപ്പിനു പകരം പച്ച യായിരുന്നെങ്കിൽ ഒരു ഇന്ത്യൻ പതാകയുടെ ക്രിയേറ്റീവ് അഡാ പ്റ്റേഷനായി പ്രഖ്യാപിക്കാമായി രുന്നു എന്ന എന്റെ കമന്റ് അവ നത്ര രസിച്ചില്ല, ദേഷ്യം പിടി ച്ചാൽ സ്ഥിരം ചെയ്യുന്നപോലെ ആസാവിയിൽ എന്തൊക്കെയോ പിറുപിറുത്ത് ഋഷി ഇറങ്ങിപ്പോ യി, ബാൽക്കണിയിലേക്ക് അടിച്ചു വന്ന കാറ്റിനോട് പ്രതി ഷേധിച്ച് ഗോൾഡൻ പുകകൾ ഊതിവിട്ടു.

ഗൂഗുൾ കാണിച്ചു തന്ന ആസാമിന്റെ ഫോട്ടോ കണ്ട് സബ് എഡിറ്റിംഗ് ഡസ്കിലെ നിതില "വോവ്... എന്തു പച്ച പ്പാർന്ന സ്ഥലം" എന്നുപറഞ്ഞ തിന് കിട്ടിയ മറുപടി എല്ലാവ രുടേം ചെവികളോടായിരുന്നു.

"ഗൂഗിളിന്റെ കണ്ണിൽ നിങ്ങൾ പച്ചമാത്രേ കാണൂ. ട്രാഫി ക്ജാമിലെ വീർപ്പുമുട്ടലിൽ തെളിയുന്ന പച്ച നിങ്ങൾക്ക് നൽകുന്ന ആശ്വാസമല്ല കീറിപ്പ റിഞ്ഞ മണ്ണിലെ പച്ചകൾ."

അന്നും ഋഷി കുറേ കാര്യം മുഴുമിക്കാതെ പോയി പുക ഊതി പടർത്തി. കുറച്ച് കഴിഞ്ഞ് വന്ന് എന്നെ നോക്കി കണ്ണിറുക്കി ക്കൊണ്ട് നിതിലയോട് പറഞ്ഞു "ഈ കേരളത്തിലുള്ളവരെ പോലെ പച്ചപ്പും സ്വർഗ്ഗവും ഒന്നും വേണ്ട ഞങ്ങൾക്ക് ആസ്സാ മിനെ മാർക്കറ്റ് ചെയ്യാൻ. നമുക്ക് ഒരു ദിവസം പോവാം."

ഇന്നിതാ വീണ്ടും കുറേ നിറ ങ്ങൾ തുന്നിച്ചേർത്ത ഫോട്ടോ മെയിൽ ബോക്സിൽ വന്ന ടിഞ്ഞു കൂടിയിട്ടുണ്ട്. കൂടെ എഡിറ്ററുടെ ഒരു നീണ്ട കുറി പ്പും. ഒരു ഞായർ രാത്രി സൃഷ്ടിച്ച പുതിയ കഥകൾ ഇല്ലാത്ത മാഗസിൻ പരാജയമാ ണെന്ന്. കുറേ ആളുകൾ പരാജ യപ്പെട്ടിടത്ത് നമുക്ക് ജയിക്കണമല്ലോ. അതുകൊണ്ട് കവർസ്റ്റോറി യുടെ വിഷയം മാറ്റി എഴുതണം. ഇത്തവണ 'ന്യൂസ് ഏജൻസി' തരുന്ന നല്ല ചിത്രങ്ങൾ നിരത്തി പേജ് നിറക്കാൻ ഋഷിയെ ഇന്നു രാവിലെത്തന്നെ പറഞ്ഞയച്ചിട്ടു ണ്ട്.

**ഇന്നിതാ വീണ്ടും കുറേ നിറ ങ്ങൾ തുന്നിച്ചേർത്ത ഫോട്ടൊ മെയിൻ ബോക്സിൽ വന്നടിഞ്ഞു കൂടിയിട്ടുണ്ട്. കൂടെ എഡി റ്ററുടെ ഒരു നീണ്ട കുറി പ്പും. ഒരു ഞായർ രാത്രി സൃഷ്ടിച്ച പുതിയ കഥകൾ ഇല്ലാത്ത മാഗസിൻ പരാജ യമാണെന്ന് കുറേ ആളു കൾ പരാജയപ്പെട്ടിടത്ത് നമുക്ക് ജയിക്കണമല്ലോ. അതുകൊണ്ട് കവർസ്റ്റോറി യുടെ വിഷയം മാറ്റി എഴു തണം.**

മാർക്കറ്റിൽ നിന്നു നോക്കി വാങ്ങുന്ന ഭംഗിയുള്ള ഏതോ ഒരു വസ്തു മാത്രമായിരുന്നു അയാൾക്ക് ആ ഫോട്ടോഗ്രാ ഫ്സ്. അധികാരവാക്കുകൾ ഉപ യോഗിക്കാത്ത, ക്ലീൻഷേവ്, ആറടി ഉയരമുള്ള വെളുത്ത് മെലിഞ്ഞ അയാൾ മാന്യനാ ണെന്ന പൊതുബോധം എന്നെ തളർത്തി. ഫൈനൽ പ്രൂഫ് കഴിഞ്ഞു വന്ന ലേഖനങ്ങളിൽ വായനക്കാരെ വേദനകൊണ്ടോ ആഹ്ലാദം കൊണ്ടോ പിടിച്ചിരു ത്തുന്ന കവിതകളും പദസമ്പ ത്തുമാണ് അയാളുടെ കണ്ണിലെ തിളക്കം കൂട്ടുക. എല്ലാ മെയിലും വായിച്ചു തീർന്ന ദീർഘനിശ്വാസത്തിൽ ഞാൻ ചുറ്റും നോക്കി. പത്തിരുപത് പേരോളം വരുന്ന സഹപ്രവർത്ത കർ ഒരു മേളയിലെന്നപോലെ പരതി നടക്കുന്നുണ്ട്, ഉറക്കെയു റക്കെ ചർച്ച ചെയ്യുന്നുണ്ട്, കീ ബോർഡുകളെ വിരലുകൊണ്ട് തല്ലിപഠിപ്പിക്കുന്നുണ്ട്. എന്റെ കണ്ണുകൾ തുഫേലിനെയാണ് പരതിയെത്. നാടെവിടെയാ ണെന്ന് പലരും ചോദിക്കുമ്പോൾ കാശ്മീർ എന്ന ഉത്തരത്തിൽ തന്നെ പലരുടേയും നെറ്റിചു ളിഞ്ഞ ഒരു ചിരി ഉറപ്പാ യിരുന്നിട്ടും അവൻ പറയും "വീട് കാർഗിൽ ആണ്. ഇന്ത്യയുടെ യുദ്ധഭൂമി" അതൊരു വിടവായി ഞങ്ങൾ കാണുന്നില്ലെന്ന് പ്രകടി പ്പിക്കുമ്പോഴും ഇവൻ എപ്പോഴും ഇങ്ങനെ തന്നെ ആവർത്തിക്കു ന്നത് എന്തിനാണെന്ന് സംശയി ച്ചിട്ടുണ്ട്.

ഓരോ തവണയും അവൻ വീട്ടിൽ വിളിക്കുമ്പോൾ സ്വിച്ച് ഓഫ് മോഡെന്ന മറുപടിക്കു പോലും ഭയം സൃഷ്ടിക്കാൻ സാധിക്കുകയും, പലപ്പോഴായി നേരിടേണ്ടി വരുന്ന സുഹൃത്തു ക്കളുടെ മരണവാർത്തയും, മാഗസിനിൽ വരുന്ന ചിത്രങ്ങൾ നോക്കി ഓർമ്മകളടയാളപ്പെ ടുത്തി കണ്ണുനിറഞ്ഞ് എഴുന്നേറ്റ് പോകുമ്പോൾ മനസ്സിലാക്കാൻ പറ്റും എന്തിനാണ് 'യുദ്ധഭൂമി' എന്ന് വീണ്ടും വീണ്ടും ഉച്ചരിക്കു ന്നതെന്ന്.

അതൊരു ഓർമ്മപ്പെടുത്തലാ ണ്. ഒരു ജനതയുടെ ആവാസവ്യ വസ്ഥ തോക്കുകളുടെയും പെല്ലറ്റ് ഗണ്ണുകളുടെയും കയ്യേറ്റഭൂമി യാക്കി മാറ്റിയിട്ടും രാവിലെ എഴുന്നേൽക്കുമ്പോൾ ഇന്നലെ കിടക്കുന്നതുവരെ കണ്ട വാർത്ത കളിലെ കണക്കുകൾ ചുവന്ന അക്കങ്ങളിലേക്ക് ചുരുക്കിയ പത്രം കൂടി കണ്ട് സ്ഥിതീകരിച്ച് ചർച്ചക്കിറങ്ങുന്ന നമ്മളോട്.

കഴിഞ്ഞ ദിവസം പാപോ റിലെ കോളേജിൽ നിന്ന് അനി യത്തി വിളിച്ചത് മുതൽ തുഫേൽ അസ്വസ്ഥനാണെന്ന് ഞാൻ ശ്രദ്ധിച്ചിരുന്നു. പക്ഷേ ഒന്നും

ചോദിച്ചില്ല. ആശ്വാസവാക്കുകൾ പറയാൻ  പേടി ആയതുകൊണ്ട് മാത്രം. എന്നിട്ടും ഉച്ചക്ക് ഭക്ഷണം കഴിക്കുന്ന കൂട്ടത്തിൽ അവൻ പറഞ്ഞു.

"പുറമെ പ്രകടിപ്പിച്ചില്ലെങ്കിലും അടുത്ത തവണ കാണുമെന്ന് ഉറപ്പില്ലാതെയാണ് പലപ്പോഴും വീട്ടിൽ നിന്ന് യാത്രയാവുന്നത്. കഴിഞ്ഞ കുറേ വർഷങ്ങളായി ഉമ്മയുടെ കണ്ണിൽ ഭയമല്ലാതെ വേറെ ഒന്നും കണ്ടിട്ടില്ല. ശബ്ദം ചെവികളെ കാർന്നു തിന്നുന്ന രാത്രികളിൽ ഉണർന്നിരിക്കുന്ന എന്നെ ഉമ്മ ചേർത്തു പിടിക്കും. ഉറങ്ങി കിടക്കുന്ന ബൽക്കീസിന്റെ കുഞ്ഞു ചെവികൾ പൊത്തിപ്പിടിക്കാൻ പറയും. ഇന്ന് അവളുടെ കാതുകളെയും ആ ശബ്ദങ്ങൾ ആക്രമിച്ചു തുടങ്ങി. സംസാരിക്കുമ്പോൾ ഭയം മാത്രമാണ് അവൾ പങ്കുവെക്കുന്നത്. ഭക്ഷണം കഴിക്കാനാവാതെ, ഉറങ്ങാനാവാതെ"

തുഫേൽ നിർത്തി, രണ്ടു വിരൽ കൊണ്ടുമാത്രം അനക്കിവെച്ച ഭക്ഷണം നിശബ്ദമായി കരഞ്ഞു. ഇല്ല,  ഇന്ന് തുഫേലിനെ ആരും കണ്ടിട്ടില്ല. മൊബൈൽ സ്വിച്ച്ഓഫ് ആണ്. വാട്സ് ആപ് അവസാനമായി കാണിക്കുന്ന സമയം ഇന്നലെ രാത്രി ഒൻപത് മണിയാണ്. സമയത്തെക്കുറിച്ചുള്ള ബോധം എന്റെ തലച്ചോറിനെ വരിഞ്ഞു മുറുക്കി. ഒരു പുതിയ 'വേഡ്'പേജെടുത്ത് എന്തൊക്കെയോ യാന്ത്രികമായി എഴുതിക്കൊണ്ടിരുന്നു.

നിതില ഭക്ഷണം കഴിക്കാൻ വിളിച്ചപ്പോൾ ബാഗിൽ സ്ഥിരം കരുതാറുള്ള അച്ചാറകുപ്പി ഓർമ്മിപ്പിച്ചു. മരണശേഷം ദഹിപ്പിക്കൽ ചടങ്ങുകൾക്ക് ഏറിപ്പോയാൽ രണ്ടുദിവസമേ ഉള്ളൂ എന്നു കരുതിയ മീൻ വിഭവങ്ങളെ അച്ചാറുകുപ്പികളിൽ അമ്മ സുഖമായി ഒന്നു രണ്ടു മാസത്തോളം തളച്ചിട്ടു.

മാങ്ങ, നെല്ലിക്ക, നാരങ്ങ, ഇരുമ്പ പുളി, ചാമ്പക്ക, വെളുത്തുള്ളി, ബീറ്റ്റൂട്ട്, മീൻ, ഇറച്ചി തുടങ്ങിയവ വാട്സആപ് ഗ്രൂപ്പുകളെപ്പോലെ ഭൂതകാലത്തെ രുചിയുടെ അംശങ്ങൾ പേറി അച്ചാറു കുപ്പികളിൽ ആവാഹിച്ചു നില നിർത്തി. ഓരോ അച്ചാറും പാകം ചെയ്യുന്നവർക്ക് സ്വേച്ഛാധിപതിയുടെ പരമാധികാരവും രുചിക്കുന്നവർക്ക് കവികളുടെ ഗൃഹാതുരത്വമോ കാല്പനികതയോ കൊടുക്കുന്നതു കൊണ്ടാവാം അച്ചാറു കുപ്പികൾ വീണ്ടും വീണ്ടും നിറയുന്നത്.

എന്നിട്ടും ഇന്നാരും അച്ചാറുകളെപ്പറ്റിയും കറികളെപ്പറ്റിയും സംസാരിക്കാതെ ഭക്ഷണം കഴിച്ചു. മാറി വരുന്ന കണക്കുകൾക്കനുസരിച്ച് എഡിറ്റ് ചെയ്യേണ്ടിവരുന്ന ലേഖനങ്ങളെപ്പറ്റി പരാതിപ്പെട്ടു. ഇതുവരെ കിട്ടിയ ചിത്രങ്ങളെ കോമ്പോസിഷന്റേയും അക്കാദമിക് അറിവുകളുടെയും അടിസ്ഥാനത്തിൽ പലരും കീറിമുറിച്ചു. ഒന്നിനും ജീവൻ തോന്നുന്നില്ലത്രേ! ഉണ്ടാവില്ല, കാരണം അതൊന്നും ജീവിതങ്ങളല്ലല്ലോ.... വാഷ്ബേസിനരികിലിരിക്കുന്ന ബക്കറ്റിലോട്ട് ഭക്ഷണം കളയില്ലെന്ന് എത്ര തവണ തീരുമാനിച്ചിട്ടും അന്നും അതു തന്നെ നടന്നു.

കൃത്യമായ ഇടവേളകളിൽ ആവർത്തിച്ചു കഴിക്കേണ്ട മരുന്നുപോലെ ഒന്നുകൂടി ഇന്റർനെറ്റ് കണക്ട് ചെയ്തു, 'പ്രിയപ്പെട്ട കാശ്മീർ' എന്നു തുടങ്ങുന്ന ഫേസ്ബുക്ക് കുറിപ്പുകൾ എന്നെ നിർവ്വികാരയാക്കി. ഇനി എനിക്കും എഴുതാം ഒരു ലേഖനം. കാണാത്ത കാഴ്ചകളെപ്പറ്റി, കേൾക്കാത്ത ശബ്ദങ്ങളെപ്പറ്റി അപ്പോഴും പറയണം കരയുന്നത് എന്റെ കുടുംബാംഗങ്ങളാണെന്ന്.

വാക്കുകളുടെ ചേർച്ച നോക്കി, ആവർത്തനം ഒഴിവാക്കി അളന്ന് മുറിച്ച് സാഹിത്യം തിരുകിക്കേറ്റി ഒരു ലേഖനമെഴുതി തീരാറായപ്പോഴാണ് എഡിറ്ററുടെ അടുത്ത മെയിൽ വന്നത്.

'ഞാൻ അവിടെയില്ല എങ്കിലും നിങ്ങൾ കാര്യങ്ങൾ വൃത്തിയായി ചെയ്തു തീർക്കുമെന്നറിയാം. പക്ഷേ അവസാന പ്രൂഫിംഗിൽ വാക്കുകൾ ഒന്നു കൂടി സൂക്ഷ്മമായി നോക്കണം. നമുക്ക് പക്ഷമില്ല. അതുകൊണ്ട് കണക്കുകൾ മാത്രം കൃത്യമായാൽ മതി. ആര്, ആരെ എന്നുള്ളത് എഴുതേണ്ടതില്ല'.

ആര്? ആരെ? എന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാത്ത ലേഖനം എങ്ങനെ പക്ഷമില്ലാത്തതാകുന്നു. ഇവിടെ രണ്ട് ഉത്തരങ്ങൾ മറച്ചു പിടിക്കുന്ന ഒരു പക്ഷമുണ്ട്. ആ യാഥാർത്ഥ്യം തുറന്ന് എഴുതുന്ന ഓരോ വാക്കിലും എന്റെ കൈവിരലുകൾ തളർത്തി.

'തർക്കമന്ദിരം' തിരുത്തി എഴുതിച്ച എഡിറ്റർ ചുളിയ്യാട് കഥയിൽ നിന്ന് എഴുന്നേറ്റുവരുമെന്ന

**ആര്? ആരെ? എന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാത്ത ലേഖനം എങ്ങനെ പക്ഷമില്ലാത്തതാകുന്നു. ഇവിടെ രണ്ട് ഉത്തരങ്ങൾ മറച്ചു പിടിക്കുന്ന ഒരു പക്ഷമുണ്ട്. ആ യാഥാർത്ഥ്യം തുറന്ന് എഴുതുന്ന ഓരോ വാക്കിലും എന്റെ കൈവിരലുകൾ തളർത്തി.**

പ്രതീക്ഷ മരിച്ചു. നിരാശ കണ്ണുകളിൽ ഇരുട്ട് നിറക്കാൻ തുടങ്ങിയപ്പോൾ ഞാനും ഋഷിയെ അനുകരിച്ചു. ബാൽക്കണിയെ പരിഗണിക്കാതെപോകുന്ന കാറ്റിനെ തോൽപ്പിച്ചുകൊണ്ട് ഞാൻ സ്വർണ്ണപുകകൾ ആകാശത്തിലേക്ക് പടർത്തി.

ഇരുട്ടിന് വിഴുങ്ങാനാവാതെ പ്രതിഷേധത്തോടെ സ്ട്രീറ്റ് ലൈറ്റുകൾ പാതിതുറന്ന ബാൽക്കണിയുടെ ചില്ലുകളെയും കവച്ച് മുഖത്തേക്ക് പടർന്നു തുടങ്ങിയപ്പോഴേക്കും വാക്കുകൾ അടക്കിപ്പിടിച്ച് തുന്നിച്ചേർത്തൊരു കഥ തയ്യാറായിരുന്നു. കേട്ടറിഞ്ഞ, ഊഹിച്ചെടുത്ത, ഊതിപ്പരത്തിയ ജീവിതം!

ഇന്നിനി ഒന്നിനും വയ്യ നാളെ വരാമെന്ന് നിതിലയോട് പറഞ്ഞ് ബാഗ് തോളിലോട്ട് വലിച്ചിട്ടതും ഫോൺ റിംഗ് ചെയ്തതും ഒരുമിച്ചായിരുന്നു. എഡിറ്ററാണ്. ഒരു മെയിൽ ഇന്നിനി ശ്രദ്ധിക്കപ്പെടില്ലെന്ന് ഉറപ്പുള്ളതുകൊണ്ടാണ് ഈ വിളി.

"ആ റെയ്പ് സ്റ്റോറീസ് പുതിയ ലേഖനമായി ചെയ്തു കൂടെ. എല്ലാ പ്രശ്നത്തിന്റേയും കൂട്ടത്തിൽ പറഞ്ഞാൽ ചിലപ്പോൾ ശ്രദ്ധിക്കപ്പെടില്ല."

പല്ലിറുക്കി കടിച്ചു കൊണ്ട് ഞാൻ പറഞ്ഞു.

"പറ്റാവുന്നപോലെ വിശദീകരിച്ചിട്ടുണ്ട്...

"എന്നാലും മറ്റൊന്ന് എഴുതുന്നതല്ലേ ഭംഗി

"സർ അച്ചാർ കഴിച്ചിട്ടുണ്ടോ...?

"എന്താ..?

നല്ല എരിവും പുളിയും ചേർത്ത് എല്ലാത്തിനേയും നമുക്ക് അച്ചാറിടാം. കുറച്ചു വിനാഗിരി കൂടി ചേർത്ത് നീറ്റിച്ച് നീറ്റിച്ച് കാലങ്ങളോളം തൊട്ടുകൂട്ടാം. കഥകളും കാറ്റും കടലും എല്ലാം കുപ്പികളിൽ അച്ചാറിട്ട് സൂക്ഷിക്കണം. സ്രഷ്ടാവിന്റെ സർഗ്ഗാത്മകത കൂടി അതിൽ അടച്ചുവെക്കണം.എന്നാലേ പഴകി പഴകി രുചി പിടിക്കൂ. എന്നിട്ട് സ്പൂണിൽ കോരി ഇടക്കിടക്ക് തൊട്ടുകൂട്ടാം. നാവിൽ വെള്ളമൂറി. മൂക്കു ചീറ്റി നിർവൃതി കൊള്ളാം..

ഹലോ.. ആർ യൂ ദേർ.. എനിക്കു മനസ്സിലാവുന്നില്ല പറയുന്നത്..

അയാളോട് തുടർന്നൊന്നും പറയാൻ ഇല്ലാത്തതുകൊണ്ടും ചെവികൾ എത്രയോ മുൻപേ അടച്ചതുകൊണ്ടും നിശബ്ദമായി ഞാൻ ഫോൺ വെച്ചു.

പെൺപക്ഷം



അജിത കെ.

# നോട്ട് അസാധുവാക്കൽ എന്ന നരേന്ദ്രമോഡി മാജിക്

കഴിഞ്ഞ നവമ്പർ 8-ാംനു നമ്മുടെ കേന്ദ്രസർക്കാർ ഇന്ത്യയിലെ ജനങ്ങളോട് ഒരു യുദ്ധം പ്രഖ്യാപിച്ചു. 500ന്റേയും 1000ത്തിന്റേയും നോട്ടുകൾ അസാധുവാക്കിക്കൊണ്ട് കള്ളപ്പണത്തിനെതിരായ നടപടിയെന്നവകാശപ്പെടുന്ന ഈ നീക്കം പക്ഷേ, സാധാരണക്കാരെ ബാങ്കുകളുടെ മുമ്പിൽ നിത്യച്ചിലവിനുള്ള പണത്തിനു വേണ്ടി ക്യൂ നിൽക്കാൻ നിർബന്ധിതരാക്കിയ കാഴ്ചയാണ് നമ്മൾ കാണുന്നത്. 'കള്ളപ്പണം' എന്ന് സർക്കാർ ഉദ്ദേശിക്കുന്നത് എന്തിനെയാണ് എന്ന് മനസ്സിലാകുന്നില്ല. തീർച്ചയായും വിജയമല്ല്യയേയോ മറ്റ് എഴുപത്തഞ്ചോളം കോർപ്പറേറ്റുകളേയോ അല്ല എന്ന് വ്യക്തമാണ്. കാരണം 7000 കോടി രൂപയിലധികമുള്ള അവരുടെ കടബാദ്ധ്യത ബാങ്കുകൾ 'കിട്ടാക്കട'ത്തിന്റെ ലിസ്റ്റിൽ പെടുത്തി എഴുതിത്തള്ളിയിരിക്കുകയാണ്.

മുകേഷ് അംബാനിയെന്ന റിലയൻസ് മുതലാളി കഴിഞ്ഞ ദിവസം ഈ നടപടിയെ സ്വാഗതം ചെയ്തിരിക്കുന്നു! ഇന്ത്യയെ ഒരു ഡിജിറ്റൽ ഇക്കണോമിയാക്കാനുള്ള ഒരു ചുവടുവെയ്പാണിതെന്ന് പറഞ്ഞുകൊണ്ട് അംബാനി നരേന്ദ്രമോഡിയെ അഭിനന്ദിച്ചിരിക്കുന്നു. അപ്പോൾ കാര്യങ്ങൾ വ്യക്തമാണല്ലോ. കോർപ്പറേറ്റുകൾക്ക് സന്തോഷമായി.

അതേസമയം സഹകരണ മേഖലയെ ആകെ സ്തംഭിപ്പിച്ചിരിക്കയാണ്. കേന്ദ്രസർക്കാർ കള്ളപ്പണ വേട്ടയുടെ പേരിൽ എത്രയോ അദ്ധ്വാനിക്കുന്ന സാധാരണ ജനങ്ങൾ ആശ്രയിക്കുന്ന കേരളത്തിലെ സഹകരണമേഖലയുടെ നട്ടെല്ലൊടിച്ചുകൊണ്ട് മൊത്തം കേന്ദ്രസർക്കാറും റിസർവ് ബാങ്കും ഇന്ത്യയുടെ സമ്പദ്ഘടനയുടെ മേൽ ഏകാധിപത്യത്തിന്റെ പിടിമുറുക്കിയിരിക്കുകയാണ്. കേരളത്തിലെ സാധാരണ ജനങ്ങൾ മാത്രമല്ല, ചെറുകിട കച്ചവടക്കാരും ഇന്ന് അന്ധാളിച്ചു നില്ക്കുകയാണ്. മാർക്കറ്റ് മൊത്തത്തിൽ തകർന്നടിച്ചു കൊണ്ടിരിക്കുകയാണെന്ന് അവർ വിലപിക്കുന്നു. മാർക്കറ്റ് മൊത്തത്തിൽ തകർന്നടിച്ചു കൊണ്ടിരിക്കുകയാണെന്ന് അവർ വിലപിക്കുന്നു. സാഹചര്യങ്ങൾ ഒന്നിനൊന്ന് താഴോട്ടു പോവുകയാണ്. അല്ലാതെ കള്ളപ്പണക്കാർ മാത്രം കഷ്ടപ്പെടുന്ന ഒരു അനുഭവമല്ല നമ്മുടെ മുന്നിലുള്ളത്.


ജനങ്ങൾ വീണ്ടും വീണ്ടും കടുത്ത ദാരിദ്ര്യത്തിലേക്ക് പോവുകയാണ്. തൊഴിലുകൾ നഷ്ടപ്പെടുന്നു, കച്ചവടം ക്രമാതീതമായി കുറയുന്നു. പാർലമെന്റ് മൊത്തം കലുഷിതമാണ്. മോഡിയോട് എതിർത്തുനിൽക്കുന്ന മമതാ ബാനർജിയും അരവിന്ദ് കേജ്രിവാളും ധീരമായ ചെറുത്ത് നില്പ് കാഴ്ചവെക്കുന്നുണ്ട്. കേരളത്തിൽ ഈ സമരങ്ങളൊക്കെ നടന്നു- എൽ.ഡി.എഫിന്റെ നേതൃത്വത്തിൽ തന്നെ. പക്ഷെ ഇതൊന്നും കാണേണ്ടവർ കണ്ടില്ലെന്ന് നടിക്കുന്നു.

ഈ യുദ്ധം ഇനിയും അവസാനിപ്പിക്കാറായില്ലേ മിസ്റ്റർ നരേന്ദ്രമോഡി?

**ചർച്ചാവിഷയം**

# നിറങ്ങൾ ചിതറിയ തീവണ്ടിമുറി(വു)കൾ

**ഷഹന എ.**



ഒതുക്കിവെയ്ക്കലിന്റെ തത്ത്വശാസ്ത്രം ആദ്യമായി പഠിപ്പിച്ചത് മുടിയിൽ തിരുകിയ തുളസിക്കതിരുകൾ ഊർന്നു വീഴാതിരിക്കാൻ മുടിയിഴകൾ വലിഞ്ഞ് മുറുക്കി പിരിച്ചിട്ടു തന്ന അമ്മയായിരുന്നു. ചെറിയൊരു കാറ്റിൽ പോലും കളം വിട്ട് ഒഴുകിപടർന്ന് പുതിയ ഭൂഖണ്ഡങ്ങളുടെ രേഖാചിത്രങ്ങൾ മെനയാൻ സദാസമയം തുളുമ്പികൊണ്ടിരുന്ന നിറക്കൂട്ടുകൾക്ക് കവചമായി അമ്മ വലിയൊരു കൂട് തന്നെ പണികഴിപ്പിച്ചു. ഇന്ന് കമ്പാർട്ട്മെന്റിലെ തറയിൽ പീച്ചി എറിയപ്പെട്ട കളർ ട്യൂബുകളോടൊപ്പം നഗ്നയായി കിടക്കുമ്പോൾ പഠിച്ച പാഠങ്ങളിലെ തെറ്റിന് മൂർച്ച കൂടുന്നു. നിറങ്ങളെ ഊറ്റുന്ന അട്ടകൾ തിളയ്ക്കുമ്പോൾ, കടലുകുറുക്കി ഉപ്പിന്റെ കൊടുങ്കാറ്റുകളായി ആഞ്ഞടിക്കാനാണിനി പഠിക്കേണ്ടത്. അഴുക്ക് ഒലിക്കുന്ന തറയിലെ ചെളിയിൽ കലങ്ങിയ നിറങ്ങളിലോട്ട് ചിന്നുമോൾ പെയ്തിറങ്ങി.

"അമ്മേ വൈകീട്ട് വരുമ്പം കളർപെട്ടി വാങ്ങി കൊണ്ടോരണേ"

രാവിലത്തെ അടുപ്പൂതൽ യജ്ഞവും അടുക്കളയിലെ ഓട്ടപ്രദക്ഷിണവും കഴിഞ്ഞ് ഓഫീസിലേക്ക് ഓടുമ്പോഴാണ് പിറകിൽ നിന്ന് ചിന്നുവിന്റെ വിളിച്ചുപറയൽ. വീടിന്റെ ഗെയ്റ്റടച്ച് തിരിയുമ്പോൾ രവിയുടെ വളർത്തു പക്ഷികളുടെ ചിലകൾക്കൊപ്പം കൂർക്കം വലി പുറത്തേക്ക് ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു. അതിരുകൾ തകർത്ത് പുറത്തേക്ക് ഒഴുകിയിറങ്ങിയ നിറങ്ങൾ കൂടിക്കലർന്ന് സൃഷ്ടിച്ച പുതിയ വർണ്ണക്കാഴ്ചയെ മനസ്സിലാക്കാൻ കഴിയാതെ അന്ധാളിച്ച് കിടന്നപ്പോഴാണ് ട്രെയിനിന്റെ വേഗത കുറഞ്ഞുവരുന്നത് മനസ്സിലായത്.

ഞെട്ടിപ്പിടഞ്ഞ് എണീറ്റു. സാരി വലിച്ചിട്ട് നേരെ

യാക്കി സീറ്റിലോട്ട് ചാഞ്ഞിരുന്ന് കണ്ണുകളടച്ചു. ചങ്കോളം എത്തിയ പൊട്ടൽ അടക്കിപിടിക്കാൻ പാടുപെട്ടെങ്കിലും കണ്ണുകൾ കരുണ കാട്ടാതെ ബണ്ടു പൊട്ടിച്ചു. വെളിയിലൂടെ പാഞ്ഞെത്തിയ തിര കവിളിലമർന്നപ്പോൾ നീറി പുകഞ്ഞു.

പകലിന്റെ ഞരമ്പുകളെ വലിച്ചു പൊട്ടിച്ചു ഇരുട്ട് അതിക്രമിച്ചു കയറിയിരിക്കുന്നു. വൈകീട്ട് സ്റ്റേഷനിൽ വണ്ടി വന്നു നിന്നപ്പോൾ താരതമ്യേന ആളുകൾ കുറവായിരുന്നു. ബാങ്കിലെ ജോലി ദിനംപ്രതി മടുത്തു വരികയാണ്. വിൻഡോ സീറ്റിൽ വന്നിരുന്ന് മാനേജരുടെ അശ്ലീലനോട്ടങ്ങളെ ചവച്ചരച്ച് പുറത്തേക്ക് തുപ്പി പുത്തൻ കാഴ്ചകളെ കൊത്തിയെടുക്കുന്നതിനിടയിലാണ് മുഷിഞ്ഞ വെള്ള ഷർട്ടിട്ട് മുടി നീട്ടി വളർത്തിയ ഒരു ആജാനുബാഹു തന്റെ കയ്യിലെ കളറുപെട്ടി തട്ടിപറിച്ചത്. അയാളുടെ ഞരമ്പ് പൊന്തിയ കൈകൾ ഉയർന്നു പൊങ്ങി കവിളിൽ ആഞ്ഞടിച്ചത് മാത്രമേ ഓർമയിലൊള്ളൂ. നിലതെറ്റി താഴെ വീണു. ട്യൂബുകളിൽ നിന്നും നിറങ്ങൾ പീച്ചിയതും. ചവിട്ടിയരച്ചതും. കളറുപെട്ടി പൊട്ടിചിതറിയതും ഒന്നും താനറിഞ്ഞില്ല.

വണ്ടി നിന്നു. പകുതി തൂങ്ങിക്കിടന്ന കീഴ്ചുണ്ടിനെ സാരിതലപ്പുകൊണ്ടു മറച്ചുപിടിച്ച് വേച്ചു വേച്ച് ബോഗി വിട്ടിറങ്ങി. സ്റ്റേഷൻ പരിസരത്ത് പോലീസുകാർ തട്ടുകടയിലെ ചായയും ഉഴുന്നുവടയും മുറുമുറെ തട്ടി സൊറ പറഞ്ഞിരിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിലായി നാലഞ്ച് യാത്രക്കാരെ നായ്ക്കൾ കടിച്ചു കീറിയതിനാലും തെരുവ് നായ്ക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാലും ആവണം പോലീസ് കാവൽ. പ്രധാന കവാടം വിട്ട് പുറത്തേക്കിറങ്ങിയപ്പോൾ പിറകീന്ന് കേൾക്കാമായിരുന്നു.

"കൊല്ലണം സർ, എല്ലാ

**"വെടിവെച്ച് കൊല്ലണം, ജനാധിപത്യം മൃഗാധിപത്യമായിരിക്കുന്നു. മനുഷ്യന് വഴീലെറങ്ങി നടക്കാൻ പറ്റില്ലാന്നുവെച്ചാല്"**
**കൂട്ടിലിട്ട പക്ഷികളോട് ഗുഡ്നൈറ്റ് പറയാനിറങ്ങിയ രവിക്ക് മുഖം കൊടുക്കാതെ ഉമ്മറത്തേക്ക് കയറിയതും ചിന്നുമോൾ ഓടി വന്നു.**
**"അമ്മേ കളർപെട്ടി എവിടെ?"**
**"അത്... പൊട്ടി പോയി മോളെ,**
**നാളെ പുതിയത് മേടിക്കാം."**
**"അമ്മ സൂക്ഷിച്ച് നടക്കാഞ്ഞിട്ടല്ലേ... നല്ലോണം പൊതിഞ്ഞു വെച്ചൂടായിരുന്നോ. ഞാനിനി എങ്ങനാ പൂമ്പാറ്റയ്ക്ക് നിറം കൊടുക്കാ?"**

നായ്ക്കളേയും

വന്ധ്യംകരണം മാത്രം പോര" ശരീരമാസകലം ചെറിയാൻ പുഴുക്കൾ അരിക്കുകയാണ്. നിരത്തിലെ തൂണിൽചാരി ഓവുചാലിലേക്ക് ഓക്കാനിച്ചു. പുറത്ത് ചാടിയ കൊഴുത്ത ദ്രാവകത്തിൽ പൊന്തിക്കിടന്ന രോമചുരുളുകൾ.

അയാളോട് ഒരു കാര്യത്തിൽ മമതയുണ്ട്. പാളത്തിലെ കൂർത്ത കല്ലുകളിലൂടെ വലിച്ചിഴച്ച് ദൂരെ കൊണ്ടുപോയില്ല. തലയ്ക്കടിച്ച് കൊന്നില്ല. വീടിന്റെ ഗേറ്റിനു സമീപം എത്തിയതും രണ്ടുനായ്ക്കൾ വട്ടം ചാടി കടന്നു പോയി. ഇത് കണ്ടുകൊണ്ടുവന്ന രവി ഉറക്കെ പറയാൻ തുടങ്ങി.

"വെടിവെച്ച് കൊല്ലണം, ജനാധിപത്യം മൃഗാധിപത്യമായിരിക്കുന്നു. മനുഷ്യന് വഴീലെറങ്ങി നടക്കാൻ പറ്റില്ലാന്നുവെച്ചാല്"

കൂട്ടിലിട്ട പക്ഷികളോട് ഗുഡ്നൈറ്റ് പറയാനിറങ്ങിയ രവിക്ക് മുഖം കൊടുക്കാതെ ഉമ്മറത്തേക്ക് കയറിയതും ചിന്നുമോൾ ഓടി വന്നു.

"അമ്മേ കളർപെട്ടി എവിടെ?"

"അത്... പൊട്ടി പോയി മോളെ, നാളെ പുതിയത് മേടിക്കാം."

"അമ്മ സൂക്ഷിച്ച് നടക്കാഞ്ഞിട്ടല്ലേ... നല്ലോണം പൊതിഞ്ഞു വെച്ചൂടായിരുന്നോ. ഞാനിനി എങ്ങനാ പൂമ്പാറ്റയ്ക്ക് നിറം കൊടുക്കാ?"

"മോള് ഉള്ളത് വെച്ച് ചെയ്യ്, അമ്മ കുളിച്ച് വരട്ടെ."

കുളിമുറിയിൽ ഷവറിനു താഴെ നിന്ന് കണ്ണുകളടച്ചു.

ശക്തിയിൽ ശിരസ്സിലേക്കടിച്ച വെള്ളത്തിന്റെ സമ്മർദ്ദത്തിൽ മറഞ്ഞിരുന്ന അട്ടകൾ പൊന്തിവന്നു. മുടിയിലൂടെ തൂങ്ങി മാറിലൂടെ അരിച്ചിറങ്ങിയ അട്ടകളെ കാലുകൊണ്ട് തിരുമ്മിചവിട്ടി. മുറിഞ്ഞ് കഷ്ണങ്ങളായ അവറ്റകൾ ചോരയൊലിപ്പിച്ച് കൊണ്ട് വെള്ളത്തിലൂടെ ഒഴുകി. കുളിമുറിയിൽ നിന്ന് പുറത്ത് കടന്നപ്പോൾ. താഴെ വീണ രാമച്ചം ചകിരിയിൽ ചോരത്തുള്ളികൾ പറ്റിക്കിടന്നു.

പകുതി മുറിഞ്ഞ ചുണ്ട് എപ്രകാരം തുന്നിച്ചേർക്കുമെന്ന് ആലോചിച്ചിരിക്കുമ്പോഴാണ് കഴുത്തിലെ ചുവന്ന പാടുകൾ ശ്രദ്ധയിൽപ്പെട്ടത്. കെട്ട നിറത്തിന്റെ ഓർമ്മകളിൽ തടിച്ചു പൊന്തിയ തിണർപ്പുകളിലേക്ക്

നിറമുള്ള ലോഷൻ പുരട്ടി തടവി. ഷെൽഫിൽ അടുക്കിവെച്ച പുസ്തകത്തിനുള്ളിൽ നിന്ന് മാധവിക്കുട്ടി ഡെറ്റോളിന്റെയും പഞ്ഞിയുടേയും തത്ത്വശാസ്ത്രം പറഞ്ഞു തരുന്നതിനിടയിലാണ് താഴെ നിന്ന് രവിയുടെ മുരൾച്ച "ഭക്ഷണമായില്ലേ"....

സിങ്കിൽ പെറ്റുകൂട്ടിയിട്ടിരിക്കുന്ന പാത്രങ്ങൾ കണ്ട് അരിശം പതഞ്ഞു കയറി. രാവിലത്തെ ഓട്ടപ്രദക്ഷിണത്തിനിടയിൽ ഒരുവിധം ഒതുക്കിവെച്ച് ഓടുന്നതാണ്. വൈകീട്ട് എത്തുമ്പോഴേക്കും വീട് തലകുത്തനെ മറിച്ചിട്ടുണ്ടായിരിക്കും. രവിക്ക് പക്ഷികൾ ജീവനാണ്. വീടിനു പുറത്തെ മാവിൻ ചുവട്ടിലായി ഒരത്യുഗ്രൻ കൂടുണ്ട്. അവറ്റകൾക്ക് ആഹാരം കൊടുക്കാനും കൂട് വൃത്തിയാക്കാനും ഞാൻ തന്നെ വേണം. ഈ ഓട്ടപ്രദക്ഷിണത്തിനിടയിൽ പക്ഷികൾക്ക് കൂടി ഈയുള്ളവൾ ദർശനം കൊടുക്കണമെന്നർത്ഥം.

"അയ്യേ... ഈ അമ്മ ചപ്പാത്തി കേടാക്കി ഇത് സർക്കിൾ മാറി ട്രയാങ്കിൾ ആയല്ലോ."

ചപ്പാത്തി കുഴലിനു കീഴിലമർന്ന മാവിനെ തോന്നിയ പോലെ പരത്തിചുട്ട് രവിക്ക് മുന്നിലിട്ടു കൊടുത്തു. വെള്ളപ്ലേറ്റിൽ വക്കുകൾ പൊട്ടിയും കീറിയും കരിഞ്ഞും ചപ്പാത്തികൾ വെന്തുമലർന്നു കിടന്നു. ഫ്രീസറിൽ കട്ടപിടിച്ചിരുന്ന മീനിനെ മുളകും മഞ്ഞളും തേച്ച് തിളച്ചു മറിയുന്ന വെളിച്ചെണ്ണയിലോട്ട് മറിച്ച് കുത്തി ഇളക്കി. ചോരയൊലിപ്പിച്ച് ഇളകി മാറിയ മീനിന്റെ പൊട്ടുകഷ്ണങ്ങൾ എണ്ണയിൽ കിടന്ന് എരിപൊരി കൊണ്ടു.

പൂമ്പാറ്റയുടെ ചിറകിന്റെ അതിരുകൾ കടന്ന് നിറങ്ങൾ പുറത്ത് പടർന്ന സങ്കടത്തിൽ ചിന്നുമോൾ ചിണുങ്ങികൊണ്ടു വന്നു. വിടർന്ന ചിറകുകളിൽ നിന്നും ചുവപ്പ് തെന്നിമാറിയിരിക്കുന്നു. ഡ്രോയിംഗ് ടീച്ചർ വഴക്കുപറയും. കളംവിട്ട് പുറത്തൊലിക്കാതെ തങ്ങളുടെ നിറങ്ങളെ സംരക്ഷിച്ച കട്ടിയുള്ള അതിരുകളെ കാട്ടി മറ്റു കുട്ടികൾ ചിന്നുവിനെ കൊതിപ്പിക്കും.

**ടി.വി ന്യൂസ് കണ്ടുകൊണ്ടിരുന്ന രവിയുടെ ചോദ്യം പെട്ടെന്നായിരുന്നു.**
**"എന്താ നിന്റെ മുഖം മുറിഞ്ഞിരിക്കുന്നെ**
**വല്ല നായയും കടിച്ചോ?"**
**"അല്ല, ട്രയിനീന്ന് ഒരു പീഡനം കഴിഞ്ഞതാ"**
**കൂസലില്ലാതെ പറഞ്ഞ മറുപടി കേട്ട് പകച്ച രവിയുടെ ശബ്ദത്തെ മറികടന്ന് കൊണ്ട് ന്യൂസ് അവതാരികയുടെ ഗദ്ഗദം പുറത്തുചാടി.**
**"സൗമ്യവധത്തിൽ വേണ്ടത്ര തെളിവുകൾ ലഭിക്കാത്തതിനാലും ബലാൽസംഗം ഒരപൂർവ്വകേസായി പരിഗണിക്കാൻ സാധിക്കാത്തതിനാലും ഗോവിന്ദച്ചാമിയുടെ വധശിക്ഷ സുപ്രീംകോടതി റദ്ദാക്കി".**

വെള്ളം നിറച്ച പഞ്ഞികൊണ്ട് കൂട്ടംതെറ്റി വഴി പിഴച്ച വരകളെ തേച്ചു മായ്ക്കുന്ന ചിന്നുവിന്റെ കയ്യിൽ നിന്നും കറപുരണ്ട പഞ്ഞികളെ തട്ടിപറിച്ച് വേസ്റ്റ്ബാസ്ക്കറ്റിലോട്ട് തട്ടി. അമ്പരന്നു നിന്ന ചിന്നുവിന്റെ കയ്യിലെ പുസ്തകത്തിലോട്ട് നിറങ്ങൾ ചാലുകളിട്ട് ഒഴുകി. മുടിയിഴകളിൽ ശ്വാസം മുട്ടിയ പരിശുദ്ധിയുടെ പച്ച ഇതളുകൾ പുറത്തു ചാടി നെടുവീർപ്പിട്ടു.

അടക്കിവെയ്ക്കലുകളിൽ തളയ്ക്കപ്പെട്ട ചായക്കൂട്ടുകളുടെ കുത്തൊഴുക്കിൽ കറുത്ത വേലിക്കെട്ടുകളെ മുക്കിതാഴ്ത്തി പുതിയ പൂമ്പാറ്റകൾ ചുറ്റും നിറഞ്ഞ സന്തോഷത്തിൽ ചിന്നുവിനെ എടുത്തുപൊക്കി വട്ടം കറങ്ങി.

ടി.വി ന്യൂസ് കണ്ടുകൊണ്ടിരുന്ന രവിയുടെ ചോദ്യം പെട്ടെന്നായിരുന്നു.

"എന്താ നിന്റെ മുഖം മുറിഞ്ഞിരിക്കുന്നെ

വല്ല നായയും കടിച്ചോ?"

"അല്ല, ട്രയിനീന്ന് ഒരു പീഡനം കഴിഞ്ഞതാ"

കൂസലില്ലാതെ പറഞ്ഞ മറുപടി കേട്ട് പകച്ച രവിയുടെ ശബ്ദത്തെ മറികടന്ന് കൊണ്ട് ന്യൂസ് അവതാരികയുടെ ഗദ്ഗദം പുറത്തുചാടി.

"സൗമ്യവധത്തിൽ വേണ്ടത്ര തെളിവുകൾ ലഭിക്കാത്തതിനാലും ബലാൽസംഗം ഒരപൂർവ്വകേസായി പരിഗണിക്കാൻ സാധിക്കാത്തതിനാലും ഗോവിന്ദച്ചാമിയുടെ വധശിക്ഷ സുപ്രീംകോടതി റദ്ദാക്കി".

മുറുക്കിയ കുറുക്കുകൾ അറുത്തു നൽകിയപ്പോൾ കണ്ണുകെട്ടി വെളിച്ചത്തിനായി കരഞ്ഞ ത്രാസുകളിൽ ചോരയും ഇരുട്ടും സമാസമം തൂങ്ങി.

വിനീതാവിജയൻ



വൈകീട്ട് അഞ്ചു മണിയോട് അടുത്ത സമയമായിരുന്നു, ലൈബ്രറിയിൽ നിന്ന് ഇറങ്ങിയപ്പോഴാണ് ചെരിപ്പു പൊട്ടിയത്. കോളേജിന്റെ നടപ്പാതയോരത്ത് ഒരു ചെരുപ്പു കുത്തിയെ കാണാറുള്ളതോർത്തു.ചെരിപ്പ് അയാളെ ഏൽപ്പിച്ചു തയ്ക്കുന്നതിനായുള്ള കാത്തിരിപ്പിനിടയിലാണ് റോഡിനപ്പുറം സുഭാഷ് പാർക്കിന്റെ പ്രവേശന കവാടത്തിനരികിലെ ചില സാധാരണ കാഴ്ചകളിലേക്ക് കണ്ണു ചെന്നത്.ഗേറ്റിനോട് ചേർന്നുള്ള തണൽമരത്തിനു താഴെ കരിക്ക് വെട്ടിക്കൊടുക്കുന്ന തട്ടാണ്. പത്തു നാൽപ്പത് വയസ്സ് പ്രായം വരുന്ന ഒരാളാണ് കച്ചവടക്കാരൻ.ഒരച്ഛനും അമ്മയും ആറേഴു വയസ്സ് പ്രായം വരുന്ന മകളും അയാളുടെ കയ്യിൽ നിന്ന് കരിക്കുവാങ്ങി കുടിക്കുന്നു. ആ കുട്ടിയുടെ ശ്രദ്ധ തന്റെ കയ്യിലിരിക്കുന്ന പീപ്പിയിലേക്ക് ആകർഷിക്കാൻ ആവത് ശ്രമിച്ചു കൊണ്ട് ഏതാണ്ട് അവളുടെ തന്നെ പ്രായമുള്ള ഒരു നാടോടി പെൺകുട്ടിയും അവരെ ചുറ്റിപ്പറ്റി നിൽക്കുന്നുണ്ട് ,കരിക്കുവെട്ടുകാരൻ തിരക്കിട്ട പണിക്കിടയിലും അവൾക്കു നേരേ കയർക്കുന്നുണ്ട്,.കരിക്കു കുടിച്ചു നിന്നവർ പാർക്കിലേക്കും വാഹനങ്ങളിലേക്കും നീങ്ങിയതും കനം കുറഞ്ഞ ഒരു തുണിക്കെട്ട് എന്നതുപോലെ ഒറ്റക്കൈ കൊണ്ട് ആ പെൺകുട്ടിയെ പാർക്കിന്റെ ഇരുമ്പഴികളിലേക്ക് അയാൾ ചേർത്ത് പിടിക്കുന്നതാണ് കണ്ടത്.,. പുറം തിരിഞ്ഞു നിൽക്കുന്ന അയാൾ എന്താണ് അവളോട് ചെയ്യുന്നതെന്നറിയില്ല ,ധൃതിയിൽ തിരക്കേറിയ റോഡ് ക്രോസ് ചെയ്ത് അരികിലെത്തി, 'വിടെടോ' എന്നുറക്കെ അയാളിൽ നിന്നവളെ വിടർത്തി എടുക്കുമ്പോൾ അവളുടെ കുഞ്ഞു കാലുകൾക്കിടയിൽ ബലത്തിൽ

അമർന്നിരിക്കയായിരുന്നു കരിക്കു കത്തി പിടിച്ചു തഴമ്പിച്ച അയാളുടെ കൈകൾ.അയാളുടെ കൈയ്യിൽ നിന്നുർന്ന് മുട്ടുകുത്തി നിലത്തേക്കിരുന്ന ആ പെൺകുഞ്ഞ് വേദനയോടെ കൈകൾ തന്റെ തുടകൾക്കിടയിൽ പൊത്തിപ്പിടിക്കുന്നുണ്ട്. അതിനിടയിലും നിലത്തു വീണു ചിതറി?. അരുത് എന്ന എന്റെ ഉയർന്ന ശബ്ദത്തിനു മുന്നിൽ ഒരു നിമിഷം നിന്നശേഷം കരിക്കുവെട്ടുന്ന കത്തിയെടുത്ത് അയാൾ എനിക്കു നേരെയാണ് തിരിഞ്ഞത്. 'നീയരാടീ.മോളെ, നീ നിന്റെ വഴിക്കു പോ, ഇതൊക്കെ ഇവിടൊള്ളതാ, ആളാകാൻ വന്നാ വന്ന കോലത്തി കുടുമ്മത്ത് പോവില്ല നീ ' അയാളുടെ അസഭ്യം പറച്ചിൽ തുടരുന്നതിനിടയിൽ അവളുടെ ചിതറിയ പീപ്പികൾ ഞാനും ചേർന്ന് പെറുക്കിയടുക്കി, എഴുന്നേൽപ്പിക്കാൻ ശ്രമിച്ചപ്പോൾ അവൾ വേദനയാൽ ഊർന്ന് താഴേക്ക് പോവുന്നു, എന്താണ് എന്ന എന്റെ കണ്ണുകളുടെ ചോദ്യത്തിന് മുന്നിലേക്ക് അവൾ മുട്ടൊപ്പമെത്തുന്ന തന്റെ നരച്ചു പിഞ്ഞിയ പാവാട ഉയർത്തിക്കാട്ടി, അയാളുടെ വിരലുകൾ ബലത്തിൽ അമർന്ന് ചോര പൊടിക്കുന്ന കാലിടുക്ക്, അവൾക്ക് ആ കാലുകൾ ചേർത്തുവച്ച് നടക്കാനാവില്ല, കുഞ്ഞിനെ എടുത്ത് തൊട്ടടുത്ത സർക്കാർ ആശുപത്രിയിലേക്ക് കൊണ്ടുപോയി, മുറിവുമരുന്നു വച്ചു കെട്ടുന്നതിനിടയിൽ പോലീസ് സ്റ്റേഷനിൽ വിളിച്ചു ,അൽപ്പസമയത്തിനുള്ളിൽ സ്ഥലത്തെത്താമെന്നവർ.കുഞ്ഞിനോടൊപ്പം ഞാനവിടെ എത്തുമ്പോഴും അവൻ തെറി പറച്ചിൽ നിർത്തിയിട്ടുണ്ടായിരുന്നില്ല ., പോലീസ് എത്തി, വനിതാ

**ശരി നിങ്ങൾ സ്റ്റേഷനിലേക്ക് വന്നോളൂ ഞങ്ങൾ ഇവനെ കൊണ്ടു പൊയ്ക്കോളാം എന്ന് പറഞ്ഞ് അവർ അവനെ വണ്ടിയിൽ കയറ്റി കൊണ്ടുപോയി. നടക്കാൻ പ്രയാസപ്പെട്ടിരുന്ന അവളെ, ആശുപത്രിയിലെ പരിചയക്കാരിയായ ഒരു ചേച്ചിയുടെ അടുത്ത് അൽപ്പസമയം നോക്കാൻ ഏൽപ്പിച്ച ശേഷം സ്റ്റേഷനിലേക്ക് പോയി.**

പോലീസും ഉണ്ട് ഞാനവരോട് ഉണ്ടായ കാര്യങ്ങൾ വിശദീകരിച്ചു. പോലീസ് വന്നതു കണ്ട് ചെറുതല്ലാത്ത ആൾക്കൂട്ടവും. പോലീസുകാർ കുഞ്ഞിനോട് കാര്യങ്ങൾ തിരക്കി, അവൾ തനിക്കറിയുന്ന മലയാളത്തിലും ആംഗ്യ ഭാഷയിലും അപ്പോഴുണ്ടായ ദുരനുഭവവും പല തവണകളിലായി അയാൾ നിർബ്ബന്ധിച്ച് അവളെ ഭീഷണിപ്പെടുത്തി അയാൾവായിൽ വച്ചു ചെയ്യിപ്പിക്കുന്ന കാര്യവും ഒക്കെ പോലീസുകാരോട് നിസ്സഹായയായി പറയുന്നത് കരളു നുറുങ്ങിയാണ് കണ്ടു നിന്നത്. കുഞ്ഞിനെ വിശദ വൈദ്യ പരിശോധനക്ക് വിധേയയാക്കണമെന്നും എന്റെ പരാതിയുൾപ്പെടെ ചേർത്ത് അയാൾക്കെതിരേ കേസ് എടുക്കണമെന്നും ഞാൻ പറഞ്ഞു. ശരി നിങ്ങൾ സ്റ്റേഷനിലേക്ക് വന്നോളൂ ഞങ്ങൾ ഇവനെ കൊണ്ടു പൊയ്ക്കോളാം എന്ന് പറഞ്ഞ് അവർ അവനെ വണ്ടിയിൽ കയറ്റി കൊണ്ടുപോയി. നടക്കാൻ പ്രയാസപ്പെട്ടിരുന്ന അവളെ, ആശുപത്രിയിലെ പരിചയക്കാരിയായ ഒരു ചേച്ചിയുടെ അടുത്ത് അൽപ്പസമയം നോക്കാൻ ഏൽപ്പിച്ച ശേഷം സ്റ്റേഷനിലേക്ക് പോയി.

സ്റ്റേഷനിൽ ചെന്നപ്പോൾ അറിയുന്നു കേസ് പോലും ചാർജ്ജ് ചെയ്യാതെ മിനിട്ടുകൾക്കുള്ളിൽ അവർ അയാളെ വിട്ടയച്ചിരിക്കുന്നു. എന്തുകൊണ്ട് അങ്ങനെ ചെയ്തു എന്ന ചോദ്യത്തിന് പോലീസുകാരന്റെ മറുപടി ' അവന് കൊടുക്കേണ്ടതൊക്കെ ശരിക്ക് കൊടുത്തിട്ടുണ്ട്. അയാളൊക്കെ കള്ളും കഞ്ചാവും ഒക്കെ വലിച്ചു കേറ്റി ബോധമില്ലാതെ നടക്കുന്നോരാ, വെറുതേ വേണ്ടാത്ത പ്രശ്നങ്ങളിൽ കൊണ്ടോയി തല വയ്ക്കണോ, തന്നേമല്ല ആ പെങ്കൊച്ച് നാടോടിക്കൂട്ടത്തിലെയല്ലേ, അവർക്കിതൊക്കെ പതിവാ ,വിട്ടു കളയ്'.... ഈ ,അനുഭവം ഈയൊരു നാടോടി പെൺകുട്ടിയുടെ കാര്യത്തിലോ എനിക്കോ മാത്രമായി ഉണ്ടായതാവില്ല എന്ന് കൃത്യമായ ബോധ്യത്തോടെയാണ് ഇക്കുറിപ്പ് എഴുതുന്നതും. വിപരീത ജീവിത സാഹചര്യങ്ങൾ മൂലം അവൾ നടന്ന അതേ തെരുവുകളിൽ ലോട്ടറി ടിക്കറ്റും അന്തിപ്പത്രവും വിറ്റ് പഠനകാലം കഴിക്കേണ്ടി വന്ന ഒരു ഭൂതകാലം അധികമൊന്നും പുറകോട്ട് പോകാതെ എനിക്കുമുണ്ടായിരുന്നതിനാൽ പറയാതെ വയ്യ, തെരുവുകളിൽ കയ്യേറ്റം ചെയ്യപ്പെടുന്ന നാടോടി ബാലികയുടെടെ നിസ്സഹായാവസ്ഥ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഒരു തവണയെങ്കിലും

അനുഭവിച്ചിട്ടുള്ളവരാണ് നാമോരോരുത്തരും

ശരീരത്തിനു നേരേ നീളുന്ന വിരലുകൾക്കും, ആത്മാഭിമാനത്തിനു നേരേ അഹന്തയോടെ ഉയരുന്ന അധിക്ഷേപ വാക്കുകൾക്കും മുന്നിൽ പ്രതികരിക്കുന്ന സ്ത്രീ തന്റേടിയും തെറിച്ചവളും ആയി ഒറ്റയാക്കപ്പെടുന്നു. തന്റെ ശരീരം പറിച്ചു കീറിത്തിന്നവരിൽ ഏതവനിൽ നിന്നാണ് അധികം സുഖം കിട്ടിയത് എന്ന ചോദ്യം കൊണ്ട് നുറുങ്ങിപ്പോവുന്നു... ചാനൽ കാമറകൾ ,ഓൺലൈൻ ആക്ടിവിസ്റ്റുകൾ മുഖം വെളിയിൽ കാണിക്കാനാനുള്ള, പേരു വെളിപ്പെടുത്താത്തതിലുള്ള അധൈര്യത്തെ അപലപിച്ചു കൊണ്ട്. ഇരയുടെ മാനുഷികാവകാശങ്ങളെക്കുറിച്ച് വികാരഭരിതരാവുമ്പോൾ ചിലത് നാമോർക്കണം.സൂര്യനെല്ലി പെൺകുട്ടിയോട്, പേരു വെളിപ്പെടുത്താൻ എന്തുകൊണ്ടാണ് ഭയക്കുന്നത്, മുഖം വെളിപ്പെടുത്താത്തത് എന്തുകൊണ്ടാണ് എന്നീ ചോദ്യങ്ങൾ മാധ്യമ പ്രവർത്തകയായ സ്ത്രീ ചോദിച്ചപ്പോൾ അവൾ പറഞ്ഞ മറുപടി 'ഉത്തരവും ചോദ്യത്തിലുണ്ട് എനിക്ക് ഭയമാണ്. ആരും എന്റെ മുഖം കാണുന്നതോ തിരിച്ചറിയുന്നതോ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ കൂടപ്പിറപ്പിനു പോലും എന്റെ മുഖം കാണുന്നത് വെറുപ്പാണ്' എന്നാണ്, ഭയത്തിന്റെ പരകോടിയോളം ശരീരത്തിന്റെയും മനസ്സിന്റെയും ഓരോ അണുവും തള്ളിയിടപ്പെട്ട ഒരുവളാണ്, അതിലുമേറെ സമൂഹത്തെ ഭയക്കുന്നത്. അത് നിസ്സാരമായ കാര്യമല്ല. ഭയപ്പെടുത്തുന്ന എല്ലാ സാഹചര്യങ്ങളും നിലനിൽക്കുന്ന സാമൂഹ്യാന്തരീക്ഷത്തിൽ നിന്നു കൊണ്ടാണ് സമൂഹം അവളോട് 'നിങ്ങൾ ഇരയല്ലേ, എന്തിന് മുഖംമറയ്ക്കണം? പേരൊളിക്കണം? തെറ്റുകാരല്ലേ മുഖം മറയ്ക്കേണ്ടത്?' എന്ന് ധാർമ്മിക രോഷം കൊള്ളുന്നത്. ജ്യോതിയെന്നും ജിഷയെന്നും ശാരിയെന്നും അനഘയെന്നും മരണശേഷം പേരും ചിത്രവും വെളിപ്പെടുത്തപ്പെട്ട പെൺകുഞ്ഞുങ്ങൾക്ക് നമ്മുടെ നിയമം എത്ര 'നീതിപൂർവ്വവക' മായ നിർവ്വഹണമാണ് നടത്തിയത് എന്ന് എത്രയോ തവണകളായി നാമറിഞ്ഞു കൊണ്ടേയിരിക്കുന്നു. എന്നിട്ടും ജീവിച്ചിരിക്കുന്നേടത്തോളം കാലം ജീവപര്യന്ത തടവിന്റെ നരകയാതനകൾ അനുഭവിക്കാൻ നിർബ്ബന്ധിതരാക്കുകയാണ് നമ്മൾ മലയാള സാഹിത്യവും ഭാഷയും ആണ് എന്റെ ഗവേഷണ മേഖല. ശ്രേഷ്ഠ ഭാഷയെന്നു പുരസ്കരിക്കപ്പെട്ട എന്റെ മലയാളം ഒരു സ്ത്രീയുടെ സവിശേഷ വ്യവഹാര ഭാഷയെന്ന നിലയിൽ ആ ശ്രേഷ്ഠത അശേഷവും അർഹിക്കുന്നില്ല എന്നു മാത്രമല്ല പലയിടങ്ങളിലും ഭാഷ സ്ത്രീവിരുദ്ധമാവുന്നുവെന്ന് പറയേണ്ടിയും ഇരിക്കുന്നു 'ഭാഷാ വ്യവഹാരങ്ങളിലെ പൊതുപദങ്ങളിൽ നിന്ന് സ്ത്രീകളെ ഒഴിവാക്കുന്ന തരത്തിൽ ഉള്ള പ്രയോഗങ്ങൾ, (മനുഷ്യൻ പോലെ, സ്ത്രീ സാന്നിദ്ധ്യത്തെ ഒളിച്ചു വയ്ക്കുന്ന തരത്തിൽ ഉള്ളവ) സ്ത്രീകളെ രണ്ടാം കിടക്കാരാക്കിയുള്ള പ്രയോഗങ്ങൾ, സ്ത്രീകളുടെ പദവികളെ ഒരേ തരത്തിൽ ചിത്രീകരിക്കുന്നവ (നമ്മുടെ കുഞ്ഞുങ്ങളുടെ പ്രൈമറി പുസ്തകങ്ങൾ നോക്കുക, അവിടെ അമ്മ അടുക്കളയിൽ ഭക്ഷണം പാകം ചെയ്യുന്നവളും കുഞ്ഞുങ്ങളെ സ്കൂളുകളിലേക്ക് ഒരുക്കി അയക്കുന്നവരും മാത്രമാണ്) തുടങ്ങി ഇത്തരത്തിൽ ഉള്ളവ ഭാഷാ വ്യവഹാരത്തിൽ നിന്നും ഒഴിവാക്കി ഭാഷയെ ലിംഗ പക്ഷപാതിത്വത്തിൽ നിന്ന് മോചിപ്പിക്കാനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ എൻ.സിറ്റി' ഇ (NCTE) മുന്നോട്ടുവച്ചിട്ട് വർഷം ഇരുപത്തഞ്ചു കഴിഞ്ഞിരിക്കുന്നു: യാതൊരു പരിഷ്ക്കരണ നടപടികളും അതിന്മേൽ ഇക്കാലത്തോളം ഉണ്ടായിട്ടില്ല.

**ഭയപ്പെടുത്തുന്ന എല്ലാ സാഹചര്യങ്ങളും നിലനിൽക്കുന്ന സാമൂഹ്യാന്തരീക്ഷത്തിൽ നിന്നു കൊണ്ടാണ് സമൂഹം അവളോട് ''നിങ്ങൾ ഇരയല്ലേ, എന്തിന് മുഖംമറയ്ക്കണം? പേരൊളിക്കണം? തെറ്റുകാരല്ലേ മുഖം മറയ്ക്കേണ്ടത്?'' എന്ന് ധാർമ്മിക രോഷം കൊള്ളുന്നത്. ജ്യോതിയെന്നും ജിഷയെന്നും ശാരിയെന്നും അനഘയെന്നും മരണശേഷം പേരും ചിത്രവും വെളിപ്പെടുത്തപ്പെട്ട പെൺകുഞ്ഞുങ്ങൾക്ക് നമ്മുടെ നിയമം എത്ര ''നീതിപൂർവ്വവക' മായ നിർവ്വഹണമാണ് നടത്തിയത് എന്ന് എത്രയോ തവണകളായി നാ മറിഞ്ഞു കൊണ്ടേയിരിക്കുന്നു**

കീഴടക്കലിന്റെ ഭാഷ അവമതിക്കലിന്റെ ഭാഷ കൂടിയായി തുടരുന്നു. ഒരു സ്ത്രീക്ക് അവളുടെ പ്രസവ കാലത്തെയോ ലൈംഗികാനുഭവങ്ങളെയോ പോലും പറയാനാവാത്ത തരം അലിഖിത പരിമിതികൾ ഉള്ള ഭാഷയാൽ അവളെങ്ങനെയാണ് തന്റെ മനസ്സിനും ശരീരത്തിനു മേറ്റ നരകയാതനകളെ നിയമജ്ഞർക്കു മുന്നിൽ തുറന്നു കാട്ടുക? ഉപദ്രവിച്ചു എന്ന വാക്കു മാത്രമാണ് ഇരയായ പെൺകുട്ടി പറഞ്ഞുഎന്നത് എതിർ ഭാഗത്തിന് അവളുടെ മേൽ തറക്കാനുള്ള ആണികളായി മാറ്റിയ കാഴ്ച യും, നടന്ന് എട്ടു മാസങ്ങൾക്കു ശേഷം ഇരകൾ കൊടുത്ത മൊഴിയിൽ പീഡനത്തെക്കുറിച്ചുള്ള വൈകാരിക വെളിപ്പെടുത്തലുകൾ ഇല്ലായ്കയാൽ അവ ഉദാസീന മൊഴികളായി കണക്കാക്കണം എന്ന തരത്തിലുള്ള വാദങ്ങളും പ്രതിയുടെ 'സത്യസന്ധത, തെളിയിക്കുന്നതിനുള്ള മാനദണ്ഡമായി വ്യാഖ്യാനിക്കപ്പെട്ടതും നിസ്സംഗതയോടെ കേട്ടു നിന്നപ്പോഴും ഭാഷയുടെ ശേഷിയില്ലായ്മയെക്കുറിച്ചുള്ള പുനർ വിചിന്തനം നടത്തിക്കാണുന്നില്ല എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്

ഭാഷയുടെ വ്യവഹാര തലത്തിൽ മാത്രമല്ല പ്രയോഗ തലത്തിലും ഇതേ സ്ത്രീവിരുദ്ധത പ്രത്യക്ഷ തലത്തിൽ കാണാനാവുന്നത് പത്രമാധ്യമങ്ങളിലെ റിപ്പോർട്ടുകളിലാണ് 'കടലിൽ ചാടിയ കമിതാക്കളിൽ കാമുകി നീന്തി രക്ഷപ്പെട്ടു' എന്നു മുഖ്യ ടൈറ്റിലും കാമുകന്റെ മൃതദേഹം കരയ്ക്കടിഞ്ഞു എന്ന് സബ്ടൈറ്റിലും കൊടുത്തിരിക്കുന്ന ഒരു വാർത്ത കഴിഞ്ഞ ദിവസം ശ്രദ്ധയിൽ പെട്ടു .കടലിൽ വീണോ/ ചാടിയോ ഒരുവൻ മരിച്ച നിർഭാഗ്യകരമായ സംഭവത്തേക്കാൾ പ്രാധാന്യം നൽകാൻ ശ്രമിച്ചു കണ്ടത് കാമുകി നീന്തി രക്ഷപ്പെട്ടു എന്ന മഹാപാതകത്തിനാണ്. മറിച്ച് മരിച്ചത് സ്ത്രീയായിരുന്നെങ്കിൽ കടലിൽ ചാടിയ സ്ത്രീ മരിച്ചു എന്നു മാത്രമാവും വാർത്ത. ഇതേ ഇരട്ടത്താപ്പ് സ്ത്രീ ഉൾപ്പെടുന്ന കുടുംബ ആത്മഹത്യകളുടെ വാർത്തകൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോഴും വേറിട്ടു വായിക്കാം. കാമ്പസുകൾക്കുള്ളിലെ മോറൽ പോലീസിംഗുകൾക്കും വിധേയരാവുന്നതു പലപ്പോഴും പെൺകുട്ടികൾ മാത്രമാണ്. കോഴിക്കോട് ജില്ലയിൽ നിന്ന് ഈയടുത്ത ദിവസം പുറത്തു വന്ന ഒരു വാർത്തയിൽ വായിച്ചറിഞ്ഞതിൻ പ്രകാരം ഒപ്പം പഠിക്കുന്ന ആൺകുട്ടികൾ സംഘം ചേർന്ന് അപമാനിക്കാൻ ശ്രമിച്ചതിനെ തുടർന്ന് അധ്യാപികയോട് പരാതി പറഞ്ഞ പെൺകുട്ടിക്ക് അടങ്ങി ഒതുങ്ങി നടക്കാഞ്ഞിട്ടാണെന്ന ശകാരമാണത്രേ അവിടെ നിന്നും ലഭിച്ചത്.കടുത്ത മാനസിക സംഘർഷത്തിലായ പെൺകുട്ടി ഒടുവിൽ ആത്മഹത്യക്കു ശ്രമിക്കുകയാണ് ഉണ്ടായത്.പലപ്പോഴും സ്ത്രീകൾ തന്നെയാണ് കടുത്ത സ്ത്രീവിരുദ്ധ നിലപാടുകളോടെ പെരുമാറുന്നത്. പീഡനത്തിനിരയായ സ്ത്രീ സ്വഭാവദൂഷ്യമുള്ളവളാണെന്ന് വരുത്തി തീർക്കാൻ അടുത്ത ബന്ധുവായ സ്ത്രീയെ കൊണ്ട് പത്രസമ്മേളനം നടത്തിയ വാർത്തയും നാം കണ്ടുവല്ലോ. നമ്മുടെ സമൂഹവും നിയമവും ഭാഷയും വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ത്രീ സൗഹൃദഅന്തരീക്ഷത്തിലേക്ക് മാറ്റുവാൻ സാധിക്കുന്ന ഇടത്തിലും കാലത്തിലും അല്ലാതെ പൂർണ്ണ അർത്ഥത്തിൽ നാം സ്വതന്ത്രരാവുകയില്ല തന്നെ!

**കാമ്പസുകൾക്കുള്ളിലെ മോറൽ പോലീസിംഗുകൾക്കും വിധേയരാവുന്നതു പലപ്പോഴും പെൺകുട്ടികൾ മാത്രമാണ്. കോഴിക്കോട് ജില്ലയിൽ നിന്ന് ഈയടുത്ത ദിവസം പുറത്തു വന്ന ഒരു വാർത്തയിൽ വായിച്ചറിഞ്ഞതിൻ പ്രകാരം ഒപ്പം പഠിക്കുന്ന ആൺകുട്ടികൾ സംഘം ചേർന്ന് അപമാനിക്കാൻ ശ്രമിച്ചതിനെ തുടർന്ന് അധ്യാപികയോട് പരാതി പറഞ്ഞ പെൺകുട്ടിക്ക് അടങ്ങി ഒതുങ്ങി നടക്കാഞ്ഞിട്ടാണെന്ന ശകാരമാണത്രേ അവിടെ നിന്നും ലഭിച്ചത്.കടുത്ത മാനസിക സംഘർഷത്തിലായ പെൺകുട്ടി ഒടുവിൽ ആത്മഹത്യക്കു ശ്രമിക്കുകയാണ് ഉണ്ടായത്.**





ഡോ.ജാൻസി ജോസ്

# വാസ്തവം

ആരാണ് ദരിദ്രർ എന്നതിനെക്കു
റിച്ച് ഒരു ധാരണയൊക്കെയുണ്ടായി
ഇപ്പോൾ. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള
വരെല്ലാം ബാങ്കിന്റെ മുൻപിൽ പഴയനോട്ടു
കൾ വാങ്ങുവാൻ ക്യൂ നിൽക്കുമ്പോൾ
അക്ഷരാർത്ഥത്തിൽ ദരിദ്രരായവർ
തങ്ങൾക്ക് പണിയും കൂലിയുമില്ലാത്തതിനെ
ക്കുറിച്ച് പറഞ്ഞ് നിസ്സഹായരായിരിക്കുന്നു
ണ്ട്. മോദി പരിഷ്ക്കാരം ആരെയാണ്
ഏറ്റവും അധികം ബാധിച്ചത് എന്ന് എല്ലാ
വർക്കുമറിയാം. രാഷ്ട്രീയപ്രതിരോധങ്ങൾ
വാക്കുകളിലല്ല, പ്രവൃത്തിയിലാണ് ഉണ്ടാവേ
ണ്ടത്. താടിയുള്ള അപ്പനെ പേടിയുണ്ട്
എന്ന മട്ടിൽ ആർക്കും പരിക്കുപറ്റാത്ത തര
ത്തിൽ വല്ലതും പറയാനും ചെയ്യാനും
മാത്രമേ നമ്മുടെ സർക്കാരിനു കഴിയുന്നു
ള്ളൂ. ഇവിടെ ഭരണസ്തംഭനം അനുഭവപ്പെ
ടാത്തത് തുരുതുരാവെടിയുയർത്തുമ്പോഴും
സഹകരണബാങ്കുകളെ രക്ഷിക്കാൻ പ്രയ
ത്നിക്കുന്നതുകൊണ്ടും മാത്രമാണ്.
രാജ്യത്ത് നടക്കുന്നത് ഏകാധിപത്യമാണ്
എന്നു തിരിച്ചറിഞ്ഞാൽ അതിനെതിരെ
പ്രതികരിക്കുകയും കൂടി ചെയ്യണം. ജനങ്ങ
ളുടെ ജീവിതം ദുസ്സഹമാകുന്ന തരത്തിൽ
ആരും ഭരണപക്ഷത്തിരിക്കരുത് എന്നാണ്
എന്റെ അഭിപ്രായം. വരാനുള്ള നന്മക്കു
വേണ്ടി ജീവിക്കുന്നത് മൗഢ്യമല്ലേ
എന്നൊരു സംശയവുമുണ്ട്.

ജനങ്ങൾ ആകെ അങ്കലാപ്പിലാണ്.
ജീവിതം എവിടേയ്ക്കോ ഒഴുകുന്നു. ഓരോ
രുത്തരും ജീവിക്കാൻ ചെലവാക്കേണ്ടതെത്ര
യെന്നു തമ്പുരാൻ പറയും. ഏതു കാലത്തി
ലേക്കാണ് നാം പോകുന്നത്? എന്തുടുക്ക
ണം, എന്തു ഭക്ഷിക്കണം, ആരെ പൂജി
ക്കണം, എങ്ങനെ ജീവിക്കണം എന്നുവരെ
തീരുമാനിക്കുന്നത് തമ്പുരാനാണ് തോന്നും.
ഉള്ളവനെയും ഇല്ലാത്തവനേയും വട്ടക്കുട്ട
യിൽ വെള്ളം കോരിച്ചില്ലേ പ്രഭു. എന്നാലും
എനിക്കു തോന്നുന്നു. ഉള്ളവനൊന്നും ഒരു
ചുക്കും സംഭവിച്ചിട്ടില്ലാന്ന്. മാളുകളിലും
ഫൈവ്സ്റ്റാറുകളിലുമൊക്കെ കയറിയിറങ്ങു
ന്നവർക്ക് എന്തോന്ന് ദാരിദ്ര്യം?

സംസ്ഥാനങ്ങൾക്ക് ഈ സാമ്പത്തിക
പരാക്രമങ്ങളെയൊക്കെ മറി കടക്കാൻ കഴിയ
ണം. പന്തംകണ്ട പെരുച്ചാഴിയേപ്പോലെയല്ലേ
കേരളസർക്കാർ. ജനങ്ങളുടെ ഇപ്പോഴത്തെ
അവസ്ഥ നേരിടാനുള്ള വജ്രായുധങ്ങ
ളൊന്നും മുഖ്യമന്ത്രിയുടെയും ധനമന്ത്രി
യുടെയും കയ്യിലില്ല. ബദൽസംവിധാനമൊരു
ക്കാനുള്ള തന്ത്രപ്രധാനമായ ബുദ്ധികേന്ദ്രങ്ങ
ളൊന്നും നമുക്കില്ല. എങ്കിലും ഇവിടെ പര
സ്പരം വെട്ടിയും കുത്തിയും ചാകുന്നതിനും
ഒളിച്ചുതാമസിക്കുന്ന മാവോവാദികളെ വെടി
വെച്ചു കൊല്ലുന്നതിനും കഴിയുന്നുണ്ട്. ഇതി
നിടയിലാണ് രോഗാതുരരായ കേരളനിയമസ
ഭാസാമാജികരെക്കുറിച്ചൊരു വിവരം കിട്ടിയ
ത്. വിവരാവകാശനിയമപ്രകാരം ആലപ്പുഴ
സ്വദേശി നേടിയ വിവരമനുസരിച്ച് കേരള
ത്തിൽ ഇവർക്ക് 4.61കോടി രൂപയാണ് ചികി
ത്സയ്ക്കായി ചെലവാക്കിയത്. ഇവരിൽ
ഏറെപ്പേരും 50 കോടിയിലധികം ആസ്തി
ഉള്ളവരാണ്. ഇത്രയും രോഗികളെ തെര
ഞ്ഞെടുത്ത് നിയമസഭയിലേക്കയക്കുന്ന
നമ്മുടെ കാര്യം കട്ടപ്പുക തന്നെ.



വായനാനുഭവം

# എഴുത്തമ്മമാർ :

**എ**ഴുത്തച്ഛൻ എന്നത് ആണധികാരവ്യവസ്ഥയുടെ പ്രേരണയാൽ നിർമിതമായ ആദിരൂപവും ആണധികാരവ്യവസ്ഥയുടെ മൂല്യബോധത്തെ സ്ഥാപിക്കുന്ന പിതൃരൂപവുമാണ്. എഴുത്ത് എന്ന അധ്വാനപ്രക്രിയ പുരുഷപ്രധാനമായ അധ്വാനപ്രക്രിയയാണ് എന്ന പരികൽപ്പനയെ സമൂഹമനസ്സിൽ അട്ടിയട്ടിയായി ഉറപ്പിച്ചുകൊണ്ടാണ് ഈ സംപ്രത്യയം രൂപപ്പെട്ടുവരുന്നത്. നിലവിലിരിക്കുന്ന അധികാരവ്യവസ്ഥകളാണ്ആദിരൂപനിർമിതിക്ക് നിദാനമാകുന്നതെന്നതിന്റെ ഏറ്റവും ശരിയും ലളിതവുമായ ഉദാഹരണമാണിത്. ഈയൊരു ആദിരൂപത്തിന്റെ അടിത്തറ മലയാള സാഹിത്യപരിസരത്തു നിന്നുകൊണ്ടു പരിശോധിക്കുകയും അതിന് ചരിത്രത്തിന്റെ കെട്ടുറപ്പില്ലെന്ന് വെളിപ്പെടുത്തുകയും ചെയ്യുന്ന ഗ്രന്ഥമാണ്, പി. ഗീതയുടെ എഴുത്തമ്മമാർ എന്ന സ്ത്രീവാദസാഹിത്യചരിത്രം.

അധ്വാനം ഏകപക്ഷീയമായ പ്രക്രിയയായിത്തീരുമ്പോഴാണ് അത് ഉൽപാദനരഹിതമാകുന്നത്. മലയാളസാഹിത്യം ആണധികാരവ്യവസ്ഥയുടെ അടയാളപ്പെടുത്തലുകൾ മാത്രം പതിഞ്ഞ വമ്പൻചുമരല്ല. അതിനെ മായ്ക്കുകയും അതിനോട് പ്രതിഷേധിക്കുകയും കലഹിക്കുകയും ചെയ്ത രേഖാചിത്രങ്ങളും അതിലുണ്ട്. അതുകൊണ്ടുതന്നെ എഴുത്തമ്മ എന്നത് എഴുത്തച്ഛന്റെ വിപരീതപദമാകുന്നില്ല. സാഹിത്യം എന്നത് ഒരു സംവാദസ്ഥലമാണ് എന്ന തിരിച്ചറിവിനെയാണ് ഈ ഗ്രന്ഥംമുന്നോട്ടുവെക്കുന്നത്. എഴുത്തിലെ സംവാദസാധ്യതകളെ മറച്ചുപിടിച്ചതാര് എന്ന ചോദ്യമാണ് ഈ ഗ്രന്ഥംഉയർത്തിപ്പിടിക്കുന്നത്. മലയാളസാഹിത്യം എഴുത്തച്ഛന്മാരുടെ മാത്രം ചരിത്രമായിത്തീർന്നത് ആരുടെ ഇച്ഛയാണ് എന്ന പ്രശ്നത്തിന്റെ നിർദ്ധാരണമാണ് ഈ കൃതി.

'ഇതൊരു ചരിത്രപുസ്തകമല്ല'എന്ന് കൃതിയുടെ ആമുഖത്തിൽ ഗീത സൂചിപ്പിക്കുന്നുണ്ടെങ്കിലും



ഷീബാദിവാകരൻ

# ആത്മത്തിന്റെ അടരുകൾ

**സാമൂഹിക ജീവിതത്തിലും സാംസ്കാരികജീവിതത്തിലും അരികുവത്കരിക്കപ്പെട്ട സ്ത്രീജീവിതങ്ങളെ വീണ്ടെടുക്കാനുള്ള പി. ഗീതയുടെ അധ്വാനമാണ് പെൺകാലങ്ങൾ, കളിയമ്മമാർ, എഴുത്തമ്മമാർ എന്നീ പുസ്തകങ്ങളിലൂടെസഫലമായത്. കേരള രാഷ്ട്രീയചരിത്രം മായ്ച്ചുകളയുകയോ നിശ്ശബ്ദമാക്കുകയോ ചെയ്ത രാഷ്ട്രീയ സ്ത്രീവ്യക്തിത്വങ്ങളെ "പെൺകാലങ്ങ'ളിലൂടെ പി.ഗീതവെളിച്ചത്തുകൊണ്ടുവരുന്നു. കഥകളിയിലെ സ്ത്രീസാന്നിധ്യത്തെയാണ് കളിയമ്മമാർ രേഖപ്പെടുത്തുന്നത്.**

'ഇതൊരു സാമ്പ്രദായികചരിത്രപുസ്തകമല്ല' എന്നേ ഇതിനർഥമുള്ളൂ. കാരണം ചരിത്രം തന്നെയാണ് ഇതിന്റെ രീതിശാസ്ത്രം. പക്ഷേ അത് ആളുന്നവരുടെയും കാണപ്പെടുന്നവരുടെയും ചരിത്രത്തെയല്ല, അസംഘടിതരുടെയും മാറ്റിനിർത്തപ്പെടുന്നവരുടെയും മറച്ചുവെക്കപ്പെടുന്നവരുടെയും ചരിത്രത്തെയാണ് അന്വേഷിക്കുന്നത്. അവരുടെ സഹനങ്ങളോടും കലാപങ്ങളോടും സാത്മീകരിച്ച് നടത്തുന്ന ആഖ്യാനമാണിത്. ഒരേ അനുഭവങ്ങൾ പങ്കുവച്ച ഒരു ജനതയുടെ ഭൂതകാലത്തെക്കുറിച്ച്, അവരുടെ പാരമ്പര്യത്തിന്റെ വേരുകളെക്കുറിച്ച് അതിന്റെ ദാർഢ്യത്തെക്കുറിച്ച്, ആ പാരമ്പര്യത്തിന്റെ വർത്തമാനതലമുറയിലൂടെ നടത്തുന്ന അന്വേഷണമാണിത്. ആ അർഥത്തിൽ ഇതൊരു ആത്മകഥയുമാണ്.

സാമൂഹിക ജീവിതത്തിലും സാംസ്കാരികജീവിതത്തിലും അരികുവത്കരിക്കപ്പെട്ട സ്ത്രീജീവിതങ്ങളെ വീണ്ടെടുക്കാനുള്ള പി. ഗീതയുടെ അധ്വാനമാണ് പെൺകാലങ്ങൾ, കളിയമ്മമാർ, എഴുത്തമ്മമാർ എന്നീ പുസ്തകങ്ങളിലൂടെസഫലമായത്. കേരള രാഷ്ട്രീയചരിത്രം മായ്ച്ചുകളയുകയോ നിശ്ശബ്ദമാക്കുകയോ ചെയ്ത രാഷ്ട്രീയ സ്ത്രീവ്യക്തിത്വങ്ങളെ 'പെൺകാലങ്ങ'ളിലൂടെ പി.ഗീതവെളിച്ചത്തുകൊണ്ടുവരുന്നു. കഥകളിയിലെ സ്ത്രീസാന്നിധ്യത്തെയാണ് കളിയമ്മമാർ രേഖപ്പെടുത്തുന്നത്. ആൺസൗന്ദര്യബോധങ്ങൾ നിർമിച്ച എഴുത്തുമൂല്യങ്ങളോട് പ്രതിഷേധിക്കുകയും സ്വന്തമായ 'എഴുത്തുമുറി'കൾ കണ്ടെത്തുകയും ചെയ്ത മലയാളഎഴുത്തുകാരികളെയാണ് എഴുത്തമ്മമാരിൽ അവതരിപ്പിക്കുന്നത്. മൂന്നുപുസ്തകങ്ങളുടെയും ഉള്ളടക്കം വ്യത്യസ്തമാണെങ്കിലും നിലപാട് പൊതുസ്വഭാവമുള്ളതുതന്നെയാണ്. പുരുഷാധികാരവ്യവസ്ഥയോട്കലഹിച്ച സ്ത്രീജീവിതങ്ങൾ അരികുവത്കരിക്കപ്പെട്ടതിനും മറച്ചുവെക്കപ്പെട്ടതിനും രാഷ്ട്രീയകാരണങ്ങളും അതിനൊരു രാഷ്ട്രീയചരിത്രവുമുണ്ട്

എന്നുസമർഥിക്കാനാണ് ഈ ഗ്രന്ഥങ്ങളിലൂടെ ഗീത ശ്രമിക്കുന്നത്. അതായത്, മലയാളത്തിൽ പ്രബലമായിക്കൊണ്ടിരിക്കുന്ന കൃത്യമായ ഒരുകേരളീയ പരിസരമുണ്ട് എന്ന് സ്ഥാപിച്ചെടുക്കുന്ന ചരിത്രഗ്രന്ഥങ്ങളാണിവ.

ഈ പ്രശ്നം പെൺകാലങ്ങൾ എന്ന പുസ്തകത്തിൽ പ്രത്യക്ഷമായിത്തന്നെ ഉന്നയിക്കപ്പെടുന്നുണ്ട്. മീനാക്ഷിതമ്പാനുമായുള്ള അഭിമുഖത്തിൽ ഫെമിനിസം പടിഞ്ഞാറനാണ് എന്ന് ആരോപണമുണ്ടല്ലോ എന്ന ചോദ്യത്തിന് അവരുടെ മറുപടി രണ്ടുചോദ്യവാക്കുകളാണ്: "മാർക്സിസം പടിഞ്ഞാറനല്ലേ? പണ്ട് ഇവിടെ സതിക്കെതിരായ പോരാട്ടങ്ങളൊക്കെ നടന്നിട്ടില്ലേ?"(പു. 394)

ആദ്യപക്ഷം ഫെമിനിസത്തെക്കുറിച്ചുള്ളസംവാദങ്ങളിലെ പൂർവപക്ഷമാണ്. രണ്ടാംവാക്യം സിദ്ധാന്തപക്ഷവും. കേരളീയ സാമൂഹികസാംസ്കാരികമണ്ഡലങ്ങളിലെ സ്ത്രീമുന്നേറ്റത്തിന് ഒരു ഇന്ത്യൻ ചരിത്രപരിസരമുണ്ട്, ഒരുകേരളീയ ചരിത്രപരിസരമുണ്ട് എന്ന സിദ്ധാന്തത്തിന്റെ നിർമിതിതന്നെയാണ്, ഈ ഗ്രന്ഥങ്ങളുടെ ലക്ഷ്യം. അതിന്റെ ഏറ്റവും ഫലപ്രദമായ പ്രായോഗികരൂപമാണ്, എഴുത്തമ്മമാർ.

**ആദ്യപക്ഷം ഫെമിനിസത്തെക്കുറിച്ചുള്ളസംവാദങ്ങളിലെ പൂർവപക്ഷമാണ്. രണ്ടാംവാക്യം സിദ്ധാന്തപക്ഷവും. കേരളീയ സാമൂഹികസാംസ്കാരികമണ്ഡലങ്ങളിലെ സ്ത്രീമുന്നേറ്റത്തിന് ഒരു ഇന്ത്യൻചരിത്രപരിസരമുണ്ട്, ഒരുകേരളീയ ചരിത്രപരിസരമുണ്ട് എന്ന സിദ്ധാന്തത്തിന്റെ നിർമിതിതന്നെയാണ്, ഈ ഗ്രന്ഥങ്ങളുടെ ലക്ഷ്യം. അതിന്റെ ഏറ്റവും ഫലപ്രദമായ പ്രായോഗികരൂപമാണ്, എഴുത്തമ്മമാർ.**

സ്വന്തംകുടുംബത്തിലെ ചില സ്ത്രീവ്യക്തിത്വങ്ങളെ പരിചയപ്പെടുത്തിക്കൊണ്ടാണ് കൃതി ആരംഭിക്കുന്നത്. കഥ പറയാനറിയുന്ന, വായിച്ച കഥയെക്കുറിച്ച് സ്വന്തമായി അഭിപ്രായപ്രകടനം നടത്തുന്ന, ഉടലധികാരത്തെക്കുറിച്ച് സ്പഷ്ടമായ ധാരണയുണ്ടായിരുന്ന മുത്തശ്ശിയെക്കുറിച്ചുള്ള ഓർമകളാണ് ആദ്യത്തേത്. പദ്യരൂപത്തിൽ കത്തെഴുതിയിരുന്ന വലിയമ്മ വിവാഹത്തോടെ (മരണത്തോടെയല്ല), പുസ്തകപ്പെട്ടി ഉപേക്ഷിക്കേണ്ടിവന്ന ചെറിയമ്മ, ഇവരെക്കുറിച്ചൊക്കെ ഓർമിച്ചുകൊണ്ട് വെർജീനിയാ വുൾഫിന്റെ സൈദ്ധാന്തികാന്വേഷണത്തെ (സ്ത്രീപ്രതിഭകൾക്ക് എന്തുകൊണ്ടാണ് പുരുഷപ്രതിഭയുടെആവിഷ്കാരസാധ്യതകൾ അനുവദിക്കപ്പെടാത്തത്?) കേരളീയപരിസരത്തിലേക്ക്തൊണ്ടുവരികയാണ്, ഗീത. വുൾഫ് ഈ കൃതിയുടെ പലയിടങ്ങളിലും ആവർത്തിക്കപ്പെടുന്നത്, വൂൾഫിന്റെ സൈദ്ധാന്തികനിലപാടുകളുടെ ഗുണപരമായസ്വാധീനം കേരളീയ സ്ത്രീമുന്നേറ്റങ്ങളിലുണ്ടായിട്ടുണ്ടോ എന്നന്വേഷിക്കാനല്ല, മറിച്ച് ആ കൃതിമുന്നോട്ടുവെക്കുന്ന നിലപാടുകൾ ആ കൃതിയുണ്ടാകുന്നതിന് വളരെ വർഷങ്ങൾക്കു മുമ്പേ കേരളീയസ്ത്രീസമൂഹത്തിൽ വേരോടിയിരുന്നു എന്നു സമർഥിക്കാനാണ്; വൂൾഫും തന്റെ മുത്തശ്ശിയും ചെറിയമ്മയുമടങ്ങുന്ന സ്ത്രീസമൂഹത്തിന്റെ സാഹോദര്യപദവിയെയും (sister-hoo-d) സമാനാനുഭവങ്ങളെയുംകണ്ടെത്താനാണ്. ഗീതഎഴുതുന്നു: "...അവരാരും (മുത്തശ്ശിയും ചെറിയമ്മയും വലിയമ്മയും) കേരളത്തിലെ നാട്ടുമ്പുറത്തുകാരികളല്ല, ലോകത്തിലേതന്നെ സ്ത്രീകളാണ്. ഇനിയഥവാ വൂൾഫും അവരും ഞാനും എന്നെപ്പോലെയുള്ള വരും ഒന്നുതന്നെ."(പുറം 16)

സ്ത്രീയെഴുത്തിലേക്ക് പ്രവേശിക്കുമ്പോൾ ഒരെഴുത്തുകാരി കരുതുന്ന, നിശ്ചയമായും കരുതേണ്ടുന്ന നിലപാടുവാക്യങ്ങളായി ഇത് മാറുന്നുണ്ട്. ഗീതയുടെ സ്ത്രീവാദസമീപനങ്ങൾ റാഡിക്കലായിത്തീരുന്നത് അവ എത്രത്തോളം ആത്മനിഷ്ഠമാണ് എന്നതുകൊണ്ടാണ്; അതിനു കൃത്യമായ ചരിത്രപരിസരവുമുണ്ട് എന്നതുകൊണ്ടാണ്.

ഇവിടെ നിന്നാണ് മലയാളത്തിലെ സ്ത്രീനാടകങ്ങളെയും സ്ത്രീകഥകളെയും സ്ത്രീഗദ്യത്തെയും ഗീത പരിശോധിച്ചു തുടങ്ങുന്നത്. മനോരമത്തമ്പുരാട്ടി, കുഞ്ഞുക്കുട്ടിത്തങ്കച്ചി, തുടങ്ങിയവരുടെ സാഹിത്യപരിശ്രമങ്ങളെ സാമാന്യമായി പരിചയപ്പെടുത്തിക്കൊണ്ട് അവർ തോട്ടയ്ക്കാട്ട് ഇക്കാവമ്മയുടെ സുഭദ്രാർജുനം നാടകത്തിലേക്കെത്തുന്നു. കൃതിക്കുള്ളിലെ സംപ്രത്യയങ്ങളെ (സൂത്രധാരൻ, നടി) അപഗ്രഥിച്ചുകൊണ്ട് നാടകത്തെ സ്ത്രീയെഴുത്തിനെക്കുറിക്കുന്ന എഴുത്തായി അവർകണ്ടെത്തുന്നു.

പെണ്ണുങ്ങൾ പരിഷ്കരിച്ച മലയാളഗദ്യത്തെക്കുറിച്ചുള്ള ലേഖനം കേരളീയ നവോത്ഥാനത്തെക്കുറിച്ചുള്ള പുനർവായനകൂടിയാണ്. സ്ത്രീപരിഷ്കരണകാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നവ ഇന്ത്യൻ സ്വാതന്ത്ര്യസമരം, ആധുനികവിദ്യാഭ്യാസം, ദേശീയനവോത്ഥാനം തുടങ്ങിയ പുരുഷന്റെ മേൽക്കൈയിൽ സംഭവിച്ചവയായിരുന്നുവെന്നും സ്ത്രീ സ്വയം നേടിയെടുത്ത ആന്തരികമായ ഇച്ഛാശക്തിയാണ് പെണ്ണിനെ ഗദ്യമെഴുത്തിലേക്ക് നയിച്ചതെന്നുംഗീത നിരീക്ഷിക്കുന്നു(പുറം 49). മലയാളഗദ്യത്തെ നവീകരിച്ച സ്ത്രീകൾ സവർണരുംസമ്പന്ന

രും മാത്രമായിത്തീർന്നതിലെ യുക്തിയുംഗീത പരിശോധിക്കുന്നുണ്ട്. ഇന്ത്യൻ നവോത്ഥാനവും കേരളീയനവോത്ഥാനവും സ്ത്രീകളെയെന്ന പോലെ ദളിതരെയും അഭിസംബോധന ചെയ്തില്ല എന്നു പറഞ്ഞുകൊണ്ട് സ്ത്രീ ദളിത് ഐക്യത്തിലേക്ക്, ഇരകളുടെ ഐക്യത്തിലേക്ക് ഗീത എത്തിച്ചേരുന്നു.

ഉണ്ണികൃഷ്ണൻ പുതൂരിന്റെ ആത്മകഥാഭാഗത്ത് രാജലക്ഷ്മിയെക്കുറിച്ചുള്ള ആഭാസകരമായ പ്രസ്താവനകളോട് ക്ഷോഭിക്കുമ്പോഴും മാധവിക്കുട്ടിക്കൃതികളെ അപഗ്രഥിക്കുമ്പോഴും ഗീത തന്റെ തീവ്രപെൺപക്ഷ നിലപാടുകളുടെ പാതകളിൽത്തന്നെ നിലയുറപ്പിക്കുന്നു. എഴുത്ത് അമ്മയാണ്, എഴുത്ത് സ്ത്രീയാണ് എന്ന സിദ്ധാന്തത്തെ ചരിത്രത്തിന്റെ കാണാപ്പുറങ്ങളെ കണ്ടെത്തിക്കൊണ്ട് അവർ ഉറപ്പിച്ചെടുക്കുന്നു.

മലയാളവിമർശനസാഹിത്യത്തിലെ സ്ത്രീസാന്നിധ്യത്തെയാണ് 'മലയാള സാഹിത്യ വിമർശനത്തിലെ പെൺതുറവികൾ' എന്ന ലേഖനത്തിൽ അന്വേഷിക്കുന്നത്. തെക്കേക്കുന്നത്ത് കല്യാണിക്കുട്ടിയമ്മ 1946ൽ പ്രസിദ്ധീകരിച്ച സാഹിത്യസൗന്ദര്യം എന്ന ലേഖനം എല്ലാ സ്ത്രീവാദവിമർശനരചനകളുടെയും ശരിയായ പൂർവമാതൃകയാണ്. സ്ത്രീക്ക് നൽകപ്പെട്ട അബല, പതിവ്രത എന്നീ സംജ്ഞകളെ നിഷേധിക്കുന്ന, കരുണയെ ഭാവിയിലെ സ്ത്രീകൾ ത്യജിക്കും എന്ന് ദീർഘദർശനം ചെയ്യുന്ന ആ ലേഖനത്തിന്റെ അപഗ്രഥനത്തിലൂടെ ഗീതസ്വപാരമ്പര്യത്തിന്റെ വേരുകളുടെ ദാർഢ്യം സാഭിമാനം സാക്ഷ്യപ്പെടുത്തുന്നു.

ഒരു പാഠപുസ്തകം എന്ന നിലയിൽഅവതരിപ്പിക്കപ്പെട്ട മലയാളസാഹിത്യ വിമർശന (സുകുമാർഅഴീക്കോട്) ഗ്രന്ഥത്തിൽ നിന്ന് എം. ലീലാവതി പുറത്താക്കപ്പെട്ടതെന്തുകൊണ്ട് എന്ന്, ഒരൊറ്റ പെൺപേരുപോലും ആ കൃതിയിൽ രേഖപ്പെടുത്താതെ പോയത് എന്തുകൊണ്ട് എന്ന്,  ഗീത ചോദിക്കുന്നു. "സാഹിത്യമെഴുതാൻ കെല്പുള്ള സ്ത്രീകളില്ലെന്ന് പുരുഷന്മാർ ആധികാരികമായി രേഖപ്പെടുത്തുകയും അത് വരും തലമുറകളെ പഠിപ്പിക്കുകയും ചെയ്തു. 'ഇല്ല' എന്നെഴുതുന്നതിനുപകരം 'ഉണ്ട്' എന്ന് എഴുതാതിരുന്നു എന്നതായിരുന്നു, ആ തിരസ്കാരത്തിന്റെ തന്ത്രം." (പുറം 209)ഗീത നിരീക്ഷിക്കുന്നു. പക്ഷേ സ്ത്രീ എഴുതിയതു കൊണ്ടുമാത്രം മലയാളകവിതാസാഹിത്യചരിത്രം (ഡോ. എം. ലീലാവതി) സ്ത്രീരചനയായിത്തീരുന്നു എന്ന അഭിപ്രായവും ഗ്രന്ഥകർത്താവിനില്ല. ലീലാവതിയുടെ "ആണിനും പെണ്ണിനും സാമാന്യമായ അനുഭൂതികളുടെ പ്രകൃതത്തിലാകട്ടെ, നിലവിലുള്ളമൊഴിക്ക് ആൺ/പെൺ എന്ന് വേർതിരിക്കുന്നത് സംവരണതത്വത്തിന് സമാനമാണ്" എന്ന അഭിപ്രായത്തെ (സ്ത്രീസ്വത്വാവിഷ്കാരം ആധുനികമലയാള സാഹിത്യത്തിൽ) ഗീത തീവ്രമായിവിമർശിക്കുന്നുണ്ട്. അത് ഭാഷയോടും സംവരണത്ത്വത്തോടും ഉള്ള പുറംതിരിഞ്ഞുനിൽപ്പാണെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു.


**"സാഹിത്യമെഴുതാൻ കെല്പുള്ള സ്ത്രീകളില്ലെന്ന് പുരുഷന്മാർ ആധികാരികമായി രേഖപ്പെടുത്തുകയും അത് വരും തലമുറകളെ പഠിപ്പിക്കുകയും ചെയ്തു. "ഇല്ല' എന്നെഴുതുന്നതിനുപകരം "ഉണ്ട്' എന്ന് എഴുതാതിരുന്നു എന്നതായിരുന്നു, ആ തിരസ്കാരത്തിന്റെ തന്ത്രം." (പുറം 209)ഗീത നിരീക്ഷിക്കുന്നു. പക്ഷേ സ്ത്രീ എഴുതിയതു കൊണ്ടുമാത്രം മലയാളകവിതാസാഹിത്യചരിത്രം (ഡോ. എം. ലീലാവതി) സ്ത്രീരചനയായിത്തീരുന്നു എന്ന അഭിപ്രായവും ഗ്രന്ഥകർത്താവിനില്ല.**

സാഹിത്യത്തിലും സമൂഹത്തിലും സ്ത്രീക്ക് സ്വന്തമായൊരിടമുണ്ട് എന്ന് സ്ഥാപിക്കുന്ന 'ട്രിലോജി'യായിരുന്നു, 'പെൺകാല'ങ്ങളും 'കളിയമ്മ'മാരും 'എഴുത്തമ്മ'മാരും. ആ ഇടം യാദൃച്ഛികമായി ലഭ്യമായതോ ആരുടെയെങ്കിലും ഔദാര്യമോ ആയിരുന്നില്ലെന്നാണ് ഗീത സമർഥിക്കുന്നത്. ആ സമരപാരമ്പര്യങ്ങളുടെ ആദിരൂപങ്ങളെ ആദരവോടെ കണ്ടെത്തുകയാണ് എഴുത്തമ്മമാരിൽ നിർവഹിക്കപ്പെടുന്നത്. അത് തന്റെ ആത്മത്തിന്റെ തന്നെ വീണ്ടെടുക്കലായാണ്, എഴുത്തുകാരി വിചാരിക്കുന്നത്. 1903ൽ ജെ.കുഞ്ഞുലക്ഷ്മി അമ്മയുടെ ലേഖനത്തെ വായിക്കുമ്പോൾ (കേരളീയസ്ത്രീകൾക്കൊരുപദേശം) ആ ആദരവ് പ്രകടമാകുന്നുണ്ട്. "വിദ്യാഭ്യാസംസിദ്ധിച്ചിട്ടുള്ള സ്ത്രീകൾ തങ്ങളുടെ ഉപയോഗത്തിനായി ഒരു പ്രത്യേകമുറിയെ ഏർപ്പെടുത്തുന്നത് എത്രയും നന്നായിരിക്കും. ആ മുറി ധാരാളം വായുസഞ്ചാരത്തിന് സൗകര്യമുള്ളതും ആയിരിക്കേണ്ടത് കൂടാതെ സദാശുചിയായി സൂക്ഷിക്കേണ്ടതുമാകുന്നു." എന്ന് ഒരു നൂറ്റാണ്ടുമുമ്പ് എഴുതിയിട്ട ഒരെഴുത്തുകാരിയോട് ആധുനികകാല മലയാളഎഴുത്തുകാരിക്ക് തോന്നുന്ന ആദരവ്, അതിഭാവുകത്വമില്ലാത്ത ആദരവാണ് എന്നത് വസ്തുതയാണ്. അത് സ്വന്തംആത്മത്തെ കണ്ടെത്തുന്ന, അതിന്റെ പാരമ്പര്യത്തെ തിരിച്ചറിയുന്നഓരോഎഴുത്തുകാരിയുടെയുംഅഭിമാനസന്ദർഭംകൂടിയാണ്.



എം.ഡി.രാധിക

# സ്ത്രീസൗഹൃദങ്ങൾ




പുരുഷകേന്ദ്രിതസമൂഹങ്ങളിൽ എന്നും സ്ത്രീപുരുഷബന്ധത്തിനാണ് പ്രാമുഖ്യം കല്പിക്കപ്പെട്ടിരുന്നത്. അതുകൊണ്ടുതന്നെ സ്ത്രീയും സ്ത്രീയുമായുള്ള സൗഹൃദത്തിന് ദൃശ്യത കൈവരുന്നത് 1970 കളിൽ സ്ത്രീവാദത്തിന്റെ രണ്ടാംവരവോടെ മാത്രമാണ്. മാനസികരോഗചികിത്സകരും ഫെമിനിസ്റ്റുകളുമാണ്. 'Between Women' (ഇരുസ്ത്രീകൾക്കിടയിൽ) എന്ന പുസ്തകമെഴുതിയ സൂസി ഓർബാക്കും (Susi Orbach) , ലൂയിസ് ഐക്കൻ ബോമും (Luise Eichenbanm). ഇരുവരും ദീർഘകാലമായി സുഹൃത്തുക്കൾ. തങ്ങളുടെ ആഴമേറിയ സൗഹൃദത്തിനാണ് അവർ ഈ കൃതി സമർപ്പിച്ചിരിക്കുന്നത്. ആ സുഹൃത്ബന്ധം നൽകിയ പാഠങ്ങൾ ഇതിന്റെ രചനയിൽ സഹായകമായെന്ന് അവർ ഏറ്റുപറയുന്നു. ഇരുവരും ചേർന്ന് 1976ൽ ലണ്ടനിൽ 'ദ വിമൻസ് തെറപ്പി സെന്റർ' സ്ഥാപിച്ച് ചുരുങ്ങിയ ചെലവിൽ സ്ത്രീകൾക്ക് ചികിത്സ നൽകുകയുണ്ടായി. ഈ സ്ഥാപനത്തിന്റെ വലുതായ വിജയത്തെത്തുടർന്ന് 1981ൽ ന്യൂയോർക്കിൽ, തെറപ്പിസ്റ്റുകളെ പരിശീലിപ്പിക്കാനുള്ള 'ദ വിമൻസ് തെറപ്പി സെന്റർ ഇൻസ്റ്റിറ്റ്യൂട്ടിന് രണ്ടുപേരും തുടക്കം കുറിച്ചു. ഈ പുസ്തകത്തിന്റെ ആദ്യപതിപ്പിന്റെ തലക്കെട്ട് 'Bitter-sweet' (കയ്പും മധുരവും) എന്നായി

രുന്നു.

ഏതൊരു പെൺകുട്ടിയും പുരുഷനിലേക്കെത്തുന്നതിനു മുമ്പ് പെൺസുഹൃത്തുക്കളുമായി ചേർന്നാണ് ലോകത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നത്. മാത്രവുമല്ല, ലൈംഗികബന്ധത്തിലില്ലാത്ത ഒരു സുരക്ഷിതത്വം സൗഹൃദത്തിലുണ്ട്. പിരിഞ്ഞു പോകൽ എന്ന ഭീഷണി അതിൽ താരതമ്യേന കുറവാണ്. എന്നാൽ പെൺകുട്ടി വിവാഹിതയാകുന്നതോടെ കുടുംബം, ജോലി എന്നിവക്കിടയിൽ ഞെരുങ്ങി കൂട്ടുകാരികളെ സ്നേഹിക്കാനാവശ്യമായ ഊർജ്ജം പലപ്പോഴും അവൾക്ക് നഷ്ടമാവുന്നു.

സ്ത്രീക്ക് സ്ത്രീയുമായുള്ള സൗഹൃദത്തിന്റെ വേരുകൾ അവൾ കുട്ടിയായിരുന്നപ്പോൾ അമ്മയുമായുണ്ടായിരുന്ന ബന്ധത്തിലാണെന്ന് ഈ പുസ്തകത്തിന്റെ രചയിതാക്കൾ കരുതുന്നു. നമ്മുടെയൊക്കെ ജീവിതത്തിലെ ആദ്യത്തെ പ്രധാനബന്ധമാണല്ലോ അത്. അമ്മമാരിൽ നിന്ന് ലഭിച്ചതും ലഭിക്കാത്തതുമായ സ്നേഹം നമ്മൾ കൂട്ടുകാരികളിൽ നിന്ന് പ്രതീക്ഷിക്കുന്നുണ്ട്. പുരുഷന് മാതൃസ്നേഹം പിന്നീട് ഭാര്യയിൽ നിന്ന് ലഭ്യമായേക്കാം. എന്നാൽ സ്ത്രീക്ക് ആ സൗകര്യമില്ല. അതിനാൽ തന്നെ മറ്റൊരു സ്ത്രീയുമായുള്ള സൗഹൃദം അവൾക്ക് ഉള്ളിലനുഭവപ്പെടുന്ന ഒരു വലുതായ ശൂന്യതക്കുള്ള ഉത്തരമാണ്.

പുരുഷൻ ആണത്തമുള്ളവനാവാൻ വേണ്ടി അമ്മ എന്ന സ്ത്രീയിൽ നിന്നും വ്യത്യസ്തനാവാൻ നേരത്തേ ശീലിക്കുന്നു. എന്നാൽ ഈ വ്യതിരിക്തത, അമ്മയെപോലെത്തന്നെ സ്ത്രീയാകയാൽ അവരോട് എന്നും ചേർന്നുനിൽക്കുന്ന മകൾക്ക് അത്രയെളുപ്പം നേടാവുന്ന ഒന്നല്ല. അതുകൊണ്ടു തന്നെ, ബന്ധങ്ങളിലൂടെ സ്വയം നിർവചിക്കാനാണ് സ്ത്രീ എപ്പോഴും ശ്രമിക്കുന്നത്. വ്യത്യസ്തയാവുന്നതിൽ ഒരു തരം കുറ്റബോധം തന്നെ അവൾ പലപ്പോഴും അനുഭവിക്കുന്നു. എന്നാൽ നമുക്കറിയാം, ആരോഗ്യകരമായ മനുഷ്യബന്ധങ്ങൾ സാദ്ധ്യമാവുക രണ്ട് പൂർണവ്യക്തികൾക്കിടയിൽ മാത്രമാണ്. വൈകാരികമായ കൊടുക്കലിന്റേയും വാങ്ങലിന്റെയും തികവ് അത്തരം ബന്ധങ്ങളിലാണ് സാക്ഷാത്കരിക്കപ്പെടുക. എപ്പോഴും അലിഞ്ഞു ചേർന്നിരിക്കൽ (merged attachment) പ്രശ്നങ്ങളിലേക്കു നയിക്കുന്നു; ബന്ധത്തിന്റെ തകർച്ചയിലേക്കും. സ്ത്രീസൗഹൃദങ്ങൾ നേരിടുന്ന ഒരു വലിയ വെല്ലുവിളി എങ്ങനെ സ്നേഹവും വ്യത്യസ്തതയും ഒരുമിച്ചുകൊണ്ടു പോവാം എന്നതാണ്. സ്ത്രീപുരുഷബന്ധത്തിൽ ഈ വിഭിന്നത സ്വാഭാവികമായുണ്ടാവുമ്പോൾ (ഒരാൾ ആണും മറ്റേയാൾ പെണ്ണുമാണല്ലോ), സ്ത്രീകൾക്കിടയിൽ അത് നേടിയെടുക്കേണ്ട ഒന്നായി ത്തീരുന്നു. എപ്പോഴും ഒരു പോലെ, എപ്പോഴും ഒന്നിച്ച് എന്ന് രീതി ബന്ധങ്ങളിൽ പലപ്പോഴും മധുരത്തേക്കാൾ കയ്പാണ് കലർത്തുന്നത്. കാരണം നാമോരോരുത്തരും അനന്യരാണ് (Unique). ആ തനിമയെ നിഷേധിക്കുന്ന ഒരു സൗഹൃദം ഏറെനാൾ നിലനിൽക്കില്ല.

**സ്ത്രീക്ക് സ്ത്രീയുമായുള്ള സൗഹൃദത്തിന്റെ വേരുകൾ അവൾ കുട്ടിയായിരുന്നപ്പോൾ അമ്മയുമായുണ്ടായിരുന്ന ബന്ധത്തിലാണെന്ന് ഈ പുസ്തകത്തിന്റെ രചയിതാക്കൾ കരുതുന്നു. നമ്മുടെയൊക്കെ ജീവിതത്തിലെ ആദ്യത്തെ പ്രധാനബന്ധമാണല്ലോ അത്. അമ്മമാരിൽ നിന്ന് ലഭിച്ചതും ലഭിക്കാത്തതുമായ സ്നേഹം നമ്മൾ കൂട്ടുകാരികളിൽ നിന്ന് പ്രതീക്ഷിക്കുന്നുണ്ട്. പുരുഷന് മാതൃക സ്നേഹം പിന്നീട് ഭാര്യയിൽ നിന്ന് ലഭ്യമായേക്കാം. എന്നാൽ സ്ത്രീക്ക് ആ സൗകര്യമില്ല.**

വിവാഹബന്ധത്തിൽ ഇഷ്ടം പോലെ അടിപിടി കൂടുന്ന നമ്മൾ സൗഹൃദത്തിൽ ഇരുണ്ടവികാരങ്ങൾ പ്രകടിപ്പിക്കുന്നതിൽ അധീരരാണ്. അസൂയ, ദ്വേഷ്യം, മത്സരബുദ്ധി ഇവയെല്ലാം തുറന്നു പ്രകടിപ്പിക്കാൻ നാം മടിക്കുന്നു. അതിനുള്ള ഭാഷയും നമുക്കില്ല. സ്വന്തം വികാരങ്ങളോടു നീതിപുലർത്താനനുവദിക്കാത്ത ഈ അതിരുകളില്ലായ്മ പെൺചങ്ങാത്തങ്ങൾ നേരിടുന്ന ഒരു വലിയ ഭീഷണിയാണ്. അധികമാരും കൈകാര്യം ചെയ്യാത്ത ഈ പ്രതിസന്ധിയെ വിശകലനവിധേയമാക്കുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ മേന്മ.

അസൂയയുടെ കാര്യമെടുക്കുക. രണ്ടു കൂട്ടുകാരികളിൽ ഒരാൾ വിജയിക്കുമ്പോൾ മറ്റേയാൾക്ക് ഏകാന്തത അനുഭവപ്പെടുന്നു. വിജയിക്കാവട്ടെ അതേപ്പറ്റി അനാവശ്യമായി കുറ്റബോധം തോന്നുന്നു. സ്വന്തം നേട്ടം കുറച്ചു കാണിച്ചു അതിനെ ഒളിപ്പിക്കാൻ അതുകൊണ്ടു തന്നെ അവൾ ശ്രമിക്കുന്നു. അസൂയ അതു തോന്നുന്നയാൾക്ക് വേദനാജനകമാണ്. സ്വയം മലിനീകരിക്കപ്പെടുന്നു എന്ന വിചാരം അതുണ്ടാക്കും. അസൂയക്കാരി സ്വയം കഠിനമായി വിമർശിക്കുന്നു. കാരണം തന്നെത്തന്നെ വെറുക്കുന്നതാണ് കൂടുതൽ എളുപ്പം. സുഹൃത്തിന്റെ ദുർബലനിമിഷങ്ങളിൽ അവൾക്കു താങ്ങായിരുന്നവൾക്ക്, അവളുടെ കരുത്തിന്റെ നിമിഷങ്ങളിൽ ഒപ്പം നിൽക്കാൻ കഴിയുന്നില്ല എന്ന ദയനീയാവസ്ഥ. അവൾക്കിനിയെന്ന ആവശ്യമില്ലെന്ന ചിന്ത. മറ്റേയാളാകട്ടെ, തന്റെ വിജയകഥകൾ പറഞ്ഞാൽ താൻ ആത്മപ്രശംസ നടത്തുകയാണെന്ന് തെറ്റിദ്ധരിക്ക

പ്പെട്ടേക്കാം എന്ന പേടിയിൽ അവ പങ്കിടാൻ മടിക്കുന്നു. ഉത്ക്കർഷേച്ഛ ഒരു കുറ്റമാണെന്ന സ്ത്രീയുടെ തെറ്റായ തീർപ്പുമുണ്ട് അതിനു പിന്നിൽ.

വാസ്തവത്തിൽ അസൂയക്കു പിന്നിൽ ഒരു ദുഷ്ടയല്ല ഉള്ളത്; സ്വന്തം ആഗ്രഹങ്ങളെ അത്രമേൽ പേടിക്കുന്ന ഒരുവളാണ്. കൂട്ടുകാരിക്ക് സ്വന്തം കാമനകളെ സ്വീകരിച്ച് മുന്നേറാൻ കഴിയുന്നതെങ്ങനെ എന്നവൾക്ക് മനസ്സിലാവുന്നില്ല. അംഗീകാരത്തിനും ആത്മവിശ്വാസത്തിനും സ്വതന്ത്രവ്യക്തിത്വത്തിനും ഒക്കെ വേണ്ടിയുള്ള സ്വന്തം മോഹങ്ങൾ പരിത്യജിച്ചവൾ തന്റെ സുഹൃത്തും അത്തരത്തിൽ പിൻവാങ്ങി നിൽക്കണമെന്ന് നിശ്ശബ്ദം ആവശ്യപ്പെടുന്നു. അവളുടെ ഉയർച്ചയിൽ അഭിമാനവും സന്തോഷവും അനുഭവിക്കാനാവാതെ വലയുന്നു. എന്നാൽ നിങ്ങളുടെ അസൂയ നിങ്ങളുടെ കാമനകളിലേക്കുള്ള ഒരു വഴികാട്ടിയത്രെ.

ശിശു അമ്മയുടെ പാൽ നിറഞ്ഞ മുലകളെ അസൂയയോടെ കാണുന്നു എന്ന് മാനസികാപഗ്രഥന വിദഗ്ദ്ധയായ മെലനീ ക്ലെയ്ൻ (Melanie Klein) ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഫ്രോയ്ഡ് പറഞ്ഞ കൊച്ചു പെൺകുട്ടിയുടെ പുരുഷലിംഗത്തോടുള്ള അസൂയ (penis envy) പോലെയുള്ള ഒരു സങ്കല്പനമാണിത്. എന്നാൽ തങ്ങൾ ഇവ രണ്ടിനേയും കാണുന്നത് വ്യതിരിക്തത (differentiation) ക്കു വേണ്ടിയുള്ള ശിശുവിന്റെ ആഗ്രഹമായാണ് എന്ന് ഓർബാക്കും ഐക്കൻബോമും പറയുന്നു. മാതാപിതാക്കളുടെ കഴിവുകൾ തങ്ങൾക്കും കൈവന്ന് സ്വന്തം കാലിൽ നിൽക്കാൻ കഴിയണമെന്ന ശിശുവിന്റെ ഉൽക്കടവാഞ്ഛ. എന്നാൽ ഈ മട്ടിൽ സ്വന്തം ആവശ്യങ്ങളേയും ആഗ്രഹങ്ങളേയും അംഗീകരിക്കാൻ സ്ത്രീകൾക്കുള്ള വൈഷമ്യത്തിൽ നിന്നാണ് അസൂയ ഉടലെടുക്കുന്നത്. അവൾക്ക് അതിനുള്ള അർഹതയും അവകാശവും പുരുഷാധിപത്യ സംസ്കാരം അനുവദിച്ചിട്ടില്ല. എന്നാൽ അസൂയയെപ്പറ്റി കൂട്ടുകാരിയോട് തുറന്നു സംസാരിക്കാൻ ധൈര്യം കാണിക്കുമ്പോൾ നിങ്ങൾക്ക് ഉള്ളിലെ ഇരുൾപ്പുകയകന്ന് രണ്ടുകാര്യങ്ങൾ ബോധ്യപ്പെടും; അതിൽ കൂട്ടുകാരിയോടുള്ള ആരാധനയുണ്ടെന്നും, നിങ്ങളുടെ ന്യായമായ ആഗ്രഹം അതിൽ ഉൾച്ചേർന്നിട്ടുണ്ടെന്നും.

**വാസ്തവത്തിൽ അസൂയക്കു പിന്നിൽ ഒരു ദുഷ്ടയല്ല ഉള്ളത്; സ്വന്തം ആഗ്രഹങ്ങളെ അത്രമേൽ പേടിക്കുന്ന ഒരുവളാണ്. കൂട്ടുകാരിക്ക് സ്വന്തം കാമനകളെ സ്വീകരിച്ച് മുന്നേറാൻ കഴിയുന്നതെങ്ങനെ എന്നവൾക്ക് മനസ്സിലാവുന്നില്ല. അംഗീകാരത്തിനും ആത്മവിശ്വാസത്തിനും സ്വതന്ത്രവ്യക്തിത്വത്തിനും ഒക്കെ വേണ്ടിയുള്ള സ്വന്തം മോഹങ്ങൾ പരിത്യജിച്ചവൾ തന്റെ സുഹൃത്തും അത്തരത്തിൽ പിൻവാങ്ങി നിൽക്കണമെന്ന് നിശ്ശബ്ദം ആവശ്യപ്പെടുന്നു. അവളുടെ ഉയർച്ചയിൽ അഭിമാനവും സന്തോഷവും അനുഭവിക്കാനാവാതെ വലയുന്നു. എന്നാൽ നിങ്ങളുടെ അസൂയ നിങ്ങളുടെ കാമനകളിലേക്കുള്ള ഒരു വഴികാട്ടിയത്രെ.**

ഇനി മത്സരബുദ്ധിയുടെ വിഷയമെടുക്കുക. ചരിത്രപരമായി പുരുഷന്റെ ശ്രദ്ധനേടാനായിരുന്നു സ്ത്രീകൾ മത്സരിച്ചിരുന്നത്. ഏറ്റവും നല്ല വസ്ത്രം, ഏറ്റവും പുതിയ കേശാലങ്കാരം, ഏറ്റവും മാധുര്യമുള്ള വ്യക്തിത്വം  എന്നിവയിലൂടെ അയാളെ സ്വന്തമാക്കാൻ. ഇക്കാര്യത്തിൽ മറ്റു സ്ത്രീകളെ അവർ എതിരാളികളായി കണ്ടു. സ്ത്രീകളുടെ ശ്രദ്ധനേടിയെടുക്കലും ഈ ശ്രമത്തിനു പിന്നിൽ ഉണ്ട്. അമ്മയുടെ പലവിധ തിരക്കുകൾക്കിടയിൽ അവരെ തന്നിലേക്കാകർഷിക്കാനുള്ള പെൺകുഞ്ഞിന്റെ ശ്രമത്തിന്റെ ഒരു തുടർച്ചയായി ഇതിനെ കാണാം. പഴയ കാലത്ത് ഒരു സ്ത്രീയുടെ ദൃശ്യത (visibility) അച്ഛനിലൂടെയോ ഭർത്താവിലൂടെയോ മാത്രമായിരുന്നതിനാൽ അയാളുടെ സ്നേഹത്തിനുവേണ്ടിയുള്ള ഇത്തരം മത്സരം പ്രധാനമായിരുന്നു. അതിന്റെ ഭാഗമായി വരുന്ന മറ്റു സ്ത്രീകളെക്കുറിച്ചുള്ള അവിശ്വാസം പക്ഷേ കൂട്ടുകാരിയെ കുറിച്ചുണ്ടായിരുന്നില്ല. അവൾ തന്റെ പുരുഷനെ തട്ടിയെടുക്കില്ല എന്ന വിശ്വാസമാണ് അതിനു പിന്നിൽ – ഈ എഴുതപ്പെടാത്ത ഉടമ്പടി ഇടക്കൊക്കെ ലംഘിക്കപ്പെട്ടിരുന്നുവെങ്കിലും.

സ്ത്രീകളുടെ വർത്തമാനശൈലിയിലും കാണാം ഈ മത്സരബുദ്ധിയുടെ സാന്നിദ്ധ്യം. ആർക്കാണ് സുഖം കൂടുതൽ എന്നതിൽ മാത്രമല്ല, ആർക്കാണ്  ദുഃഖം കൂടുതൽ എന്ന കാര്യത്തിലും അവർ മത്സരിച്ച് തെളിവുകൾ നിരത്തും. ദൃശ്യതയ്ക്കു വേണ്ടിയുള്ള വലുതായ കൊതിയാണ് ഈ മത്സരബുദ്ധിയുടെ പിന്നിൽ. ശരിയായ വെളിച്ചത്തിൽ കണ്ടാൽ, അത് നിങ്ങളുടെ ജീവിതോർജ്ജത്തിന്റെ ഒരു മാപിനിയാണ്. സാഫല്യത്തിനാൽ നിങ്ങൾ കിണഞ്ഞു ശ്രമിക്കുന്നതിന്റെ സൂചനയാണ്. മത്സരത്തെ ഇത്തരത്തിൽ പുനരധിവസിപ്പിക്കാനാണ്. മത്സരത്തെ ഇത്തരത്തിൽ പുനരധിവസിപ്പിക്കാനാകും. നിങ്ങളെത്തന്നെ മനസ്സിലാക്കാൻ നിങ്ങളുടെ മത്സരബുദ്ധിയെ ഉപയുക്തമാക്കാം. മറ്റൊരാളെ

തോല്പിക്കലോ ബാഹ്യലോകത്തിന്റെ അംഗീകാരം നേടിയെടുക്കലോ അല്ല അതിന്റെ ലക്ഷ്യം. മറ്റൊരാളുടെ വിജയസാദ്ധ്യതയെ സ്വന്തം സ്വപ്നസാക്ഷാത്ക്കാരത്തിനുള്ള ഇന്ധനമാക്കി പരിവർത്തിപ്പിക്കലാണ് അതിന്റെ ജന്മോദ്ദേശം. അന്യോന്യം തുറന്നു സംസാരിക്കലാണ് ഇവിടേയും കാമ്യം. അത് പരസ്പരം സഹായിക്കലിലേക്കും ആത്മവിശ്വാസം പകരലിലേക്കും നയിക്കും.

ദ്വേഷ്യമാണ് സ്ത്രീ നേരിടുന്ന മറ്റൊരു പ്രശ്നം. തന്നെ മറന്ന് മറ്റുള്ളവരെ സ്നേഹിക്കുന്ന അമ്മ രൂപത്തിന്റെ എതിർദിശയിലാണ് വഴക്കാളി (Shrew) യുടെ സ്ഥാനം.

ഇതുരണ്ടും സത്യത്തിൽ സ്ത്രീയുടെ caricatures (ഹാസ്യചിത്രങ്ങൾ) ആണ്. ലൈംഗികതയിലെന്ന പോലെ ദ്വേഷ്യത്തിന്റെ കാര്യത്തിലും സ്ത്രീയുടെ രണ്ട് അയഥാർത്ഥവൽക്കരണങ്ങൾ പുരുഷാധിത്യവ്യവസ്ഥ നടത്തിയിട്ടുള്ളതായിക്കാണാം : പുണ്യവതി/വേശ്യ, അമ്മ /വഴക്കാളി എന്നിങ്ങനെ. നല്ല സ്ത്രീക്ക് ദ്വേഷ്യം വരില്ല പോൽ. സ്ത്രീകൾ തമ്മിലുള്ള സൗഹൃദത്തിലും ഇതാണ് പ്രതീക്ഷിക്കപ്പെടുന്നത്. അമ്മയും മകളും തമ്മിലും സഹോദരിമാർ തമ്മിലും തല്ലുണ്ടാക്കാം. എന്നാൽ കൂട്ടുകാരികൾക്കിടയിൽ അതു പാടില്ല.

ഒരു രണ്ടുവയസ്സുകാരന്റെ കോപം അവന്റെ ഭയങ്കരത്വമല്ല കാണിക്കുന്നത്, മരിച്ച് സ്വന്തം വ്യത്യസ്ത സ്ഥാപിച്ചെടുക്കാനുള്ള അവന്റെ തീവ്രമായ ശ്രമത്തെയാണ്. സ്ത്രീയുടെ കോപത്തിന്റെ പിന്നിലെ ചേതോവികാരവും ഇതുതന്നെ. ദ്വേഷ്യപ്പെടുമ്പോൾ നിങ്ങൾ സ്വയം കേൾക്കുകയാണ്. സ്വയംപ്രകാശനത്തിലൂടെ ശക്തിയാർജ്ജിക്കുകയാണ്. സ്വത്വബോധത്തെ അരക്കിട്ടുറപ്പിക്കുകയാണ്. സാധാരണയായി സ്ത്രീകൾ ചൂടാവുന്നത് അനീതി കാണുമ്പോഴും, വേദനിപ്പിക്കപ്പെടുമ്പോഴും ചൂഷണം ചെയ്യപ്പെടുമ്പോഴും തെറ്റിദ്ധരിക്കപ്പെടുമ്പോഴുമാണ്. ദ്വേഷ്യ കാരണം സുഹൃത്തിനോട് തുറന്നു പറയുക. മറച്ചുവെച്ച് മറ്റു രീതിയിൽ പ്രതികരിക്കുന്നത് ഗുണം ചെയ്യില്ല. ഉദാഹരണത്തിന്, തഴയപ്പെടുന്നു എന്നു തോന്നുമ്പോൾ സ്വയംപ്രശംസ നടത്തുന്നത്.

ഈ പുസ്തകത്തിലുടനീളം സ്ത്രീസുഹൃത്തുക്കൾ അന്യോന്യം തുറന്നു സംവദിക്കേണ്ടതിന്റെ പ്രാധാന്യമാണ് എഴുത്തുകാരികൾ അടിവരയിട്ടു പറയുന്നത്. അങ്ങനെ ചെയ്തില്ലെങ്കിൽ, അടിച്ചമർത്തപ്പെട്ട വികാരങ്ങൾ ഭ്രമകല്പനകളിലേക്ക് (fantasies) നയിക്കും. പുറന്തള്ളൽ നടക്കാത്തിടത്ത് അത് നടന്നെന്നു തോന്നും. ദ്വേഷ്യമില്ലാത്തിടത്ത് അതുണ്ടെന്നു തോന്നും. ഇരുവർക്കുമിടയിലെ അകലം കൂടും. നാം നമ്മിൽ നിന്നു തന്നെ അകലും. സൗഹൃദം ചുരുങ്ങിച്ചുരുങ്ങി ഇല്ലാതാകും.

ഉള്ളു തുറന്ന് സംസാരിക്കാൻ രണ്ടുപേർക്കും ഉപകാരപ്രദമായ ഒരു ഭാഷ കണ്ടെത്തണം. കാരുണ്യവും ആത്മാഭിമാനവുമായിരിക്കണം ആ ഭാഷ

**ഒരു രണ്ടുവയസ്സുകാരന്റെ കോപം അവന്റെ ഭയങ്കരത്വമല്ല കാണിക്കുന്നത്, മരിച്ച് സ്വന്തം വ്യത്യസ്ത സ്ഥാപിച്ചെടുക്കാനുള്ള അവന്റെ തീവ്രമായ ശ്രമത്തെയാണ്. സ്ത്രീയുടെ കോപത്തിന്റെ പിന്നിലെ ചേതോവികാരവും ഇതുതന്നെ. ദ്വേഷ്യപ്പെടുമ്പോൾ നിങ്ങൾ സ്വയം കേൾക്കുകയാണ്.**

യുടെ കാതൽ. സുഹൃത്തിനെ മനസ്സിലാക്കണം. സ്വന്തംവികാരങ്ങളെ മാനിക്കുകയും വേണം. നിങ്ങളുടെ അനുഭവം സുഹൃത്തിനെ പറഞ്ഞറിയിക്കുക. അവളെ കുറ്റപ്പെടുത്താനോ വ്യാഖ്യാനിക്കാനോ മുതിരരുത്. നിങ്ങളുടെ അസൂയക്കും ദ്വേഷത്തിനും മറ്റേയാളെ കാരണക്കാരിയാക്കാതെ എനിക്ക് അസൂയ തോന്നി, എനിക്ക് ദ്വേഷ്യം തോന്നി എന്നു പറയാനാകണം. നിങ്ങളുടെ വീക്ഷണകോണിൽ നിന്നുമാത്രം സംസാരിക്കുക. അപ്പോൾ തനിക്കു പറയാനുള്ളതു പറയാൻ കൂട്ടുകാരിയും പ്രാപ്തയാവും. അവിടെ ബന്ധം അറ്റുപോവുകയല്ല, അതിന് ഇഴയടുപ്പം കൂടുകയാണ് ചെയ്യുക.

സ്ത്രീക്കു വേണ്ടത് തൃപ്തികരമായ ദാമ്പത്യവും അർത്ഥവത്തായ സ്ത്രീസൗഹൃദങ്ങളുമാണ്. (സ്ത്രീപുരുഷ സൗഹൃദങ്ങൾ ഈ പുസ്തകത്തിന്റെ പരിധിയിൽ വരുന്നില്ല). സ്ത്രീയുടേയും പുരുഷന്റേയും സ്നേഹം ഓരോ സ്ത്രീക്കും ഒന്നുപോലെ അവകാശപ്പെടുന്നതാണ് എന്ന തിരിച്ചറിവ് വായനക്കാർക്ക് പകർന്നു തരുന്നു 'Between Women'

Book : Between Womem

Authors : Susie Orbach and Luise Eichenbaum

Year : 1994 (First Published - 1987)

Publisher : Arrow Books, London

പുസ്തകത്തിൽ നിന്ന് :

Empathy (തന്മയീഭാവം) യും identification (താദാത്മ്യപ്പെടൽ) ഉം ഒരു പോലെ തോന്നാമെങ്കിലും ഒന്നല്ല... empathy എന്നാൽ മറ്റൊരാളെ ആ ആൾ തന്നെയായി കാണാൻ കഴിയലാണ്, നിങ്ങൾക്കിഷ്ടമുള്ള പോലെ അയാളെ കാണലല്ല. അതിനു സാധിക്കണമെങ്കിൽ നിങ്ങൾ നിങ്ങൾ തന്നെ ആയിരിക്കണം.' PP. 59-60.

സിനിമ



# പിങ്ക്

" she said NO , your  honour " പറഞ്ഞു പഴകി പോയ, ആവർത്തന വിരസത ഒരുപക്ഷെ നിങ്ങളെ മടുപ്പിച്ചേക്കാവുന്ന ഒരു വിഷയത്തെ പറ്റി ആണ് പിങ്ക് എന്ന സിനിമയും സംസാരിക്കുന്നത്. എത്ര പറഞ്ഞാലും ഒരു തരിമ്പു പോലും മാറാത്ത അവസ്ഥകളിലേക്കു കൂടിയാണ് സിനിമയുടെ യാത്ര എന്നത് കൊണ്ട് തന്നെ ആവർത്തനങ്ങൾ അനിവാര്യമാകുന്നു. പാർച്ഡ്  ഉണ്ടാക്കിയ ഓളങ്ങൾ അടങ്ങും മുൻപേ ജൻഡർ പൊളിറ്റിക്സ് ശക്തമായി കൈകാര്യം ചെയ്യുന്ന പിങ്കും ജനങ്ങളിലേക്ക് എത്തി. അന്തഹീൻ പോലെ അന്തർദേശിയ ശ്രദ്ധ നേടിയ സിനിമകളുടെ സംവിധായകൻ ആയ അനിരുദ്ധ റോയ് ചൗധരിയുടെ ഈ സിനിമ കോർട്ട് റൂം ഡ്രാമ ഗണത്തിൽ പെട്ട അപൂർവം ഇന്ത്യൻ സിനിമകളിൽ ഒന്ന് കൂടിയാണ്

ജൻഡർ സെൻസിറ്റീവ് ആവാൻ ടൈറ്റിൽ കാർഡ് മുതൽ ശ്രദ്ധിക്കുന്നുണ്ട് സിനിമ. മൂന്നു സ്ത്രീകഥാപാത്രങ്ങൾ മുന്നോട്ടു കൊണ്ട് പോകുന്ന സിനിമയിൽ പ്രധാന സഹനടൻ മാത്രമാണ് അമിതാബ് ബച്ചൻ. ആ ക്രമത്തിൽ തന്നെ പേരെഴുതി കാണിക്കുന്നത് ആദ്യ കേൾവിയിൽ വളരെ ചെറിയ കാര്യമായി തോന്നാം. പക്ഷെ ഇന്ത്യൻ സിനിമയിലെ താരാധിപത്യം, അമിതാബ് ബച്ചൻ തുടങ്ങി നിരവധി കാര്യങ്ങളെ കുറിച്ച ഒന്നുകൂടി മനസ്സിരുത്തി ചിന്തിക്കുക. വളരെ വലിയ അപൂർവതയാണിതെന്നു ബോധ്യപ്പെടും. മുൻനിര സിനിമകളിൽ നിറഞ്ഞു നിൽക്കുന്ന വലിയ സാന്നിധ്യങ്ങൾ പോലും അല്ല പ്രധാന നടിമാരിൽ ചിലർ എന്നതും ഓർക്കുക.

മിനൽ (തപ്സി), ഫലഖ് (കൃതി), ആൻഡ്രിയ (ആൻഡ്രിയ) എന്നീ മൂന്നു സ്ത്രീകൾ ആണ് പിങ്ക് സിനിമയെ നയിക്കുന്നത്. ദില്ലിയിലെ ഒരു ഫ്ളാറ്റിൽ താമസിക്കുന്ന ഇവർ വ്യത്യസ്ത മേഖലകളിൽ തൊഴിലെടുക്കുന്നവരാണ്. ഇവർ ഒരു ദിവസം രാത്രി ആൺസുഹൃത്തുക്കൾക്കൊപ്പം ഭക്ഷണം കഴിക്കാൻ പോകുന്നു. അവരൊന്നിച്ച് മദ്യപിക്കുകയും ചിരിച്ചുല്ലസിക്കുകയും ചെയുന്നു. പെട്ടെന്ന് ആൺസുഹൃത്തുക്കൾ ഇവരെ കൂടെ കിടക്കാൻ ക്ഷണിക്കുന്നു. ക്ഷണം നിരസിച്ച ഇവരെ തന്ത്രങ്ങൾ ഉപയോഗിച്ചും ബലം പ്രയോഗിച്ചും ലൈംഗികബന്ധത്തിന് നിർബന്ധിക്കുന്നു. പ്രതിരോധത്തിനിടയിൽ  മോനൽ കൂട്ടത്തിലൊരുവനെ ചില്ലു കുപ്പിയെടുത്തടിച്ചു ഓടി രക്ഷപ്പെടുന്നു. ആ പരിക്കുകൾക്കും ഇവരുടെ ഒഴിഞ്ഞു മാറലിനും എതിരെ പക പോക്കാൻ അവരെല്ലാം തീരുമാനിക്കുന്നു. സുഹൃത്തുക്കളുടെ, കുടുംബത്തിന്റെ, നിയമവ്യവസ്ഥയുടെ, സമൂഹത്തിന്റെ മുഴുവൻ പിന്തുണയോടെ അവർ തങ്ങളുടെ ലക്ഷ്യം നടപ്പാക്കുന്നു. ഇവരെയും കൂടെ നിൽക്കുന്നവരെയും ഭീഷണിപ്പെടുത്തൽ, അപവാദ പ്രചാരണങ്ങൾ, ജോലിക്കു ഭീഷണിയാകുക, തട്ടി കൊണ്ടുപോകുക, ലൈംഗികമായി ഉപദ്രവിക്കുക തുടങ്ങി നിരവധി മാർഗങ്ങൾ ആ കൂട്ടം പിന്തുടരന്നുണ്ട്. കേസ് കൊടുക്കാൻ ശ്രമിച്ചപ്പോൾ കൂടുതൽ ശക്തമായി കൂട്ടർ കേസ് കൊണ്ട് മിനലിനെ കോടതിയിൽ വരെ എത്തിക്കാനും മറ്റു രണ്ടു പേരെയും നാറ്റം തിരിയിക്കാനും ഇവർക്ക് കഴിയുന്നുണ്ട്, പല സംഭവങ്ങളിലും അറിയാതെ സാക്ഷി കൂടിയായ അഡ്വക്കറ്റ് ദീപക് (അമിതാബ് ബച്ചൻ) ഈ

സ്ത്രീകൾക്ക് വേണ്ടി കേസ് വാദിക്കാൻ എത്തുന്നു. ഇടക്കുണ്ടായ മാനസികാസ്വാസ്ഥ്യങ്ങളും ഭാര്യയുടെ അസുഖവും എല്ലാം അലട്ടുന്ന വിചിത്ര സ്വഭാവക്കാരനാണ് അയാൾ. പിന്നീട് കോടതി മുറി ഇവരെ എങ്ങനെയെല്ലാം നേരിടുന്നു എന്നതാണ് സിനിമ കാണിക്കുന്നത്. കോടതി വിചാരണയുടെ വിവിധ ഘട്ടങ്ങളിലൂടെയാണ് പിങ്ക് പിന്നീട് പ്രേക്ഷകരെ കൊണ്ട് പോകുന്നത്.

ലൈംഗികാതിക്രമം നമുക്കു കേട്ട് തഴമ്പിച്ച വളരെ സ്വാഭാവികമായ ഒരു വാക്കാണ്. നോട്ടം കൊണ്ടും വാക്കു കൊണ്ടും സൈബർ കടന്നു കയറ്റം കൊണ്ടുമെല്ലാം സംഭവിക്കാവുന്ന ഒന്ന്. അതിനെ കണ്ടില്ലെന്നു നടിക്കാനും സാമാന്യമായ ഒന്നായി തള്ളി കളയാനും നിശബ്ദമായി കടന്നു പോകാനും വ്യഗ്രതപ്പെടുന്ന നമ്മളെ, പൊതുബോധത്തിനു വിധേയരായി അതിനെ കാല്പനികവത്കരിക്കാൻ വരെ ശ്രമിക്കുന്ന നമ്മളെ ഒക്കെ പ്രശ്നവത്കരിക്കുകയാണ് പിങ്ക് ആത്യന്തികമായി ചെയ്യുന്നത്. അത്തരമൊരു ആൾകൂട്ടത്തിൽ  എന്ന് പറയുന്നവളെ നമുക്കെന്തും ചെയ്യാം. മുറുമുറുത്തു കണ്ട് നിൽക്കുന്ന കൂട്ടത്തോട് ചേർന്ന് നിന്ന് വ്യവസ്ഥക്ക് വളരെ പ്രിയപ്പെട്ടവരാകാൻ ശ്രമിക്കുന്ന നമ്മളോട് ഒന്നുകൂടി വ്യക്തമായ സ്വരത്തിൽ സിനിമ പറയുന്നു "she said NO your honour " എന്ന് വേണ്ട എന്ന വാക്കിനർത്ഥം വേണ്ട എന്ന് തന്നെയാണെന്ന്

ഇതിൽ അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾ നഗരത്തിരക്കിൽ ജീവിക്കുന്നവരാണ്, രാത്രി ഒറ്റക്കു നടക്കുന്നവരാണ്, മദ്യപിക്കുന്നവരാണ്, കുഞ്ഞുടുപ്പിടുന്നവരാണ്, സ്വതാത്പര്യങ്ങൾക്കനുസൃതമായി പ്രണയിച്ചവരും കാമിച്ചവരുമാണ്. അത് കൊണ്ട് തന്നെ "ചോദ്യം ചെയ്യാവുന്ന സ്വഭാവം ഉള്ളവർ" ആണെന്ന് കോടതിക്ക് പോലും തോന്നുന്നുണ്ട് ഇവരെ കാണുമ്പോൾ. ബലാൽഭോഗശ്രമം നടത്തിയവർ തന്നെ തമാശ പറയുന്ന രാത്രി തങ്ങൾക്കൊപ്പം യാത്ര ചെയ്ത ഇവർ കൂടെ കിടക്കാൻ കാത്ത് നിൽക്കുന്നവർ തന്നെയാണെന്ന് വാദിക്കുന്നു. ഇന്ത്യൻ പൊതുബോധവും കുലീനതാ സങ്കൽപ്പവും അധികം കേൾക്കാതെ പോയ നോ ആണ് ആണ് പൈങ്കിളി സ്ത്രീകളുടെ. എനിക്കപ്പോഴത് അവരിൽ നിന്ന് വേണ്ടായിരുന്നു അത് കൊണ്ട് ഞാൻ വേണ്ട എന്ന് പറഞ്ഞു എന്നിവർ ഉറക്കെ പറയുന്നത് കേട്ടാലും നമ്മൾ വില വച്ചിരിക്കാൻ സാധ്യത ഇല്ല, ഒറ്റപ്പെട്ട അതിക്രമങ്ങളിൽ ധാർമിക രോഷം കൊണ്ടവർ സെക്സ് റാക്കറ്റ് കേസുകളിൽ പെട്ട പെൺകുട്ടിയുടെ ചാരിത്രശുദ്ധിയെ പറ്റി ആശങ്കപ്പെടുന്ന, അവർക്ക് കിട്ടിയ ലൈംഗികസുഖങ്ങളുടെ കണക്കെടുന്ന ഒരു നാട്ടിൽ അതൊരു വിപ്ലവം തന്നെയാണ്. നോ പറഞ്ഞിട്ടും തുടർന്ന ഓരോ നോട്ടവും ഒരോ കയ്യേറ്റവും ആക്രമണങ്ങൾ തന്നെയാണ്, ഏകപക്ഷീയമായ ശാരീരികാക്രമണങ്ങൾ...

വഴിയിൽ കണ്ടു മുട്ടിയവളും കൂടെ വന്ന സുഹൃത്തും കാമുകിയും ഭാര്യയും ലൈംഗിക തൊഴിലാളിയും എല്ലാം ലൈംഗികമായ തിരഞ്ഞെടുപ്പിന് പൂർണമായ സ്വാതന്ത്ര്യം ഉള്ള വ്യക്തികളാണ്. റേപ്പ് സെക്സുംആയി യാതൊരു തരത്തിലും ബന്ധമില്ലാത്ത ഒന്നാണ് തുടങ്ങിയ നിരവധി കാര്യങ്ങൾ സിനിമ പറയുന്നു, ഇന്ത്യൻ മുഖ്യധാരയെ സംബന്ധിച്ച് അതൊരു ബാലപാഠമാണ്. കാൽമുട്ടിന്റെയും വിറച്ച ചുണ്ടിന്റെയും വിവിധ ശരീര ഭാഗങ്ങളുടെയും സൂം ചെയ്ത ദൃശ്യങ്ങൾക്കുള്ള സാധ്യത ആയി റേപ്പ് രംഗങ്ങളെ കണ്ട ഒരു സിനിമാ മേഖലയിലെ അപൂർവങ്ങളിൽ അപൂർവമായ കേൾവികൾ തന്നെയാണ് ഇവയൊക്കെ. ഒരു സംഭവത്തെ നേരിട്ട് കാണിക്കാതെ തന്നെ അതിന്റെ ഭീതിതമായ അനുഭവ തലങ്ങളെ കാണികൾക്കു തരുന്നതിൽ വിജയിച്ച സിനിമ കൂടിയാണ് പിങ്ക്. സിനിമ മുഴുവൻ തീർന്നു എൻഡ് ക്രെഡിറ്റിനൊപ്പം ആണ് വല്ലാതെ ഷേക്ക് ചെയ്യുന്ന അവ്യക്തമായ ബലാൽഭോഗശ്രമത്തെ പിങ്ക് ദൃശ്യമാക്കുന്നത്.





പക്ഷെ അവർ നേരിട്ട വേദനയെയും അപമാനത്തെയും ഒറ്റപ്പെടലിനെയും തീവ്രമായി തെളിച്ചു കാണിക്കാൻ പിങ്കിന്റെ ഓരോ ഷോട്ടിനും കഴിയുന്നുണ്ട്

വളരെ സൂക്ഷ്മമായി കുറെ കാഴ്ചകൾ കൂടി തരുന്നുണ്ട് സിനിമ. പോലീസ് വരുമ്പോൾ ചുറ്റും കൂടിയവരുടെ ദൂരെ മാറിനിൽക്കുന്നവരുടെ ഒക്കെ മുഖഭാവങ്ങൾ, വാക്കുകൾ കൊണ്ട് ബലാൽഭോഗം നടത്തുന്ന വക്കീലിന്റെ ജൂനിയർ ആയ പെൺകുട്ടിയുടെ വിധേയത്വം, എഫ് ഐ ആർ എഴുതുന്ന പോലീസ് ഉദ്യോഗസ്ഥയുടെ നിസ്സംഗമായ വിധേയത്വം, അശ്ലീല നോട്ടം, അനുകമ്പാഭിനയങ്ങൾ തുടങ്ങി നിരവധി കാഴ്ചകൾ ഓർത്തും മൂലയിലും പതുങ്ങി നിൽക്കുന്നുണ്ട്. ആ കാഴ്ചകൾ കൂടി തരുന്ന പൊള്ളൽ ആണ് പിങ്ക്..ക്രോസ് വിസ്താരം, കൂടി നിൽക്കുന്നവരുടെ പൊതുബോധം, കോടതിയുടെ തന്നെ ഇരയോടുള്ള മനോഭാവം തുടങ്ങി നിരവധി കാര്യങ്ങളെ പ്രധാന സംഭവങ്ങളോട് കണ്ണി ചേർത്തിരിക്കുന്നു. ശാരീരികാതിക്രമങ്ങളോളം തന്നെ ക്രൂരമാണ് അതിനു ശേഷമുള്ള ഇത്തരം ഭീകരതകൾ. നമ്മൾ തന്നെ എത്ര തവണ നിശബ്ദത കൊണ്ടെങ്കിലും പ്രതികളോട് ഐക്യപ്പെട്ടിരിക്കുന്നു എന്ന് കൂടി പിങ്ക് ഓർമപ്പെടുത്തുന്നു. നിങ്ങളുടെ മകളോട് പറഞ്ഞ അരുതുകളിൽ ഒന്നെങ്കിലും മകനോട് പറഞ്ഞിട്ടുണ്ടോ എന്ന ചോദ്യം അടക്കം പലതും സ്വയം പ്രശ്നവത്കരണത്തിന്റെ സാധ്യതകൾ തുറന്നു തരുന്നുണ്ട്.

ദുഃഖങ്ങളിലും ദുരന്തങ്ങളിലും താങ്ങാവുന്ന, എപ്പോഴും ചേർത്തു പിടിക്കുന്ന പൂർണമായും വ്യക്തി സ്വാതന്ത്രത്തെ അംഗീകരിക്കുന്ന പെൺസൗഹൃദങ്ങളെ കൂടി അടയാളപ്പെടുത്തുന്നുണ്ട് പിങ്ക്..പാർച്ചഡിൽ കണ്ടതിന്റെ തുടർച്ച പോലെ, അത്ര തന്നെ റിയലിസ്റ്റിക് ആയ കാഴ്ച്ച ആണിത്, നായകനെ രണ്ട് രീതിയിൽ രണ്ടു കാലത്തു പ്രണയിക്കാനും, കുലീനയല്ലാത്തവളെ അതിന്റെ മാതൃക കാട്ടികൊടുക്കാനും മാത്രമാണ് സാധാരണയായി ഇവിടത്തെ സിനിമകൾ ഒന്നിലധികം നായികമാരെ ഉപയോഗിക്കാറ്. ജീവിതവുമായി യാതൊരു ബന്ധവും ഇല്ലാത്ത അത്തരം പെണ്ണുങ്ങളിൽ നിന്ന് ചെറുതായെങ്കിലും ഇന്ത്യൻ സിനിമ മാറുന്നത് കാണുമ്പോൾ സന്തോഷം തോന്നുന്നു. ഇടക്കൊക്കെ രക്ഷക ഭാവം ഉണ്ടെങ്കിലും യഥാർത്ഥ കേസുകളിൽ അധികമൊന്നും കണ്ടിട്ടില്ലെങ്കിലും അമിതാബ് ബച്ചന്റെ ദീപക് സിനിമയേക്കാൾ വലിയ കാൻവാസിലേക്ക് പടർന്നു പന്തലിക്കുന്നില്ല എന്നതും ആശ്വാസമാണ്

നഗരത്തിലെ സമചതുര കെട്ടിടങ്ങൾ, നിയോൺ ബൾബ് വെട്ടത്തിൽ ഒറ്റയ്ക്ക് നടക്കുന്ന പെൺകുട്ടി, കുറ്റബോധ കരച്ചിലുകൾ ഇല്ലായ്മ, കൂട്ടത്തിൽ ഒരുവളെ മനഃപൂർവം നോർത്ത് ഈസ്റ്റ്കാരി ആക്കിയത് തുടങ്ങി ഓരോ ദൃശ്യവും ഓരോ സൂക്ഷ്മ നോട്ടങ്ങളും സിനിമ ഉദ്ദേശിക്കുന്ന എല്ലാ അസ്വസ്ഥതകളും നമ്മളിലേക്ക് എത്തിക്കുന്നു. ക്യാമറയും എഡിറ്റിംഗും പശ്ചാത്തല സംഗീതവും എല്ലാം സിനിമയുടെ മൂഡിലേക്കു വളരെ സ്വാഭാവികമായി ലയിച്ചിരുന്നു.

പെൺനിറമായി അടയാളപ്പെടുത്തപ്പെട്ട ഒന്നാണ് പിങ്ക്. പെണ്ണത്തമുള്ള ഒരുവൾ പിങ്കിനെ ഇഷ്ടപ്പെടണം എന്ന് പറയുന്നു. അടക്കവും ഒതുക്കവും കുതൂഹലതകളും നിറഞ്ഞ നിറമാണ് നമ്മുടെ ബോധത്തിന് അത്. പക്ഷെ ആ നിറത്തെ അല്ല സിനിമയുടെ പേര് പ്രതിനിധീകരിക്കുന്നത്. ഞാനിത്തിരി പിങ്ക് കിട്ടാൻ പോകുന്നു എന്നൊരു അശ്ലീല ചുവയുള്ള ആൺവാചകമുണ്ട്..ലൈംഗിക തൊഴിലാളിയിൽ നിന്ന് കിട്ടാൻ പോകുന്ന ലൈംഗിക തൃപ്തിയെ പറ്റിയുള്ള നിശ്വാസം ആണിത്. പിങ്ക് സിനിമയുടെ അണിയറ പ്രവർത്തകരും വ്യഖ്യാതാക്കളും ആ നിശ്വാസത്തെ ആണ് അടയാളപ്പെടുത്തുന്നത്. പെണ്ണിനെ എന്ന പോലെ പിങ്കിനെയും കപടമായാണ് കാല്പനികത എന്ന പേരിൽ നമ്മൾ നിർവചിച്ചത് എന്ന് കൂടിയാണ് സിനിമ ആശങ്കപ്പെടുന്നത്.. ആ ആശങ്കകളെ പറ്റി പറഞ്ഞു രണ്ടേ രണ്ടു വാചകങ്ങളിൽ തുടങ്ങി അവിടെ തന്നെ അവസാനിക്കുന്നു പിങ്ക്

"അവൾ പറഞ്ഞു വേണ്ട എന്ന്
വേണ്ട എന്ന വാക്കിനർത്ഥം വേണ്ട എന്നാണ്".

ശാസ്ത്രം



സീമ ശ്രീലയം

# വേണം പരിസ്ഥിതിസൗഹൃദ പ്ലാസ്റ്റിക്കുകൾ

സാധാരണ പ്ലാസ്റ്റിക് കാരിബാഗ് മുതൽ ബഹിരാകാശരംഗം വരെ നീളുന്നതാണ് പ്ലാസ്റ്റിക്കിന്റെ ഉപയോഗങ്ങൾ .പ്ലാസ്റ്റിക് ഇല്ലാത്തൊരു ലോകം നമുക്ക് ചിന്തിക്കാനേ കഴിയില്ല. . എന്നാൽ ജൈവവിഘടനത്തിനു വിധേയമാവാതെ നൂറ്റാണ്ടുകളോളം നാശമില്ലാതെ പരിസ്ഥിതിയിൽ നിലനിൽക്കും എന്നതാണ് പ്ലാസ്റ്റിക്ക് ഉയർത്തുന്ന ഭീഷണി.മണ്ണും ജലാശയങ്ങളുമൊക്കെ പ്ലാസ്റ്റിക്കിന്റെ കുപ്പത്തൊട്ടിയായി മാറിക്കഴിഞ്ഞു. ഇത് സർവ്വജീവജാലങ്ങൾക്കും ആവാസവ്യവസ്ഥയ്ക്കും വൻ ഭീഷണിയാണ്. ഇനി കത്തിച്ചു നശിപ്പിക്കാമെന്നു വച്ചാലോ ? അർബ്ബുദകാരിയായ ഡയോക്സിൻ പോലുള്ള വിഷവാതകങ്ങളാണ് പുറത്തുവരുന്നത്. എളുപ്പത്തിൽ ജൈവവിഘടന വിധേയമാവുന്ന, പരിസ്ഥിതി സൌഹൃദ പ്ലാസ്റ്റിക്കുകളാണ് ഇതിനൊരു ബദൽ .ഹരിതരസതന്ത്ര രംഗത്തെ പല മുന്നേറ്റങ്ങളും ജൈവപ്ലാസ്റ്റിക് നിർമ്മാണത്തിൽ വിജയം കണ്ടുകഴിഞ്ഞു..പഞ്ചസാര, എണ്ണകൾ ,കൊഴുപ്പ്, അന്നജം, മാംസ്യം, സെല്ലുലോസ് എന്നിവയിൽ നിന്നൊക്കെ ജൈവപ്ലാസ്റ്റിക് നിർമ്മിക്കാൻ കഴിയുമെന്ന് തെളിഞ്ഞു കഴിഞ്ഞു.

അമേരിക്കയിലെ മെറ്റബോളിക്സ് എന്ന സ്ഥാപനം പോളി ഹൈഡ്രോക്സി ആൽക്കനോയേറ്റ് എന്ന ജൈവ പ്ലാസ്റ്റിക് നിർമ്മാണത്തിൽ വിജയിച്ചുകഴിഞ്ഞു. ഗ്രീൻ കെമിസ്ട്രിയും ഇൻ ഡസ്ട്രിയൽ ബയോടെക്നോളജിയും കൈകോർത്തു കൊണ്ടുള്ള ഗവേഷണമായിരുന്നു ഇത്. ജനിതക മാറ്റം വരുത്തിയെടുത്ത എസ്കരീഷ്യ കോളി ബാക്റ്റീരിയകളെ ഉപയോഗിച്ച് സസ്യാവശിഷ്ടങ്ങളിൽ നിന്നാണ് ഹരിതപ്ലാസ്റ്റിക് നിർമ്മിച്ചത്. മറ്റൊരു നൂതന ചുവടുവയ്പും നടത്തിയിട്ടുണ്ട് മെറ്റബോളിക്സ്. പോളി ഹൈഡ്രോക്സി ആൽക്കനോയേറ്റ് നിർമ്മാണത്തിനടിസ്ഥാനമായ ജീനുകൾ സ്വിച്ച്ഗ്രാസ്സ് പോലുള്ള ചെടികളിലേക്ക് കടത്തി അവയെ ജൈവപ്ലാസ്റ്റിക് പ്ലാന്റുകളാക്കാനുള്ള ഗവേഷണവും വിജയിച്ചിട്ടുണ്ട്. തെർമോപ്ലാസ്റ്റിക് പോലെ ഇവയെ മോൾഡ് ചെയ്ത് കപ്പുകൾ ,പാത്രങ്ങൾ , പൊതിയൽ വസ്തുക്കൾ , ഫൈബറുകൾ ,ഫിലിമുകൾ എന്നിവയൊക്കെ നിർമ്മിക്കാം. ഇത് മണ്ണിലേക്ക് വലിച്ചെറിഞ്ഞാലും കുഴപ്പമില്ല. എളുപ്പത്തിൽ ജൈവ വിഘടനത്തിനു വിധേയമായിക്കൊള്ളും.

കാർബൺ ഡൈ ഓക്സൈഡിനെ പ്ലാസ്റ്റിക് ആക്കി മാറ്റാൻ കഴിഞ്ഞാൽ എങ്ങനെയിരിക്കും? ഒരു വെടിക്ക് രണ്ടു പക്ഷി എന്നു പറഞ്ഞതുപോലെയാവും കാര്യങ്ങൾ .അന്തരീക്ഷത്തിൽ നിന്ന് ഹരിതഗൃഹവാതകമായ കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്ത് നീക്കി ആഗോളതാപനത്തിന്റെ തീവ്രത ചെറിയ തോതിലെങ്കിലും കുറയ്ക്കാൻ കഴിയും. ഒപ്പം പരിസ്ഥിതി സൌഹൃദ പ്ലാസ്റ്റിക്കും ലഭിക്കും. പ്ലാസ്റ്റിക് നിർമ്മാണത്തിനു സാധാരണ ഉപയോഗിക്കുന്ന പെട്രോകെമിക്കലുകൾ ,ഹൈഡ്രോകാർബണുകൾ , വിഷലായനികൾ ,ഉപോല്പന്നങ്ങളായി ഉണ്ടാവുന്ന വിഷരാസവസ്തുക്കൾ എന്നിവ കൊണ്ടുള്ള മലിനീകരണപ്രശ്നങ്ങളോട് ബൈ പറയാം എന്നത് മറ്റൊരു നേട്ടം. കാനഡയിലെ മക്ഗ്രിൽ യൂണിവേഴ്സിറ്റി ഗവേഷകർ ഈ ഗവേഷണത്തിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്.

ഇംഗ്ലണ്ടിൽ ഗ്രീൻകെമിസ്ട്രി രംഗത്ത് മുന്നേറിക്കൊണ്ടിരിക്കുന്ന കണക്റ്റിക്കറ്റ് യൂണിവേഴ്സിറ്റി ഗവേഷകർ കാർഷികാവശിഷ്ടങ്ങളിൽ നിന്ന് ജൈവപ്ലാസ്റ്റിക് നിർമ്മിക്കുന്നതിൽ വിജയിച്ചു കഴിഞ്ഞു. അയണോമെറുകൾ ഉപയോഗപ്പെടുത്തി പരിസ്ഥിതിസൌഹൃദ പ്ലാസ്റ്റിക്കുകളുടെ പുതുനിര നിർമ്മിക്കാനുള്ള ശ്രമങ്ങളും പ്രതീക്ഷ നൽകുന്നവയാണ്. കത്തിച്ചാലും മണ്ണിലിട്ടാലും കുഴപ്പമില്ലാത്തതും കമ്പോസ്റ്റ് നിർമ്മിക്കാനും എന്തിന് ഊർജോല്പാദനത്തിൽ വരെ ഉപയോഗിക്കാൻ കഴിയുന്ന ജൈവപ്ലാസ്റ്റിക്കുകൾ അധികം വൈകാതെ രഗത്തെത്തും. ജൈവവസ്തുക്കളിൽ നിന്നും ഘടനാപരമായി നല്ല സ്ഥിരതയുള്ള പോളിമർ ഉണ്ടാക്കാനുള്ള ശ്രമങ്ങളും വിജയത്തിന്റെ വക്കിലാണ്. ഇത്തരം പോളിമറുകൾ കെട്ടിടനിർമ്മാണത്തിലും ,വാഹനഭാഗങ്ങൾ നിർമ്മിക്കാനും ഗൃഹോപകരണ നിർമ്മാണത്തിലുമൊക്കെ ഉപയോഗിക്കാൻ കഴിയും. ഇലക്ട്രോണിക് ഉപകരണങ്ങളിൽ ജൈവപ്ലാസ്റ്റിക് ഉപയോഗിച്ചാൽ ഇമാലിന്യങ്ങളിൽ നിന്ന് പരിസ്ഥിതിയിൽ കലരുന്ന പ്ലാസ്റ്റിക് കൊണ്ടുള്ള മലിനീകരണ പ്രശ്നത്തിനു പരിഹാരമാവും. മണ്ണിൽ ലയിക്കുന്ന റെസിനുകൾ ഉപയോഗിച്ച് കമ്പ്യൂട്ടറിന്റെയും ലാപ്ടോപ്പിന്റെയും ചട്ടക്കൂട് നിർമ്മിക്കാൻ കഴിയും. ഇത്തരമൊരു കമ്പ്യൂട്ടർ ഐ.ബി.എം പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുണ്ട്..

## കാർട്ടൂൺ





**പാവകളുടെ ഒത്തുചേരലാണോ?**
**: അല്ലമ്മേ, അവർ അവരുടെ അവകാശങ്ങൾ എടുത്തുകളയാൻ ശ്രമിക്കുന്ന ഭരണകൂടത്തിനെതിരെ സമരം ചെയ്യുകയാണ്.**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara




# ക്യാമ്പസ് പ്രസിദ്ധീകരണങ്ങൾ




# വിദ്യാർത്ഥിനികൾ





ശ്രുതി
എം.എസ്.സി.സുവോളജി,
മാനന്തവാടി കാമ്പസ്സ്, കണ്ണൂർ സർവ്വകലാശാല







# പകർത്തിയ വന്യജീവിക്കാഴ്ചകൾ







ഹരിത എസ്.
എം.എസ്.സി.വന്യജീവിപഠനം,
വെറ്റിനറി സർവ്വകലാശാല, പൂക്കോട്



